പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 60 ലക്കം 4 ജൂലൈ 2020

ജനകീയാസൂത്രണം പ്രതിസന്ധികളിൽ തിളങ്ങുന്ന കേരള മാതൃക

പിണറായി വിജയൻ

ഏകീകൃത പൊതു സർവീസ് യാഥാർത്ഥ്യമായി ഇനി തദ്ദേശ സ്വയംഭരണ വകുപ്പ്

എ.സി. മൊയ്തീൻ

കൊവിഡ് 19 പ്രതിരോധം മൂന്നാം ഘട്ടത്തിലേക്ക്

ഡോ. പി.കെ. ജയശ്രീ IAS

ജനകീയാസൂത്രണം: 25-ാം വർഷത്തിന് പന്ത്രണ്ടിന പരിപാടി

ഡോ. ജോയ് ഇളമൺ

തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഗവൺമെന്റുകളായി വളർന്നപ്പോൾ

ഡോ. കെ.എൻ. ഹരിലാൽ

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ജൂലൈ 2020

അകത്ത്

ജനകീയാസൂത്രണം :
പ്രതിസന്ധികളിൽ തിളങ്ങുന്ന
കേരള മാതൃക
പിണറായി വിജയൻ 5

ഏകീകൃത പൊതുസർവ്വീസ്
യാഥാർത്ഥ്യമായി -
ഇനി തദ്ദേശസ്വയംഭരണ വകുപ്പ്
എ.സി. മൊയ്തീൻ 9

തദ്ദേശഭരണ സ്ഥാപനങ്ങൾ
പ്രാദേശിക ഗവൺമെന്റുകളായി
വളർന്നപ്പോൾ
ഡോ. കെ.എൻ. ഹരിലാൽ 12

കൊവിഡ് 19 പ്രതിരോധം
മൂന്നാം ഘട്ടത്തിലേക്ക്
ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. 16

ജനകീയാസൂത്രണത്തിന്റെ
ഇരുപത്തിയഞ്ചാം വർഷത്തിന്
പന്ത്രണ്ടിന പരിപാടി
ഡോ. ജോയ് ഇളമൺ 19

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പും
വികേന്ദ്രീകൃത ജില്ലാഘടനയും
ഡോ. സി.പി. വിനോദ് 23

കൊവിഡിനൊപ്പം പ്രളയത്തെയും
മുന്നിൽ കാണണം
26

തദ്ദേശഭരണ സ്ഥാപനങ്ങൾ
ഐ എസ് ഒ നിലവാരത്തിലേക്ക് 28

പഞ്ചായത്ത് ഡയറക്ടറേറ്റിന്
ISO അംഗീകാരം 30

പ്രാദേശിക സർക്കാരും വികേന്ദ്രീകൃതാസൂത്രണവും
ഹൈനെൻ എം. മിന്നത്ത് 31

സുഭിക്ഷകേരളത്തിലേക്ക്
സിന്ധു വി.പി., വിഷ്ണു എസ്.പി. 35

മഴയുടെ നാട്ടറിവുകൾ
വി.കെ. ശ്രീധരൻ 38

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ	34
ഊരും പേരും -1	40
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ - 9	41
എന്ന് വായനക്കാർ	42

ജൂലൈ 2020
പുസ്തകം 60 ലക്കം 4
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

ഏകീകൃത പൊതു സർവീസിനെ സ്വാഗതം ചെയ്യാം

വ്യത്യസ്ത ഉദ്ദേശ്യങ്ങളായി നിലനിന്നിരുന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം, മുനിസിപ്പൽ കോമൺ സർവീസ് എന്നീ വകുപ്പുകൾ ഏകീകരിച്ച് തദ്ദേശസ്വയംഭരണ പൊതു സർവീസ് രൂപീകൃതമായിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനുമായി വിവിധ തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു പൊതു സർവീസ് രൂപികരിക്കുമെന്ന സർക്കാർ നയമാണ് ഇപ്പോൾ യാഥാർത്ഥ്യമായത്. ഈ ഏകോപനത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് എന്ന പേരിൽ 30,987 ജീവനക്കാർ ഉൾപ്പെട്ട ശക്തമായ ഒരു വകുപ്പ് രൂപീകൃതമായിരിക്കുന്നു. കണ്ടിജന്റ്, പാർട്ട് ടൈം ജീവനക്കാർ കൂടി ചേരുമ്പോൾ ഈ എണ്ണം 39,840 ലേക്ക് വർദ്ധിക്കും.

ഏകികൃത വകുപ്പ് സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള ചുമതല ലോക്കൽ ഗവൺമെന്റ് കമ്മീഷന് നല്കിയിരുന്നു. വിവിധ സർവീസ് സംഘടനകളുമായും ജനപ്രതിനിധികളുടെ അസോസിയേഷനുകളുമായും നടത്തിയ ചർച്ചകളുടെയും വിശദമായ പഠനത്തിന്റെയും അടിസ്ഥാനത്തിൽ കമ്മീഷൻ കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നു. ഈ കരട് ചട്ടങ്ങൾ വിവിധ സർവീസ് സംഘടനകളുമായി ഗവൺമെന്റ് ചർച്ച ചെയ്തു. തുടർന്ന് ജീവനക്കാർക്ക് ദോഷം വരാതെയും പ്രൊമോഷന്റേയും സ്ഥലം മാറ്റത്തിന്റെയും കാര്യത്തിൽ ജീവനക്കാർക്ക് പഴയ വകുപ്പുകളിൽ അർഹതപ്പെട്ട സീനിയോറിറ്റി നിലനിർത്തികൊണ്ടുമാണ് പൊതുസർവീസ് രൂപീകരിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

ഏകീകരിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ തലവൻ പ്രിൻസിപ്പൽ ഡയറക്ടർ ആണ്. പ്രിൻസിപ്പൽ ഡയറക്ടർക്ക് കീഴിൽ ഡയറക്ടർ എൽഎസ്ജിഡി (റൂറൽ), ഡയറക്ടർ എൽഎസ്ജിഡി (അർബൻ) എന്നീ തസ്തികകളും ചീഫ്എഞ്ചിനീയറുടെ ചുമതലയിൽ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിംഗ്, ചീഫ് ടൗൺപ്ലാനറുടെ ചുമതലയിൽ എൽഎസ്ജിഡി പ്ലാനിംഗ് എന്നീ വിഭാഗങ്ങളും ഉണ്ടാകും. പ്ലാനിംഗ് വിദഗ്ധരും എഞ്ചിനീയറിംഗ് വിഭാഗവും ഈ സംവിധാനത്തിന്റെ കീഴിലേക്ക് പൂർണ്ണമായും വരുന്നതോടെ ഗ്രാമപഞ്ചായത്തുതലം വരെയുള്ള ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും വിദഗ്ധസേവനവും സാങ്കേതികവൈദഗ്ധ്യവും ലഭ്യമാകും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും മികവ് കൈവരിക്കാൻ സഹായകമാകും. ഒരു ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഏകീകൃത വകുപ്പിന്റെ ജില്ലാ ഓഫീസ് സജ്ജമാക്കുന്നതോടെ ത്രിതല പഞ്ചായത്തുകളുടെയും നഗരപാലികാസ്ഥാപനങ്ങളുടെയും പദ്ധതി ആസൂത്രണവും നിർവഹണവും ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവസരം സൃഷ്ടിക്കും. സംയോജിതാടിസ്ഥാനത്തിൽ ബൃഹത് പദ്ധതികൾ നടപ്പാക്കുന്നതിനും സഹായകമാകും. ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വർഷത്തിൽതന്നെ തദ്ദേശഭരണസ്ഥാപനങ്ങൾക്കായി ശക്തമായ ഒരു ഏകീകൃത വകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനം തദ്ദേശഭരണ സംവിധാനത്തിൽ കേരളം ലോകത്തിന് നൽകുന്ന മറ്റൊരു മാതൃകയായിരിക്കും.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

"ചെന്നെത്തുന്നത് എവിടെയുമാകട്ടെ സത്യത്തെ തന്നെ പിന്തുടരുക ഭീരുത്വവും കാപട്യവും ദൂരെ കളയുക "

സ്വാമി വിവേകാനന്ദൻ

ജനകീയാസൂത്രണം പ്രതിസന്ധികളിൽ തിളങ്ങുന്ന കേരള മാതൃക

■ **പിണറായി വിജയൻ**
മുഖ്യമന്ത്രി

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തെ അതിന്റെ സുവർണ്ണ ഘട്ടമാക്കി മാറ്റാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ലോകം ശ്രദ്ധിച്ച കേരള വികസന മാതൃകയ്ക്ക് തിളക്കമേറ്റാൻ ഈ ഭരണ കാലയളവിൽ നമുക്ക് സാധിച്ചു. നിരവധി നാഴികക്കല്ലുകൾ പിന്നിട്ട ഈ മഹത്തായ പ്രസ്ഥാനം അവഗണിക്കപ്പെട്ടവരുടെയും ദുർബല വിഭാഗങ്ങളുടെയും ക്ഷേമവും സാധാരണക്കാരായ ജനങ്ങളുടെ അടിസ്ഥാന സേവനങ്ങളും ഉറപ്പ് വരുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

ലോകവും രാജ്യവും നൂറ്റാണ്ടിന്റെ മഹാമാരിക്കു മുന്നിൽ പകച്ചു നിൽക്കുന്ന വേളയിലാണ് കേരളത്തിലെ ജനകീയാസൂത്രണം അതിന്റെ ഇരുപത്തിയഞ്ചാമാണ്ടിലേക്ക് കടക്കുന്നത്. കൊറോണാ വൈറസ് രോഗവ്യാപനം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിൽ കേരളം പുലർത്തുന്ന മികവ് ദേശീയ തലത്തിലും രാജ്യാന്തര രംഗത്തും പ്രശംസിക്കപ്പെടുകയുണ്ടായി. ഐക്യരാഷ്ട്ര സംഘടന ആഗോള മഹാമാരിയായി പ്രഖ്യാപിച്ച കൊവിഡ് 19 രോഗം ലോകത്താകമാനം വ്യാപിക്കുകയാണ്. ലക്ഷക്കണക്കിന് ആളുകൾ രോഗം ബാധിച്ച മരിച്ചു. ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമല്ല. രോഗബാധിതരുടെ എണ്ണം പതിന്മടങ്ങ് വർദ്ധിക്കുന്നു. പതിനായിരങ്ങൾക്ക് ജീവൻ നഷ്ടപ്പെട്ടു. ഇന്ത്യയിൽ ആദ്യം കൊറോണ വൈറസ് രോഗം റിപ്പോർട്ടു ചെയ്തതും രോഗസാധ്യതയുള്ള ഏറ്റവും കൂടുതൽ പേരെ വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും സ്വീകരിച്ചതും കേരളമാണ്. എന്നിരുന്നാലും സർക്കാർ സംവിധാനങ്ങളുടെ ചിട്ടയായ പ്രവർത്തനവും പതിനായിരക്കണക്കിനു പേരുടെ വിശ്രമമില്ലാത്ത സന്നദ്ധ സേവനവും രോഗപ്രതിരോധ യത്നത്തിലെ ജനപങ്കാളിത്തവും കൊണ്ട് രോഗവ്യാപനം ഒരു പരിധി വരെ നിയന്ത്രിച്ചു നിർത്താൻ നമുക്കായി. സാമൂഹ്യവ്യാപനത്തിന്റെ സൂചനകൾ കണ്ടുതുടങ്ങിയ സാഹചര്യത്തിൽ ഇനിയുള്ള ദിവസങ്ങളിൽ കൂടുതൽ ജാഗ്രത

ആവശ്യമാണ്. സംസ്ഥാനത്തും രോഗവ്യാപനം കൂടിവരികയാണ്. ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങളും കാൽനൂറ്റാണ്ടു കൊണ്ട് നാം കെട്ടിപ്പടുത്ത അടിസ്ഥാനതല ജനകീയ പിന്തുണാ സംവിധാനങ്ങളും ഈ മഹാമാരിയുടെ അവസരത്തിൽ നമുക്ക് കരുത്താവുന്നത് ഓരോ കേരളീയന്റെയും നേരനുഭവമാണ്. കമ്മ്യൂണിറ്റി കിച്ചനുകൾ സജ്ജീകരിക്കുന്നതു മുതൽ ഏറ്റവും ഒടുവിൽ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഒരുക്കുന്നതു വരെ കൊവിഡ് പ്രതിരോധത്തി ന്റെയും രോഗനിവാരണ പ്രവർത്തന ത്തിന്റെയും ഓരോ രംഗത്തും തദ്ദേശഭരണ സ്ഥാപനങ്ങൾ പിറകോട്ട് നിന്നില്ല. വികസന വിദഗ്ധരും ലോക മാധ്യമങ്ങളും ഇത് സാക്ഷ്യപ്പെടുത്തുന്നു.

കാൽനൂറ്റാണ്ടിന്റെ കരുത്ത്

തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക് വികസനപദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും അധികാരം നൽകുന്ന 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളുടെ യഥാർത്ഥ സ്പിരിറ്റ് കേരളത്തിലെ ജനകീയാസൂത്രണത്തിലെന്ന പോലെ രാജ്യത്ത് മറ്റൊരിടത്തും കാണാനാവില്ല. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന ആഹ്വാനത്തോടെ, 1996 ൽ നടപ്പിലായ ജനകീയാസൂത്രണം അതിന്റെ തുടക്കത്തിൽത്തന്നെ ദേശീയതലത്തിലും ലോക വേദികളിലും പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെട്ടു. കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയും ആധുനിക കേരളത്തിന്റെ ശിൽപ്പിയുമായ ഇഎംഎസ് നമ്പൂതിരിപ്പാട് ജനകീയാസൂത്രണത്തിന്റെ സമീപനവും കാഴ്ചപ്പാടും രൂപപ്പെടുത്തുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ചു. സംസ്ഥാന പദ്ധതിയുടെ മൂന്നിൽ ഒരു ഭാഗമെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന നിർദ്ദേശം അന്നു കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവർക്കും സ്വീകാര്യമായി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വികസന വിദഗ്ധർ തെല്ലൊരത്ഭുതത്തോടെയാണ് ഈ നീക്കത്തെ കണ്ടത്.

സാമൂഹ്യക്ഷേമ രംഗങ്ങളിലെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് ഉൽപ്പാദന മേഖലയിലെ പിറകോട്ടടി മറികടന്ന് സാമ്പത്തിക വളർച്ച കൈവരിക്കുക എന്നതായിരുന്നു ജനകീയാസൂത്രണത്തിന്റെ പ്രോദ്ഘാടകർ മുന്നോട്ടുവച്ച ലക്ഷ്യങ്ങളിൽ ഒന്ന്. ജനങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തി തൊഴിലില്ലായ്മയ്ക്ക് പരിഹാരം തേടുക, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം ഇവയുടെ പ്രസക്തിയും ഗുണനിലവാരവും സംരക്ഷിക്കുക, വികസന പ്രക്രിയയിലെ സ്ത്രീപങ്കാളിത്തം ശക്തിപ്പെടുത്തുക, പട്ടിക ജാതി - പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങൾ നേരിടുന്ന അവഗണന ഇല്ലാതാക്കി അവരെ സാമൂഹ്യ വികസനത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക, മുൻഗണനാ വിഭാഗങ്ങൾക്ക് കുടിവെള്ളം, പാർപ്പിടം, ശുചിത്വം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുക എന്നിവയും പ്രധാന പരിഗണനാ മേഖലകളിൽ ഉൾപ്പെട്ടു. വികസനകാര്യങ്ങളിൽ താല്പര്യമുള്ള മുഴുവൻ ജനങ്ങളുടെയും പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കിയ സർവ്വതലസ്പർശിയായ ഒരു ജനകീയ കാമ്പെയിനിലൂടെയാണ് ജനകീയാസൂത്രണം യാഥാർത്ഥ്യമായത്. 1997-98 ലെ വാർഷിക പദ്ധതിക്ക് രൂപം നൽകാൻ ഒരു വർഷത്തിലേറെ നീണ്ട തയ്യാറെടുപ്പുകൾ വേണ്ടി വന്നു. ആസൂത്രണ ഗ്രാമസഭ, വികസന സെമിനാർ, കർമ്മ സമിതികൾ, പദ്ധതിരേഖ, ബ്ലോക്ക് - ജില്ലാ പദ്ധതികൾ, ജില്ലാ ആസൂത്രണസമിതി എന്നിവയടങ്ങുന്ന ആസൂത്രണ ചട്ടക്കൂട് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ രൂപവും ഘടനയും അഴിച്ചു പണിതു. രാജ്യത്താദ്യമായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകൾക്കു വേണ്ടി മാറ്റിവച്ച വനിതാ ഘടകപദ്ധതി, പ്രാദേശിക വികസന പ്രക്രിയയിൽ സ്ത്രീകളുടെ സമഗ്ര പങ്കാളിത്തം ഉറപ്പാക്കിയ കുടുംബശ്രീ, ഇഎംഎസ് ഭവനപദ്ധതിയടക്കമുള്ള ബൃഹത്തായ സാമൂഹ്യ വികസനപദ്ധതികൾ എന്നിങ്ങനെ നിരവധി നാഴികക്കല്ലുകൾ പിന്നിട്ട ജനകീയാസൂത്രണം, കാൽനൂറ്റാണ്ടിന്റെ അനുഭവങ്ങളുടെ നിറവിൽ, കേരളത്തിലെ ജനങ്ങളുടെ ജീവിതശൈലിയിൽ നിന്ന് വേർതിരിച്ചെടുക്കാൻ കഴിയാത്ത വിധം ഇഴ കൊരുക്കപ്പെട്ടിരിക്കുന്നു.

ജനകീയാസൂത്രണത്തിന്റെ സുവർണ്ണ ഘട്ടം

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തെ അതിന്റെ സുവർണ്ണ ഘട്ടമാക്കി മാറ്റാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ലോകം ശ്രദ്ധിച്ച കേരള വികസന മാതൃകയ്ക്ക് തിളക്കമേറ്റാൻ ഈ ഭരണ കാലയളവിൽ നമുക്ക് സാധിച്ചു. നിരവധി നാഴികക്കല്ലുകൾ പിന്നിട്ട ഈ മഹത്തായ പ്രസ്ഥാനം അവഗണിക്കപ്പെട്ടവരുടെയും ദുർബല വിഭാഗങ്ങളുടെയും ക്ഷേമവും സാധാരണക്കാരായ ജനങ്ങളുടെ അടിസ്ഥാന സേവനങ്ങളും ഉറപ്പു വരുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. അത് കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ പര്യാപ്തമാക്കി. അധികാര കേന്ദ്രങ്ങൾക്കു ചുറ്റും കറങ്ങുന്ന ഉപഗ്രഹങ്ങളായി ജനങ്ങളെ കണ്ടിരുന്ന കാലത്തിന് അത് വിരാമം കുറിച്ചു. സ്വന്തം സൂര്യനായി സ്വയം മാറാൻ അത് ജനങ്ങളെ ശീലിപ്പിച്ചു. വികസന പദ്ധതികൾ നിർദ്ദേശിക്കുന്നതിൽ ഒതുങ്ങാതെ ജനാധിപത്യപരമായ കൂട്ടായ പ്രവർത്തനത്തിന്റെ പരിശീലനക്കളരികൾ കൂടിയായി ഗ്രാമസഭകളും വാർഡുസഭകളും മാറി. പൊതുജീവിതത്തിൽ ഇടം നഷ്ടപ്പെട്ടവർക്ക് അത് ഇടം നൽകി. ശബ്ദം നഷ്ടപ്പെട്ടവർക്ക് ശബ്ദം നൽകി. സാമൂഹ്യനീതിക്കും പ്രാദേശിക സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള തീരുമാനങ്ങൾ താഴേത്തട്ടിൽ നിന്ന് ഉരുവായി. അതിന് സാമൂഹ്യ അംഗീകാരവും നിയമപരമായ സാധുതയും കൈവന്നു. മിന്നലിനു പിറകേ ഇടിമുഴക്കമെന്ന പോലെ, ജനകീയാസൂത്രണത്തിന്റെ പ്രാരംഭ വിജയത്തിനു പിന്നാലെ, പൊതുസമൂഹത്തിന്റെ ഉണർവ്വും ഐക്യവും ശക്തമായി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങളുടെ സ്വൈര്യ ജീവിതം കെടുത്തിയ വർഗ്ഗീയ അസ്വാരസ്യങ്ങളും സംഘർഷങ്ങളും രാഷ്ട്രീയത്തിന്റെ ക്രിമിനൽവല്ക്കരണവും കേരളത്തെ കാര്യമായി സ്പർശിക്കാതെ പോയത് ഈ ജനകീയ ഉണർവ്വിന്റെ കരുത്തിലാണ്. പ്ര

> തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക് വികസനപദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും അധികാരം നൽകുന്ന 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളുടെ യഥാർത്ഥ സ്പിരിറ്റ് കേരളത്തിലെ ജനകീയാസൂത്രണത്തിലെന്ന പോലെ രാജ്യത്ത് മറ്റൊരിടത്തും കാണാനാവില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി "നവകേരളത്തിനായി ജനകീയാസൂത്രണം" സംസ്ഥാനതല ഉദ്ഘാടനം തൃശ്ശൂരിൽ 2017 ജനുവരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു. (ഫയൽ ചിത്രം)

ളയകാലത്തെന്നപോലെ നൂറ്റാണ്ടിന്റെ മഹാമാരിയുടെ വേളയിലും ഈ അനുഭവം നമുക്ക് മുതൽക്കൂട്ടാവുകയാണ്.

ഉദ്യോഗസ്ഥരുടെയും ഭരണനേതൃത്വത്തിന്റെയും ദയാദാക്ഷിണ്യങ്ങൾക്കനുസരിച്ച് മുകളിൽ നിന്ന് പഴുത്തു വീഴുന്ന കനികളല്ല അവശവിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളെന്ന് എല്ലാ വിഭാഗം ജനങ്ങളും മനസ്സിലാക്കിയത് ജനകീയാസൂത്രണം വന്നതോടെയാണ്. ഭരണഘടനാപദവിയുള്ള ഗ്രാമ/വാർഡ് സഭയുടെ തീരുമാനങ്ങൾക്ക് ഭരണഘടനാ പരിരക്ഷയുണ്ട്. ജനങ്ങളുടെ ഇച്ഛയ്ക്കും അവരുടെ താല്പര്യങ്ങൾക്കും വിരുദ്ധമായ തീരുമാനങ്ങൾ അംഗീകരിക്കാൻ പ്രബുദ്ധമായ ഗ്രാമ/വാർഡ് സഭകളെ ആർക്കും നിർബ്ബന്ധിക്കാനാവില്ല. ജനങ്ങളുടെ അവബോധം കൂടുതൽ ശക്തമാവുന്ന മുറയ്ക്ക് ഗ്രാമസഭകളും വാർഡുസഭകളും ഇനിയും കാര്യക്ഷമത കൈവരിക്കുമെന്നതിൽ സംശയം വേണ്ട. സർക്കാർ സംവിധാനങ്ങളുടെ കുപ്രസിദ്ധമായ ജഡത്വം ഗ്രാമ/വാർഡു സഭാ പ്രവർത്തനങ്ങളിലേക്ക് കടന്നു വരാതെ കരുതണം എന്നു മാത്രം. പൗരന് തന്റെ ജന്മാവകാശം പ്രയോഗിക്കുന്ന ആത്മവിശ്വാസത്തോടെ വികസന പദ്ധതികളിൽ ഭാഗഭാക്കാവാൻ കഴിയണം. സംസ്ഥാനത്ത് കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ടുകളുടെ പശ്ചാത്തലത്തിൽ, അതിന് അവസരമൊരുക്കിയത് ജനകീയാസൂത്രണമാണ്.

കാര്യക്ഷമതയും സുതാര്യതയും

സാങ്കേതിക നൂലാമാലകൾ ഇല്ലാതാക്കിയും നടപടിക്രമങ്ങൾ ലളിതമാക്കിയും ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തിലും പദ്ധതി പ്രവർത്തനത്തിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയെന്ന കാഴ്ചപ്പാടോടെയാണ് ഈ സർക്കാർ തുടക്കം മുതൽ പ്രവർത്തിച്ചത്. അത് പദ്ധതി പ്രവർത്തനങ്ങളുടെ രൂപവും ഭാവവും മാറ്റി. പദ്ധതി രൂപീകരണവും അംഗീകരണവും സമയബന്ധിതമാക്കുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകി. പദ്ധതി രൂപീകരണം സെപ്തംബർ - ഒക്ടോബർ മാസങ്ങൾ വരെ നീണ്ടുപോയിരുന്ന സ്ഥാനത്ത് 2017-18 ലെ പദ്ധതി രൂപീകരണവും അംഗീകാരവും ജൂൺ പകുതിയോടെ പൂർത്തിയാക്കിയത് വലിയ നേട്ടമായി അന്നു കണക്കാക്കപ്പെട്ടു. എന്നാൽ അവിടെ നിന്ന് ഏറെ മുന്നോട്ടു പോയി, 2018 -19 ലെ വാർഷിക പദ്ധതി 2018 മാർച്ച് അവസാനത്തോടെ നിർവ്വഹണ സജ്ജമായി. ഭരണപരമായ പ്രശ്നങ്ങളുള്ള വിരലിൽ എണ്ണാവുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമാണ് പദ്ധതി രൂപീകരണത്തിൽ താമസം വരുത്തിയത്. സാമ്പത്തിക വർഷത്തിലെ ആദ്യ പ്രവൃത്തി ദിവസം തന്നെ നിർവ്വഹണവും ആരംഭിക്കാൻ കഴിഞ്ഞു. തുടർന്നുള്ള വർഷങ്ങളിലും സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ നേട്ടം ആവർത്തിച്ചു. പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കാനിരുന്ന പശ്ചാത്തലത്തിൽ 2019-20 ലെ പദ്ധതി രൂപീകരണം 2018 ഡിസംബറിൽ പൂർത്തിയാക്കി. ഏതാനും എണ്ണമൊഴികെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും ഡിസംബർ 31 ന് മുമ്പ് പദ്ധതികൾക്ക് അംഗീകാരം നേടി. ഇത് സാധ്യമാണെന്ന് 2017 ന് മുമ്പ് സങ്കല്പിച്ചിരുന്നില്ല എന്നതാണ് വാസ്തവം.

സാങ്കേതിക നൂലാമാലകൾ ഇല്ലാതാക്കിയും നടപടിക്രമങ്ങൾ ലളിതമാക്കിയും ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തിലും പദ്ധതി പ്രവർത്തനത്തിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയെന്ന കാഴ്ചപ്പാടോടെയാണ് ഈ സർക്കാർ തുടക്കം മുതൽ പ്രവർത്തിച്ചത്.

കൂടുതൽ സമയം ലഭിച്ചതോടെ പദ്ധതികളുടെ ഗുണനിലവാരത്തിലും നിർവ്വഹണ മികവിലും മാറ്റം പ്രകടമായി. 2014 -15 ൽ 68.21 ശതമാനവും 2015-16 ൽ 73.61 ശതമാനവും ആയിരുന്ന വാർഷിക പദ്ധതി ചെലവ് കുതിച്ചുയർന്ന് 2017-18 ൽ 85.44 ശതമാനമായി. ട്രഷറിയിലെ പെന്റിങ്ങ് ബില്ലുകൾ കൂടി ചേർത്താൽ ചെലവ് 90 ശതമാനത്തിനു മുകളിലെത്തി. സബ്സിഡി മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങളും ഭരണപരമായ മികച്ച മേൽനോട്ടവും ഇതിന് സഹായിച്ചു. മഹാപ്രളയം നേരിട്ട 2018- ലും കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങൾ മുതൽ കൊറോണ വൈറസ് വ്യാപന ഭീഷണിയുടെ സാഹചര്യത്തിലും പദ്ധതി പ്രവർത്തനങ്ങൾ താളം തെറ്റാതെ പോകുന്നത് ഈ മികവിന്റെ ബലത്തിലാണ്.

പ്രോജക്ടുകളുടെ വെറ്റിംഗിനും അംഗീകരണത്തിനുമുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തിയതടക്കം സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ഇതിനു സഹായിച്ചു. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമൊപ്പം വൈദഗ്ധ്യമുള്ള സന്നദ്ധ പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിച്ചു. ജില്ലാ പദ്ധതി എന്ന ആശയം രാജ്യത്താദ്യം നടപ്പിൽ വരുത്തിയതും കേരളമാണ്. നവകേരള വികസന ദൗത്യങ്ങൾ ജനപങ്കാളിത്തത്തോടെ വിജയിപ്പിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നായകത്വപരമായ പങ്കുവഹിച്ചു. രോഗികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ, അവഗണനയനുഭവിക്കുന്ന സാമൂഹ്യ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതുവരെയില്ലാത്ത പ്രാധാന്യവും ഊന്നലും നൽകി. ട്രാൻസ്ജെൻഡർ വിഭാഗത്തിന് സംസ്ഥാനം നൽകുന്ന പരിഗണന പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം സംസ്ഥാനതലം മുതൽ തദ്ദേശഭരണ സ്ഥാപനം വരെയുള്ള പദ്ധതി മേൽനോട്ടത്തിനും പദ്ധതി പ്രവർത്തനങ്ങൾക്കും കൂടുതൽ ഏകോപിത സ്വഭാവം നൽകും. പ്രാദേശിക സർക്കാരുകളുടെ വിഭവശേഷി മെച്ചപ്പെടുത്തുന്നതിലും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2016-17ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന ബജറ്റ് വിഹിതം 23 ശതമാനത്തിൽ താഴെയായിരുന്നത് പടിപടിയായി ഉയർത്തി 2020-21 ൽ 25 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മെയിന്റനൻസ്, ജനറൽ പർപ്പസ് ഗ്രാന്റുകൾ കൂടി കണക്കിലെടുത്താൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണയുടെ കാര്യത്തിൽ കേരളത്തിലെ സർക്കാർ മറ്റു സംസ്ഥാന സർക്കാരുകളെ അപേക്ഷിച്ച് ബഹുകാതം മുന്നിലാണെന്ന് നിസ്സംശയം പറയാനാവും.

> ഭക്ഷ്യസുരക്ഷ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതി ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിലെ പുതിയൊരു നാഴികക്കല്ലായിരിക്കും. ഇതിന്റെ ഭാഗമായി, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ ബന്ധനം എന്നീ മേഖലകളിൽ 3,860 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാവും.

ആളും അർത്ഥവും അധികാരവും

രാജ്യത്ത് സമാനതകളില്ലാത്ത അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃക കാൽ നൂറ്റാണ്ടിന്റെ നിറവിലേക്ക് ചുവടുവയ്ക്കുമ്പോൾ, സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ആളും അർത്ഥവും അധികാരവും കൊണ്ട് ശക്തമായിരിക്കുന്നു. ദുരന്തനിവാരണത്തിന്റെ ചുമതല കൂടി തദ്ദേശഭരണ സമിതികൾക്കു നൽകിയതോടെ പ്രാദേശികതലത്തിൽ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്ന ലോകത്തിലെ പ്രഥമ വികേന്ദ്രീകൃതഭരണ സംവിധാനമായി കേരളത്തിലെ പഞ്ചായത്ത്‌രാജ്, നഗരഭരണ സംവിധാനങ്ങൾ മാറുകയാണ്. ആഗോളതാപനം അടക്കമുള്ള വിവിധ കാരണങ്ങൾ കൊണ്ട് കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിൽ പ്രകൃതിയ്ക്കും പരിസ്ഥിതിക്കുമുണ്ടായ മാറ്റങ്ങൾ വിവരണാതീതമാണ്. കേരളം പോലെ ജനസാന്ദ്രത കൂടിയതും കൃഷിയും ജനജീവിതവും ഞാറ്റുവേലയുടെ അടിസ്ഥാനത്തിലുള്ള ജലപരിവൃത്തിയെ ഇത്രയധികം ആശ്രയിക്കുന്നതുമായ ഒരു ഭൂപ്രദേശം വറുതിയിലേക്കും ജലക്ഷാമത്തിലേക്കും പതിക്കാതിരുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് പ്രധാനമാണ്. ഈ ജനകീയ കടമയുടെ സ്വാഭാവിക വിപുലീകരണമാണ് ഇപ്പോൾ നടപ്പിലാവുന്ന പ്രാദേശിക ദുരന്ത നിവാരണ പദ്ധതികൾ.

സുഭിക്ഷ കേരളത്തിലേക്ക്

ഭക്ഷ്യസുരക്ഷ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതി ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിലെ പുതിയൊരു നാഴികക്കല്ലായിരിക്കും. ഇതിന്റെ ഭാഗമായി, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിൽ 3,860 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാവും. കൊവിഡ്-19 സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക മേഖലകളിൽ സൃഷ്ടിച്ച ആഘാതം മറികടക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയോടെയുള്ള ഈ ഇടപെടലുകൾ സഹായിക്കും. കൊറോണാ രോഗബാധയുടെ ആഘാതം സൃഷ്ടിച്ചേക്കാവുന്ന കാർഷിക മാന്ദ്യവും ഭക്ഷ്യ ദൗർലഭ്യവും അതിജീവിക്കാൻ ഈ കരുതൽ നമ്മെ സഹായിക്കും. തരിശുനിലങ്ങളിൽ പൂർണമായി കൃഷിയിറക്കുക, കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, യുവാക്കളെയും തിരിച്ചുവരുന്ന പ്രവാസികളെയും കൃഷിയിലേക്ക് ആകർഷിക്കുക, മൃഗപരിപാലന മേഖലയും മത്സ്യബന്ധന മേഖലയും അഭിവൃദ്ധിപ്പെടുത്തുക എന്നിങ്ങനെ ഈ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ സാധ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണം. അതിന് സഹായകമായ രീതിയിൽ സബ്സിഡി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി സർക്കാർ ഉത്തരവു നൽകിയിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ കാൽ നൂറ്റാണ്ടു കാലത്തെ നേട്ടങ്ങൾ നമുക്ക് പ്രിയപ്പെട്ടതാണ്. പ്രളയം മുതൽ കൊറോണാ വൈറസ് വരെ ഒന്നിനു പിറകെ മറ്റൊന്നായി വെല്ലുവിളികൾ നേരിട്ടാണ് നാം ഈ നേട്ടങ്ങൾ സംരക്ഷിച്ചു നിർത്തുന്നത്. പുതിയ നാഴികക്കല്ലുകൾ ലക്ഷ്യമാക്കി നമുക്ക് ഈ പ്രയാണം തുടരാം.

ഏകീകൃത പൊതുസർവ്വീസ് യാഥാർത്ഥ്യമായി

ഇനി തദ്ദേശസ്വയംഭരണ വകുപ്പ്

എ.സി. മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായാണ് വ്യത്യസ്തവകുപ്പുകളായി നിൽക്കുന്ന, എന്നാൽ ഒരേ സ്വഭാവമുള്ള അഞ്ചുവകുപ്പുകളെ ഏകോപിപ്പിക്കാൻ നടപടി സ്വീകരിച്ചത്. ആസൂത്രണത്തിനും പദ്ധതി നടത്തിപ്പിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായിരുന്ന ശക്തമായ ഒരു പിന്തുണാസംവിധാനം വകുപ്പുകളുടെ ഏകോപനത്തോടെ സാദ്ധ്യമാകുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം ലഭിച്ചത് ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെയാണ്. പ്രാദേശിക വികസനത്തിന്റെ ചാലകശക്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്ന കാഴ്ചപ്പാടാണ് പുരോഗമനസർക്കാരുകൾക്ക് എക്കാലത്തും ഉണ്ടായിരുന്നത്. ഭരണഘടനാ ഭേദഗതി പരമാവധി പ്രയോജനപ്പെടുത്താൻ ഈ സർക്കാർ തീരുമാനിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച രാഷ്ട്രീയാധികാരത്തോടൊപ്പം ഭരണാധികാരവും ആസൂത്രണാധികാരവും നിർവ്വഹണാധികാ

രവും സാമ്പത്തികാധികാരവും ജീവനക്കാരുടെ സേവനവും ലഭ്യമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ഇതിന്റെ ഫലമായി ഇന്ത്യയിൽ ഏറ്റവും കൂടുതൽ അധികാരങ്ങളുള്ള പ്രാദേശിക വികസനക്ഷേമഭരണ കേന്ദ്രങ്ങളായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറി.

ജനകീയാസൂത്രണം എന്ന മഹത്തായ ആശയം ജനകീയ പിന്തുണയോടെ വികസനരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രാപ്തി നൽകി. നൂതനങ്ങളായ നൂറുനൂറ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം, പാർപ്പിടം, കാർഷികോല്പാദനം, ക്ഷേമപദ്ധതികൾ എന്നിവയിലൂടെ സംസ്ഥാനത്തിന് വലിയ പുരോഗതി നേടാൻ കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തിയും പ്രസക്തിയും പ്രയോജനവും നാം തിരിച്ചറിഞ്ഞത് പ്രളയകാലത്താണ്. കൊവിഡ് 19 എന്ന മഹാമാരിയെ നേരിടുന്നതിൽ പഞ്ചായത്തുകളും നഗരസഭകളും നൽകുന്ന സേവനം നിസ്തുലമാണ്. കേരളത്തിന്റെ ഈ അനുഭവം മനസ്സിലാക്കിയാണ് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകണമെന്ന ആവശ്യം ഉയർന്നുവരുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായാണ് വ്യത്യസ്ത വകുപ്പുകളായി നിൽക്കുന്ന, എന്നാൽ ഒരേ സ്വഭാവമുള്ള അഞ്ചുവകുപ്പുകളെ ഏകോപിപ്പിക്കാൻ നടപടി സ്വീകരിച്ചത്. ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും നഗരകാര്യത്തിനും എഞ്ചിനീയറിംഗിനും നഗരഗ്രാമാസൂത്രണത്തിനും വ്യത്യസ്ത വകുപ്പുകൾ എന്നതാണ് നിലവിലെ അവസ്ഥ. കൂടാതെ ജില്ലാ പഞ്ചായത്തുകൾക്ക് ഗവൺമെന്റ് സെക്രട്ടറിയേറ്റും. വ്യത്യസ്ത വകുപ്പുകൾ വ്യത്യസ്ത തുരുത്തുകളായി നിലനിൽക്കുന്നത് ആസൂത്രണത്തിനും പദ്ധതി നടത്തിപ്പിനും പല തടസ്സങ്ങൾക്കും ഇടവരുത്തുന്നു. താഴെ തലംമുതൽ സെക്രട്ടറിയേറ്റ്‌വരെ ശക്തമായ ഒരു പിന്തുണാസംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായിരുന്നു. വകുപ്പുകളുടെ ഏകോപനം ഈ ലക്ഷ്യം നേടാൻ സഹായകമാകുന്നതാണ്.

വകുപ്പുകൾ വ്യത്യസ്ത തുരുത്തുകളായി നിലനിൽക്കുന്നത് ആസൂത്രണത്തിനും പദ്ധതി നടത്തിപ്പിനും പല തടസ്സങ്ങൾക്കും ഇടവരുത്തുന്നു. താഴെ തലം മുതൽ സെക്രട്ടറിയേറ്റ് വരെ ശക്തമായ ഒരു പിന്തുണ സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായിരുന്നു. വകുപ്പുകളുടെ ഏകോപനം ഈ ലക്ഷ്യം നേടാൻ സഹായകമാകുന്നതാണ്.

സെക്രട്ടറിയേറ്റിലെ ഗ്രാമവികസന വകുപ്പും തദ്ദേശഭരണവകുപ്പും സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണവകുപ്പ് രൂപീകരിച്ചത് ഇതിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ സമാന പ്രവൃത്തികൾ നടത്തുന്ന സെക്ഷനുകൾ പുനഃസംഘടിപ്പിക്കുകയും ചെയ്തു. സെക്രട്ടറിയേറ്റിൽ നടപ്പിലാക്കിയതു പോലെയുള്ള ഏകോപനം അഞ്ചുവകുപ്പുകളിലും നടപ്പിലാക്കാനുള്ള ഉദ്ദേശത്തോടെ 2011 ൽ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും അത് നടപ്പിലാക്കാനായില്ല. 2016 ൽ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം പ്രഖ്യാപിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ കരട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തി. വിവിധ സർവീസ്‌സംഘടനകളുമായും ജനപ്രതിനിധികളുടെ സംഘടനകളുമായും ചർച്ച നടത്തി വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു. ഏകീകൃത വകുപ്പ് രൂപീകരിക്കുന്നതിന്റെ മുന്നോടിയായി പ്രിൻസിപ്പൽ ഡയറക്ടറേയും നിയമിക്കുകയുണ്ടായി. കരട് ചട്ടങ്ങൾ വിവിധ സർവീസ് സംഘടനകളുമായി ഗവൺമെന്റ് ചർച്ച ചെയ്തു. ചർച്ചയിൽ നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ പരിശോധിക്കുന്നതിനും അന്തിമമാക്കുന്നതിനും പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാനും പ്രിൻസിപ്പൽ ഡയറക്ടറും അംഗങ്ങളുമായ ഒരു കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി ഗവൺമെന്റിന് നിർദ്ദേശങ്ങൾ കൈമാറുകയുണ്ടായി.

ഏകീകൃത വകുപ്പ് രൂപീകരിക്കുന്നതിന് മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിക്കൊണ്ട് കേരള മുനിസിപ്പാലിറ്റി (ഭേദഗതി) നിയമം പാസ്സാക്കുകയുണ്ടായി. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും തുടർന്ന് നിർദ്ദേശിക്കപ്പെട്ട ഭേദഗതികളും പരിശോധിച്ച് അഞ്ചുവകുപ്പുകളും ഏകോപിപ്പിച്ച് ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പ് രൂപീകരിക്കാനും വകുപ്പുതലവന്റെ പേര് പ്രിൻസിപ്പൽ ഡയറക്ടർ എന്നാക്കാനും മന്ത്രിസഭ തീരുമാനിക്കുകയുണ്ടായി. ജീവനക്കാർക്ക് ദോഷം വരാതെയും പ്രൊമോഷൻ സാധ്യത വർദ്ധിപ്പിച്ചുമാണ് ഏകീകൃത വകുപ്പ് രൂപീകരിക്കുന്നത്.

ഏകീകൃത വകുപ്പിന് റൂറൽ, അർബൻ, പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ നാലു വിംഗുകൾ ഉണ്ടായിരിക്കുന്നതാണ്. റൂറൽ, അർബൻ വിംഗുകളുടെ തലവന്മാർ ഐ.എ.എസ്. തസ്തികയിലുള്ളവരായിരിക്കുന്നതും പദവിയുടെ പേര് ഡയറക്ടർ എന്നായിരിക്കുകയും ചെയ്യും. പ്ലാനിംഗ് വിംഗിന്റെ തലവൻ ചീഫ് ടൗൺ പ്ലാനറും എഞ്ചിനിയറിംഗ് വിംഗിന്റെ തലവൻ ചീഫ് എഞ്ചിനീയറുമായിരിക്കും. എഞ്ചിനീയറിംഗ് വിംഗിന്റെ പേര് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് എഞ്ചിനീയറിംഗ് എന്നാക്കി മാറ്റുന്നതുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സഹായകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പബ്ലിക് ഹെൽത്ത് ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ, എംപവർമെന്റ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് എന്നീ ഉപവിഭാഗങ്ങളും രൂപീകരിക്കുന്നതാണ്.

ജീവനക്കാരുടെ പ്രൊമോഷന്റെയും സ്ഥലംമാറ്റത്തിന്റെയും കാര്യത്തിൽ ഏകീകരണ ഉത്തരവ് തീയതിയ്ക്കു മുമ്പ് സർവീസിൽ പ്രവേശിച്ച ഓരോ ജീവനക്കാരനും സർവീസിൽ നിന്ന് പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള സീനിയോറിറ്റിയും ലീനും നിലനിർത്തി പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രൊമോഷനും ലഭിയ്ക്കുന്ന തരത്തിലാണ് ഏകോപനം നടത്തുന്നത്. നിലവിലുള്ള മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ ജീവനക്കാർക്ക് സംരക്ഷണം നൽകി മുനിസിപ്പൽ സെക്രട്ടറി, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകൾ ഏകീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികകളും ഏകീകൃത വകുപ്പിനകത്തെ തസ്തികയായി നിശ്ചയിക്കുന്നതാണ്. ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവിയായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നീ തസ്തികകൾക്ക് സമാനമായ ഒരാളെ നിയമിക്കുന്നതാണ്.

നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ ഭാഗമാക്കുകയും കിലയുടേതല്ലാത്ത മുഴുവൻ തസ്തികകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക് വിട്ടുകൊടുക്കുകയും ചെയ്യുന്നതാണ്.

ഏകീകരണം സംബന്ധിക്കുന്ന വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഞ്ചു വകുപ്പുകൾ ഏകീകരിക്കുമ്പോൾ ജീവനക്കാർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ഒരു പരാതി പരിഹാര സെൽ രൂപീകരിക്കാനും അനുവാദം നൽകിയിട്ടുണ്ട്.

അഞ്ചു വകുപ്പുകൾ ഏകീകരിക്കുമ്പോൾ സാങ്കേതിക വകുപ്പുകൾ എന്ന നിലയിൽ നഗരഗ്രാമാസൂത്രണ വകുപ്പിലും എഞ്ചിനീയിറിംഗ് വകുപ്പിലും മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ല. എന്നാൽ ഇവയുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് മേൽനോട്ട ചുമതലയും നൽകിയിട്ടുണ്ട്.

അഞ്ചുവകുപ്പുകളുടെ സംസ്ഥാന ജില്ലാതല ഏകോപനം സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാക്കുന്നതിനും ജില്ലാ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും ഗവൺമെന്റും വകുപ്പും തമ്മിലുള്ള ആശയവിനിമയത്തിനും ഏകോപനം പ്രയോജനം ചെയ്യും. ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവിയായി ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഒരു ഉദ്യോഗസ്ഥൻ വരുന്നത് അടിയന്തിര ഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം ലഭിക്കുന്നതിന് സഹായകരമാകുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയ സംവിധാനം പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല.

അധികാരവികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം. ജനകീയാസൂത്രണം നടപ്പിലാക്കിയ രജതജൂബിലി വർഷത്തിൽ 30,000 ലധികം ജീവനക്കാർ ഉൾപ്പെടുന്ന അഞ്ചുവകുപ്പുകളെ ഏകോപിപ്പിക്കുന്നത് കേരള സിവിൽ സർവീസ് ചരിത്രത്തിൽ മുൻപ് ഉണ്ടായിട്ടില്ലാത്ത ഭരണപരിഷ്കാരമാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളെ കരുത്തുള്ള പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്ന ചരിത്രപരമായ ഈ തീരുമാനത്തെ ജനങ്ങളും ജീവനക്കാരും ഒരുപോലെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ☐

വീട്ടിലിരുന്ന് ഡോക്ടറെ കാണാം

കേരളം ഇന്ത്യയിൽ ഒന്നാമത്

ഇനി ഇംഹാൻസിന്റെ സേവനവും ലഭ്യമാണ്

വീട്ടിലിരുന്ന് ഡോക്ടറെ കാണാൻ കഴിയുന്ന സംസ്ഥാനത്തിന്റെ ടെലി മെഡിസിൻ സംവിധാനം രാജ്യത്ത് ഒന്നാമതായതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ അറിയിച്ചു. ആന്ധ്രാപ്രദേശിനെ പിന്തള്ളിയാണ് പ്രവർത്തനമാരംഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ഇ-സഞ്ജീവനിയിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയത്. കൊവിഡ് കാലത്ത് വലിയ സേവനമാണ് നൽകാൻ ശ്രമിക്കുന്നത്. കൂടുതൽ ആരോഗ്യ സ്ഥാപനങ്ങളേയും വിദഗ്ധ ഡോക്ടർമാരേയും ഉൾപ്പെടുത്തി വരികയാണ്. മാനസികാരോഗ്യ രംഗത്തെ കേരളത്തിലെ തന്നെ പ്രശസ്ത സ്ഥാപനങ്ങളിലൊന്നായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് അഥവാ ഇംഹാൻസുമായി സഹകരിച്ച് പരിശോധനയും ചികിത്സയും ആരംഭിച്ചിട്ടുണ്ട്. ഇംഹാൻസ് ഇ-സഞ്ജീവനിയുമായി ചേർന്ന് ഡോക്ടർമാർക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ഒപി സേവനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ദിവസവും രണ്ട് ഒപികളാണ് ഇ സഞ്ജീവനിയുമായി ചേർന്ന് സംഘടിപ്പിക്കുന്നത്. ഇംഹാൻസ് റെഗുലർ, സൈക്യാട്രി ഒപി സേവനങ്ങൾക്ക് പുറമേ കുട്ടികളുടെ മാനസികാരോഗ്യ ക്ലിനിക്കുകളും ഉണ്ടായിരിക്കുന്നതാണ്. കൊവിഡ് കാലത്ത് തുടർ ചികിത്സക്കായി ഇംഹാൻസ് ഒപിയിലേക്ക് വരുന്നത് ഒഴിവാക്കാൻ ഇതിലൂടെ സാധിക്കുന്നതാണ്. പുതുതായി രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവർക്ക് ചികിത്സാ നിർദ്ദേശങ്ങൾക്കായി ആശ്രയിക്കാവുന്ന മികച്ചൊരു ഓൺലൈൻ ഒപി പ്ലാറ്റ്ഫോമാണിത്. ഈ സേവനങ്ങൾ ഏവരും പ്രയോജനപ്പെടുത്തണമെന്നും മന്ത്രി വ്യക്തമാക്കി.

ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ കുട്ടികൾക്കുള്ള മാനസികാരോഗ്യ ക്ലിനിക്കും ബുധനാഴ്ച മുതിർന്നവർക്കുള്ള മാനസികാരോഗ്യ ക്ലിനിക്കും പ്രവർത്തിക്കും. പുതുതായി രജിസ്റ്റർ ചെയ്യുന്നതിനും ഇംഹാൻസിൽ ചികിത്സയിലുള്ളവർക്ക് തുടർ ചികിത്സയ്ക്കും ഉപയോഗിക്കാൻ സാധിക്കും. തികച്ചും സർക്കാർ സംരംഭമായ ഇ-സഞ്ജീവനിയിൽ നൽകുന്ന ഓരോ വിവരങ്ങളും സുരക്ഷിതമായിരിക്കും. മഹാമാരി കാലത്തെ പതിവ് ചികിത്സക്കായുള്ള ആശുപത്രി സന്ദർശനങ്ങൾ ഇതിലൂടെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല ആർസിസി, എംസിസി തുടങ്ങിയ സ്ഥാപനങ്ങൾ ഇ-സഞ്ജീവനിയുമായി കൈകോർത്ത് പരിശീലനം ആരംഭിച്ചിട്ടുണ്ട്. ജീവിത ശൈലീ രോഗങ്ങളാൽ ക്ലേശത അനുഭവിക്കുന്ന വ്യക്തികൾ അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കി പകരം ഇ-സഞ്ജീവനിയെ പതിവ് ചികിത്സകൾക്കായി ആശ്രയിക്കണം.

വീട്ടിലിരുന്ന് ഡോക്ടറെ കാണാൻ https://esanjeevaniopd.in/kerala എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. എന്തെങ്കിലും സംശയമോ ബുദ്ധിമുട്ടുകളോ ഉണ്ടെങ്കിൽ ദിശ 1056 നമ്പരിൽ ബന്ധപ്പെടണം.

തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഗവൺമെന്റുകളായി വളർന്നപ്പോൾ

■ **ഡോ. കെ.എൻ. ഹരിലാൽ**

പ്രാദേശിക സർക്കാരുകളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചതോടു കൂടി പ്രാദേശിക വികസനത്തിൽ അഭൂതപൂർവ്വമായ ഉണർവ്വും ഉത്സാഹവും പുരോഗതിയും ഉണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി വളരുന്ന പ്രവണത ശക്തമായി.

ജനകീയാസൂത്രണത്തെ നടപടിക്രമങ്ങളുടെ നൂലാമാലകളിൽ നിന്നും മോചിപ്പിച്ചു എന്നതാണ് പിണറായി സർക്കാരിന്റെ തദ്ദേശഭരണ രംഗത്തെ ഏറ്റവും വലിയ നേട്ടം. ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെയും സങ്കീർണ്ണമായ നടപടിക്രമങ്ങളുടെയും ഭാരം വളരെ വലുതായിരുന്നു. പ്രാദേശിക സർക്കാരുകളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചതോടു കൂടി പ്രാദേശിക വികസനത്തിൽ അഭൂതപൂർവ്വമായ ഉണർവ്വും ഉത്സാഹവും പുരോഗതിയും ഉണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി വളരുന്ന പ്രവണത ശക്തമായി.

സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ടു 2017 ജനുവരി 21-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗമാണ് യഥാർത്ഥത്തിൽ ഈ മാറ്റത്തിന്റെ തുടക്കം കുറിച്ചത്. ജനകീയാസൂത്രണ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചാണ് മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ എടുത്തു പറഞ്ഞത്. കേരളത്തിനു ജനകീയാസൂത്രണ രംഗത്ത് ഏതാണ്ട് രണ്ടര പതിറ്റാണ്ടുകാലത്തെ അനുഭവങ്ങളുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാനത്ത് ധാരാളം പഠനങ്ങളും ചർച്ചകളും നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിലാണ് ജനകീയാസൂത്രണരംഗത്ത് വരുത്തേണ്ട പ്രധാനപ്പെട്ട മാറ്റങ്ങൾ സംബന്ധിച്ച കാഴ്ചപ്പാട് മുഖ്യമന്ത്രി അവതരിപ്പിച്ചത്. ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം ജനകീയ അധികാരത്തിന്റെ ഇടങ്ങളെ ഉദ്യോഗസ്ഥ മേധാവിത്വത്തിൽ നിന്നും അതിന്റെ ഭാഗമായി നടപ്പിലാക്കപ്പെട്ട അനാവശ്യവും സങ്കീർണ്ണവുമായ നടപടിക്രമങ്ങളിൽ നിന്നും മോചിപ്പിക്കുക എന്നതായിരുന്നു.

പതിമൂന്നാം പദ്ധതിയുടെ ആരംഭം വരെ നാം നേരിട്ടിരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും പദ്ധതി രൂപീകരണത്തിൽ വരുന്ന വലിയ കാലതാമസവും തന്മൂലം നിർവഹണത്തിൽ ഉണ്ടാ

കുന്ന ബുദ്ധിമുട്ടുകളുമായിരുന്നു. ധനകാര്യവർഷം ആരംഭിച്ചാൽ 7-8 മാസംവരെയോ അതിൽ കൂടുതലോ പദ്ധതിരൂപീകരണ പ്രക്രിയ നീളുന്നതായിരുന്നു നമ്മുടെ അനുഭവം. മൂന്നു നാലുമാസംകൊണ്ട് പലപ്പോഴും മാർച്ചിലെ അവസാന ആഴ്ചകളിൽ ഓടിച്ചിട്ടു നിർവ്വഹണം നടത്തുകയായിരുന്നു പതിവ്. ഈ രീതിയിലെ പോരായ്മ തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പും ഉൾക്കൊണ്ട് വിപുലമായ മാററത്തിന് തുടക്കം കുറിച്ചു. ഇതിന്റെ ഫലമായി രണ്ടു പതിറ്റാണ്ടുകൊണ്ട് നേടാൻ കഴിയാത്ത പല ലക്ഷ്യങ്ങളും നമുക്ക് കഴിഞ്ഞ നാലു വർഷം കൊണ്ട് നേടാൻ കഴിഞ്ഞു.

മുൻകാലങ്ങളിൽ പദ്ധതി ആസൂത്രണ പ്രക്രിയ എല്ലാ വർഷവും സെപ്റ്റംബർ ഒക്ടോബർ വരെ നീണ്ടു പോയിരുന്നു. ഈ രീതി മാറ്റി വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവഹണത്തിനുള്ള സാഹചര്യം ഒരുക്കാനുള്ള ശ്രമം 2017 ആദ്യം തന്നെ ആരംഭിച്ചു. ഇതിന്റെ ഫലമായി 2017 ജൂൺ 15നകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 2017-18-ലെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാൻ കഴിഞ്ഞു. അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണത്തിന് 10 മാസത്തോളം സമയം ലഭിച്ചു. 2018-19 ൽ ഒരു പടി കൂടി കടന്ന് ഭരണപരമായ പ്രശ്നങ്ങൾ നേരിടുന്ന ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഒഴികെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മാർച്ച് 31-നകം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് ചരിത്രം കുറിച്ചു. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2018-19-ലെ പദ്ധതികൾ ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാൻ കഴിഞ്ഞു. അങ്ങനെ വരും

●●●

മുൻകാലങ്ങളിൽ പദ്ധതി ആസൂത്രണ പ്രക്രിയ എല്ലാ വർഷവും സെപ്റ്റംബർ ഒക്ടോബർ വരെ നീണ്ടു പോയിരുന്നു. ഈ രീതി മാറ്റി വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവഹണത്തിനുള്ള സാഹചര്യം ഒരുക്കാനുള്ള ശ്രമം 2017 ആദ്യം തന്നെ ആരംഭിച്ചു.

●●●

വർഷത്തെ പദ്ധതി ആസൂത്രണം മുൻവർഷം നവംബർ മാസത്തോടെ ആരംഭിക്കുകയും പദ്ധതി അംഗീകാര നടപടി മാർച്ച് പകുതിയോടെ പൂർത്തിയാക്കുകയും ചെയ്ത് ഏപ്രിൽ 1-ാം തീയതിയോടെ പദ്ധതി നിർവഹണം ആരംഭിക്കുക എന്ന പ്ലാനിംഗ് സൈക്കിളിലേക്ക് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കടന്നു. ഇത് ഒരു ചരിത്ര നേട്ടമായിരുന്നു.

2019-20 ലാകട്ടെ പാർലമെന്റ് തെരഞ്ഞെടുപ്പ് മുൻകൂട്ടി കണ്ട് ആ വർഷത്തെ പദ്ധതി 2018 ഡിസംബർ 31-നകം സമർപ്പിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിച്ചിരുന്നു. ഇതിനാവശ്യമായ ഉത്തരവുകളും പരിശീലനങ്ങളും ഒക്ടോബർ, നവംബർ മാസത്തിൽ തന്നെ നൽകി. ആകെയുള്ള 1200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 1181 സ്ഥാപനങ്ങളും ഡിസംബർ 31-നകം 2019-20 വർഷത്തെ പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചു. ഇതുവഴി തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുമ്പോൾ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അത്യാവശ്യം വേണ്ട പ്രോജക്ടുകളെങ്കിലും ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാൻ കഴിഞ്ഞു.

ആസൂത്രണം സമയബന്ധിതമായതിന്റെ ഫലമായുണ്ടായ വലിയ നേട്ടത്തിന് തെളിവ് പദ്ധതിച്ചെലവിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കുകളാണ്. വർഷാവസാനം മാത്രം പദ്ധതി അംഗീകരിച്ച് വർഷാന്ത്യ മാസങ്ങളിൽ പണം വിതരണം ചെയ്യുകയായിരുന്നു മുൻകാലത്തെ രീതി. ഇപ്പോൾ അത് മാറി. ആദ്യ മാസങ്ങൾ മുതൽ പദ്ധതി ചെലവ് രേഖപ്പെടുത്തുന്ന സ്ഥിതി വന്നു. അതായത് പദ്ധതി പ്രവർത്തനം വർഷം മുഴുവൻ നടക്കുന്ന 'ജൈവ' പ്രക്രിയയായി മാറി. പട്ടിക-1 ഇതു വ്യക്തമാക്കും.

മാർഗ്ഗരേഖ കൂടുതൽ ലളിതമാക്കി ആസൂത്രണ ഘട്ടങ്ങൾ കുറയ്ക്കുകയും അതുവഴി ആസൂത്രണ പ്രക്രിയ ലളിതമാക്കുകയും ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഇടപെടൽ സാധ്യത നൽകികൊണ്ട് നടപടിക്രമങ്ങൾ പലതും അഭികാമ്യം, അനിവാര്യം എന്നു തരം തിരിച്ചു. മുൻ സർക്കാരിന്റെ കാലത്ത് കാർഷിക മേഖലയടക്കമുള്ള ഉല്പാദന മേഖലയിൽ നിർബന്ധ വകയിരുത്തൽ ഒഴിവാക്കിയിരുന്നു. ഇത് തിരികെ കൊണ്ടുവന്നു. കൂടാതെ സബ്സിഡി നിരക്ക് വർദ്ധിപ്പിച്ചു. വകുപ്പുകളുടെ നിരക്കുമായി സബ്സിഡി ഏകീകരിച്ചു. പ്രായോഗികതയിൽ ഊന്നി ഗുണഭോക്താക്കളുടെ വരുമാനപരിധി വർദ്ധിപ്പിച്ചു. കൃഷി മേഖലയിൽ ധനസഹായം നാമമാത്ര ചെറുകിട കർഷകർക്ക് ലഭ്യമാകുന്ന തരത്തിൽ ഉയർത്തി. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ഒഴിവാക്കി. മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യ വികസനം എന്നീ മേഖലയിൽ വരുമാന പരിധി 5 ലക്ഷമായി ഉയർത്തി. മറ്റു പദ്ധതികൾക്ക് പൊതു വിഭാഗത്തിന് 2 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 3 ലക്ഷമായും ഉയർത്തി. പദ്ധതി ആസൂത്രണ പ്രക്രിയയിൽ ശ്രദ്ധേയമായ മറ്റു പല മാറ്റങ്ങളും ഇതോടൊപ്പം നടപ്പിലാക്കി. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നഗര പ്രദേശങ്ങളിലെ വികസനത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിനും

പട്ടിക-1

2014-15 മുതൽ 2020-21 വരെയുള്ള ഓരോ ത്രൈമാസത്തെയും പദ്ധതി ചെലവ്

(ശതമാനത്തിൽ)

വർഷം	ജൂൺ വരെ	സെപ്റ്റംബർ വരെ	ഡിസംബർ വരെ	മാർച്ച് വരെ
2014-15	1.39	11.23	25.47	68.21
2015-16	0.82	10.81	23.99	73.61
2016-17	NIL	2.27	14.7	67.08
2017-18	4.99	20.57	30.09	85.44
2018-19	11.53	30.49	53.38	84.66
2019-20	8.87	24.76	35.84	54.13
2020-21	21.69	--	--	--

നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കുന്നതിനും നഗരസഭകൾക്കായി പ്രത്യേകം മാർഗ്ഗരേഖ തയ്യാറാക്കി. ഗ്രാമപ്രദേശങ്ങൾക്കും നഗരപ്രദേശങ്ങൾക്കും പ്രത്യേക മാർഗ്ഗരേഖ ഉണ്ടാക്കുന്നതോടൊപ്പം കൃത്യത വരുത്തി പ്രത്യേക സബ്സിഡി മാർഗ്ഗരേഖയും തയ്യാറാക്കി.

മുൻകാലങ്ങളിൽ പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർ പരിശോധിച്ച് അംഗീകരിച്ചതിനുശേഷമായിരുന്നു വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് അംഗീകാരത്തിന് നൽകിയിരുന്നത്. പദ്ധതി സമർപ്പണത്തിന്റെ തിരക്കിൽ ഇപ്രകാരമുള്ള അംഗീകാര പ്രക്രിയ ഫലപ്രദമായിരുന്നില്ല. ഇത് മാറ്റി ആദ്യം വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിക്കുക എന്ന രീതി നിശ്ചയിച്ചു. തുടർന്ന് നിർവഹണത്തിനു മുമ്പ് പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിച്ച് അംഗീകാരം നൽകുന്ന രീതിയിലേക്കു മാറി. ഇതുവഴി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള കാലതാമസം ഒഴിവാക്കാനും ധൃതിപിടിച്ച് പ്രോജക്ടുകൾ വെറ്റ ചെയ്യുന്ന രീതി ഒഴിവാക്കാനും കഴിഞ്ഞു. നിർമ്മാണ പ്രോജക്ടുകളുടെ സുഗമമായ നിർവഹണത്തിന് തടസ്സമായി നിന്നിരുന്ന ഒരു ഘടകം അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള സൗകര്യമില്ലായിരുന്നു എന്നതാണ്. ഉദാഹരണത്തിന് ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷന്റെയും ആയിരക്കണക്കിന് പ്രോജക്ടുകൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ച് അംഗീകാരം നൽകേണ്ടി വന്നു. എന്നാൽ പ്രോജക്ട് വെറ്റിംഗിനും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള അധികാരം വികേന്ദ്രീകരിച്ചുകൊണ്ട് ഈ തടസ്സം നീക്കി. ഇതിനായി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ പുതിയ നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് ട്രഷറി കോഡു സഹിതം നൽകി.

നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്നതിൽ വ്യാപകമായ ആക്ഷേപങ്ങൾ നില നിന്നിരുന്നു. ഇതു പരിഹരിക്കുന്നതിന് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്ന പ്രോജക്ടുകളുടെ പരിധി 5 ലക്ഷം രൂപയിൽ നിന്ന് 50,000 രൂപയായി കുറച്ചു. എന്നാൽ പി.റ്റി.എ (പേരന്റ് ടീച്ചേഴ്സ് അസോസിയേഷൻ) പോലുള്ള സമിതികൾക്ക് ഇതു ബാധകമാക്കിയുമില്ല. 50,000 രൂപയിലധികമുള്ള പ്രോജക്ടുകൾക്ക് ടെണ്ടർ നടപടി ബാധകമാക്കിയതു വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേട്ടമുണ്ടായി. ഉദാഹരണത്തിന് സംസ്ഥാനത്താകമാനം ടെണ്ടർ സേവിംഗ്സായി 239.60 കോടി രൂപ 2017-18-ലും 212.22 കോടി രൂപ 2018-19 ലും 205.62 കോടി രൂപ 2019-20 ലും ലഭിച്ചു. ഇത് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അഴിമതി വലിയ തോതിൽ കുറയ്ക്കാൻ സഹായിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉയർത്തി. എടുത്തു പറയാവുന്ന ഇത്തരം ചില മാറ്റങ്ങളിലൂടെ ആസൂത്രണ- നിർവഹണത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ചരിത്രനേട്ടം കുറിക്കാൻ കഴിഞ്ഞു. 1996-97 ൽ ജനകീയാസൂത്രണ പദ്ധതി ഒരു വിപ്ലവകരമായ മാറ്റമാണ് കുറിച്ചതെങ്കിൽ കഴിഞ്ഞ 4 വർഷക്കാലം നിശ്ശബ്ദമായ ഒരു വിപ്ലവമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ-നിർവഹണത്തിൽ നടന്നത്.

നിർമ്മാണ പ്രവൃത്തികൾ
ഗുണഭോക്തൃ സമിതി മുഖേന
നടപ്പാക്കുന്നതിൽ വ്യാപകമായ
ആക്ഷേപങ്ങൾ നിലനിന്നിരുന്നു.
ഇതു പരിഹരിക്കുന്നതിന്
ഗുണഭോക്തൃ സമിതി മുഖേന
നടപ്പാക്കാവുന്ന പ്രോജക്ടുകളുടെ
പരിധി 5 ലക്ഷം രൂപയിൽ നിന്ന്
50,000 രൂപയായി കുറച്ചു.
എന്നാൽ പി.റ്റി.എ പോലുള്ള
സമിതികൾക്ക്
ഇതു ബാധകമാക്കിയുമില്ല.

പ്രാദേശിക സർക്കാരുകളെ ഏല്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം ഒട്ടനവധി മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന തലത്തിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വളർന്നു എന്നത് ശ്രദ്ധേയമാണ്. സർക്കാരിന്റെ നവകേരള മിഷൻ പ്രവർത്തനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ച് ഇവിടെ എടുത്തു പറയുന്നില്ല. കൃഷി, മൃഗസംരക്ഷണം, മറ്റ് ജീവനോപാധി മേഖലകൾ, പാലിയേറ്റീവ് പ്രവർത്തനം, ഭിന്നശേഷി വിഭാഗങ്ങളുടെ ക്ഷേമം, വൃദ്ധജന സംരക്ഷണം, വനിതാ ഘടക പദ്ധതി, ട്രാൻസ്ജെൻഡേഴ്സ് വിഭാഗക്കാരുടെ ക്ഷേമം, സ്പോർട്സ്/ ഗെയിംസ് എന്നീ മേഖലയിലെല്ലാം പ്രാദേശിക സർക്കാരുകൾ നടത്തിയ ഇടപെടലുകൾ പൊതുജനങ്ങളുടെ അംഗീകാരം നേടി. ഈ രംഗങ്ങളിൽ സംസ്ഥാനത്ത് ശ്രദ്ധേയമായ ഒട്ടേറെ മാതൃകകൾ രൂപപ്പെട്ടു. പരമ്പരാഗത വികസന ക്ഷേമ പ്രവർത്തനങ്ങൾ മാത്രമല്ല സമൂഹത്തിലെ ഏതൊരു വെല്ലുവിളിയും ഏറ്റെടുക്കാൻ തങ്ങൾക്കാകുമെന്ന് 2018 ആഗസ്റ്റിലുണ്ടായ പ്രളയകാലത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നമുക്ക് കാണിച്ചു നൽകി. ഒരു പടികൂടി കടന്ന പ്രവർത്തനമാണ് കൊവിഡ് 19-നെ നേരിടുന്നതിന് പ്രാദേശിക സർക്കാർ നടത്തിയത്. കമ്മ്യൂണിറ്റി കിച്ചൺ, ക്വാറന്റൈൻ സൗകര്യം, ആശുപത്രിയിൽ പ്രത്യേക സൗകര്യമൊരുക്കൽ എന്നുവേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ കടന്നു ചെല്ലാത്ത മേഖല ഇല്ല എന്നു നമുക്ക് കാണാം. പ്രളയകാലത്തേയും മഹാമാരിയുടെ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ ദുരന്ത നിവാരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ പങ്ക് ഉറപ്പിച്ചു.

2014-15 മുതലുള്ള മൂന്നുവർഷക്കാലം പദ്ധതിച്ചെലവ് 68 ശതമാനം, 73 ശതമാനം, 67 ശതമാനം എന്നീ രീതിയിലായിരുന്നു. എന്നാൽ 2017-18 പദ്ധതിച്ചെലവ് 85.43 ശതമാനമായി. ട്രഷറികളിൽ വളരെ താമസിച്ച് സമർപ്പിച്ച ക്യൂ ബില്ലുകൾ കൂടി പരിഗണിച്ചാൽ ഇത് 90.10 ശതമാനമാണ്. ഇത് ജനകീയാസൂത്രണ ചരിത്രത്തിൽ ആദ്യമാണ്. 220 തദ്ദേശഭരണ സ്ഥാപനങ്ങൾ 100 ശതമാനം തുക ചെലവഴിച്ചു. 2016-17ൽ സംസ്ഥാനത്ത് ശരാശരി പദ്ധതിച്ചെലവ് 67 ശതമാനമായിരുന്നു. എന്നാൽ 2017-18-ൽ വെറും 87 തദ്ദേശഭരണ സ്ഥാപ

നങ്ങൾ മാത്രമാണ് മുൻവർഷത്തെ ശരാശരി പദ്ധതി ച്ചെലവിനേക്കാൾ താഴെപ്പോയത്. 2018-19ലും പദ്ധതി ചെലവ് മികച്ച നിലയിലായിരുന്നു. 84.66 ശതമാനം. കേരളത്തിൽ കൊടിയ നാശം വിതച്ച പ്രളയ സമയത്തും ഈ ഉയർന്ന പദ്ധതി ചെലവ് എടുത്തു പറയേണ്ടതാണ്. പെന്റിംഗ് ബിൽ കൂടി ചേർത്താൽ ചെലവ് 93 ശതമാനമാണ്. കൊവിഡ് മഹാമാരിയുടേയും കടുത്ത സാമ്പത്തിക പ്രതിസന്ധിയുടേയും പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ വർഷം (2019-20 ൽ) ബിൽ ട്രഷറിയിൽ കൃത്യമായി കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. കൊടുത്തവ മാറാനും കഴിഞ്ഞില്ല എന്ന വസ്തുത മറക്കുന്നില്ല. എന്നാൽ ട്രഷറിയിൽ നൽകിയ എല്ലാ ബില്ലുകളും 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ മാറി. അതിനാലാണ് ജൂൺ അവസാനം ആയപ്പോൾ തന്നെ നടപ്പുവർഷം (2020-21) പദ്ധതി ചെലവ് 23 ശതമാനമായത്.

പദ്ധതി ആസൂത്രണ നിർവഹണത്തിന് മുമ്പ് പറഞ്ഞ മാറ്റങ്ങൾ വരുത്തിയതോടൊപ്പം നഷ്ടപ്പെട്ടുപോയ ജനപങ്കാളിത്തം വീണ്ടെടുക്കാനും ചില പരിഷ്കാരങ്ങൾ വരുത്തി. ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണസമിതി രൂപീകരിച്ചു. ഈ സമിതിയിൽ സന്നദ്ധ പ്രവർത്തകരായ വിദഗ്ധരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ സന്നദ്ധ പ്രവർത്തകനായ വിദഗ്ധനെ നിശ്ചയിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇവർക്ക് 5000 രൂപ പ്രതിമാസം ഓണറേറിയം നൽകാനും അനുമതി നൽകി. ഇവരെ ആരെയും മുകൾത്തട്ടിൽ നിന്ന് നിശ്ചയിച്ചു നൽകാതെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ തീരുമാനിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. ഇതിനൊക്കെ പുറമെ പദ്ധതി

പട്ടിക-2

2016-17 മുതൽ 2020-21 വരെ
തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കിയ പദ്ധതി വിഹിതം

വർഷം	പദ്ധതി വിഹിതം (കോടി രൂപ)	സംസ്ഥാന ബഡ്ജറ്റ് വിഹിതം (കോടി രൂപ)	ശതമാനം
2020-21	6903.00	27,610.00	25.00
2019-20	7500.00	30,610.00	24.50
2018-19	7000.00	29,150.00	24.00
2017-18	6227.00	26,500.00	23.50
2016-17	5500.00	24,000.00	22.92

നിർവഹണത്തിലെ പ്രശ്നങ്ങൾ അപ്പപ്പോൾ വിലയിരുത്തി പരിഹരിക്കുന്നതിനും വകുപ്പുതല സംയോജനത്തിനും സർക്കാർ തലത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനവും ചിട്ടപ്പെടുത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽ ക്രമാനുഗതമായ വർദ്ധനവു വരുത്തി. ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി വിഹിതത്തിന്റെ 0.50 ശതമാനം വീതം അധികമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ നടപ്പാക്കി. ഇതിന്റെ വിശദാംശം പട്ടിക-2ൽ പറഞ്ഞിരിക്കുന്നു.

● ● ●

അതിസങ്കീർണ്ണവും അപഹാസ്യവുമായി മാറിക്കൊണ്ടിരുന്ന നടപടിക്രമങ്ങളുടെ ബാഹുല്യത്തിൽ നിന്നും പ്രാദേശിക സർക്കാരുകളെ മോചിപ്പിക്കാൻ സർക്കാരിനു കഴിഞ്ഞു എന്നത് ചെറിയ നേട്ടമല്ല. പ്രാദേശിക ജനസമൂഹങ്ങൾക്ക് തിരിച്ചു കിട്ടിയ പ്രവർത്തന സ്വാതന്ത്ര്യമാണ് ഇപ്പോൾ നിരീക്ഷകർ പൊതുവെ ശ്ലാഘിക്കുന്ന വലിയ നേട്ടങ്ങളുടെ അടിസ്ഥാനം.

● ● ●

ഇതിനു പുറമേ മെയിന്റനൻസ് ഗ്രാന്റ്, പൊതു ആവശ്യ ഗ്രാന്റ് എന്നീ ഇനത്തിലും വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിൽ സർക്കാർ നൽകുന്ന മുന്തിയ പരിഗണനയാണ് ഇത് കാണിക്കുന്നത്.

കേരളത്തിൽ ജനകീയാസൂത്രണം ആരംഭിച്ചത് ജനാധിപത്യത്തെ കൂടുതൽ അർത്ഥപൂർണ്ണമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്. അഞ്ചു വർഷം കൂടുന്തോറും വോട്ടു ചെയ്യാനും പുതിയ സർക്കാരിനെ തെരഞ്ഞെടുക്കാനും കഴിയുന്നു എന്നതുകൊണ്ട് മാത്രം ജനാധിപത്യം അർത്ഥപൂർണ്ണമാകില്ല. അധികാരത്തിന്റെ പ്രയോഗത്തിൽ അതായത് ഭരണത്തിൽ തുടർച്ചയായും സാർത്ഥകമായും ജനങ്ങൾക്ക് ഇടപെടാൻ കഴിയണം. ജനങ്ങളുടെ പങ്കാളിത്തവും മുൻകൈയും ഉറപ്പാക്കണം. ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം അതായിരുന്നു. ഉജ്ജ്വലമായ ഒരു തുടക്കം ജനകീയാസൂത്രണത്തിന് ലഭിക്കുകയും ചെയ്തു. എന്നാൽ ഒട്ടും വൈകാതെ അതിസങ്കീർണ്ണമായ നടപടിക്രമങ്ങളുടെ നൂലാമാലയിൽപ്പെടുത്തി ഉദ്യോഗസ്ഥ മേധാവിത്വം ജനകീയ അധികാരത്തിന്റെ വേദികളെ പരിമിതപ്പെടുത്തുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. അതിസങ്കീർണ്ണവും അപഹാസ്യവുമായി മാറിക്കൊണ്ടിരുന്ന നടപടിക്രമങ്ങളുടെ ബാഹുല്യത്തിൽ നിന്നും പ്രാദേശിക സർക്കാരുകളെ മോചിപ്പിക്കാൻ പിണറായി സർക്കാരിനു കഴിഞ്ഞു എന്നത് ചെറിയ നേട്ടമല്ല. പ്രാദേശിക ജനസമൂഹങ്ങൾക്ക് തിരിച്ചു കിട്ടിയ പ്രവർത്തന സ്വാതന്ത്ര്യമാണ് ഇപ്പോൾ നിരീക്ഷകർ പൊതുവെ ശ്ലാഘിക്കുന്ന വലിയ നേട്ടങ്ങളുടെ അടിസ്ഥാനം. ☐

ലേഖകൻ സംസ്ഥാന പ്ലാനിങ് ബോർഡിൽ അംഗവും വികേന്ദ്രീകൃതാസൂത്രണം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാനുമാണ്

കൊവിഡ് 19 പ്രതിരോധം മൂന്നാം ഘട്ടത്തിലേക്ക്

■ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അവശ്യ സൗകര്യങ്ങളുള്ള പ്രാദേശിക ചികിത്സാകേന്ദ്രങ്ങൾ തയ്യാറാക്കുക എന്നുള്ളതാണ് CFLTCകൾ സ്ഥാപിക്കുന്നതു കൊണ്ടുദ്ദേശിക്കുന്നത്. കൊവിഡ് ടെസ്റ്റ് റിസൾട്ട് പോസിറ്റീവ് ആയ കേസുകളിൽ ലക്ഷണങ്ങൾ പ്രകടമായി ഇല്ലാത്തവർക്കും നേരിയ ലക്ഷണങ്ങൾ ഉള്ളവർക്കും ചികിത്സ നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളവയാണ് ഈ കേന്ദ്രങ്ങൾ.

കേരളം കൊവിഡ് 19ന്റെ മൂന്നാംഘട്ട വ്യാപനത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. 2020 ജനവരി മാസത്തിൽ രാജ്യത്ത് ആദ്യമായി മൂന്നു പേർക്ക് കൊവിഡ് രോഗം റിപ്പോർട്ട് ചെയ്തത് നമ്മുടെ സംസ്ഥാനത്തായിരുന്നുവെങ്കിലും സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശക്തവും സൂക്ഷ്മവുമായ ഇടപെടൽ രോഗവ്യാപനത്തെ പൂർണ്ണമായി നിയന്ത്രണവിധേയമാക്കിയിരുന്നു. രോഗം അത്യധികം ബാധിച്ചിരുന്ന വിദേശ രാജ്യങ്ങളിൽനിന്നും അയൽസംസ്ഥാനങ്ങളിൽ നിന്നും പ്രവാസികൾ എത്തിച്ചേർന്നതും നിയന്ത്രണങ്ങൾ കൃത്യമായി പാലിക്കുന്നതിൽ പൊതുജനങ്ങൾ വരുത്തുന്ന വീഴ്ചയും കാരണം രോഗികളുടെ എണ്ണം വർദ്ധിച്ചു. ഈ വർധനയുടെ തോത് താരതമ്യേന ചെറുതാണെങ്കിലും നമ്മൾ ആശങ്കപ്പെടേണ്ടതുണ്ട്. രോഗവ്യാപനം വർദ്ധിക്കുന്ന തരത്തിൽ ക്ലസ്റ്ററുകൾ രൂപപ്പെട്ടു കൊണ്ടിരിക്കുന്നു.

രോഗബാധിതരായവരുടെ എണ്ണത്തിലുള്ള വർദ്ധന നിലവിലുള്ള ആരോഗ്യസംവിധാനങ്ങൾ ചികിത്സക്കായി തികയാതെ വരുന്ന സാഹചര്യം സംജാതമാക്കിയേ

ക്കാം. ഈ ഘട്ടത്തിലാണ് കൊവിഡ് പ്രാഥമിക ചികിത്സാ കേന്ദ്രങ്ങൾ (കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ്സെന്ററുകൾ, CFLTC) ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാർ കൈക്കൊണ്ടത്. സർക്കാരിന്റെ ഈ തീരുമാനം ഏറ്റെടുത്തു കൊണ്ട് കൊവിഡ് ചികിത്സയിൽതന്നെ പുതിയ മാനം കൈവരിക്കാൻ പര്യാപ്തമായ തരത്തിലുള്ള നടപടികളുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്നേറുന്ന കാഴ്ചയാണ് സംസ്ഥാനമൊട്ടാകെ കാണുന്നത്.

കൊവിഡ് പ്രാഥമിക ചികിത്സാ കേന്ദ്രങ്ങൾ

നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അവശ്യ സൗകര്യങ്ങളുള്ള പ്രാദേശിക ചികിത്സാകേന്ദ്രങ്ങൾ തയ്യാറാക്കുക എന്നുള്ളതാണ് CFLTCകൾ സ്ഥാപിക്കുന്നതു കൊണ്ടുദ്ദേശിക്കുന്നത്. കൊവിഡ് ടെസ്റ്റ് റിസൾട്ട് പോസിറ്റീവ് ആയ കേസുകളിൽ ലക്ഷണങ്ങൾ പ്രകടമായി ഇല്ലാത്തവർക്കും നേരിയ ലക്ഷണങ്ങൾ ഉള്ളവർക്കും ചികിത്സ നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളവയാണ് ഈ കേന്ദ്രങ്ങൾ. വിട്ടുകിട്ടിയതോ അടഞ്ഞു കിടക്കുന്നതോ ആയ ആശുപത്രികൾ, പരിശീലന കേന്ദ്രങ്ങൾ, സ്കൂളുകൾ, കോളേജുകൾ, കോളേജ് ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, മതസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ എന്നിവ ഇതിനായി സജ്ജമായി വരുന്നു.

ചുമതലക്കാർ

CFLTC കളുടെ പ്രവർത്തന ചുമതല അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ

CFLTC കളുടെ പ്രവർത്തന ചുമതല അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ആരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്കായിരിക്കും. ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ, ദൈനംദിനനടത്തിപ്പ്, ഭക്ഷണം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയുടെ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതും.

പരിധിയിൽ വരുന്ന ആരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്കായിരിക്കും. ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ, ദൈനംദിന നടത്തിപ്പ്, ഭക്ഷണം, ശുചിത്വം, മാലിന്യനിർമ്മാർജ്ജനം എന്നിവയുടെ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതും. ഈ ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ ചെയർപേഴ്സണായും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വൈസ് ചെയർപേഴ്സണായും ആരോഗ്യ കേന്ദ്രത്തിന്റെ ചുമതല വഹിക്കുന്ന മെഡിക്കൽ ഓഫീസർ കൺവീനർ ആയും നോഡൽ ഓഫീസർ ജോയിന്റ് കൺവീനർ ആയും മാനേജിംഗ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. സ്ഥാപനം പ്രവർത്തിക്കുന്ന വാർഡിലെ/ഡിവിഷനിലെ അംഗം, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ഈ കമ്മിറ്റിയിലെ അംഗങ്ങളാണ്. ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ട ചുമതല മാനേജിംഗ് കമ്മിറ്റികൾക്ക് ആയിരിക്കും. പ്രാദേശികമായി തന്നെ ഡോക്ടർമാർ, നഴ്സുമാർ, മറ്റു ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരെ CFLTC കളുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തണം. ആരോഗ്യപ്രവർത്തകരെ ആരോഗ്യവകുപ്പ് നിശ്ചയിക്കുന്നു. സർവീസിൽ നിന്നും വിരമിച്ചവരുടെ സേവനവും ഇതിനായി വിനിയോഗിക്കാവുന്നതാണ്. CFLTC കളുടെ സുരക്ഷാക്രമീകരണം പോലീസാണ് നിർവ്വഹിക്കുന്നത്.

നോഡൽ ഓഫീസർ

CFLTC കളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സന്നദ്ധസേവന മനോഭാവമുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർ ആയി തദ്ദേശസ്വയംഭരണ സ്ഥാപനം നിയോഗിക്കേണ്ടതുണ്ട്. മാനേജിംഗ് കമ്മിറ്റി കൈക്കൊള്ളുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കേണ്ട ചുമതല നോഡൽ ഓഫീസർക്കായിരിക്കും. ആവശ്യമായ രജിസ്റ്ററുകളും രേഖകളും അക്കൗണ്ട്സും എഴുതി സൂക്ഷിക്കേണ്ട ചുമതലയും ഈ ഓഫീസർക്കായിരിക്കും. CFLTCകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ചികിത്സയിലുള്ളവർക്ക് യഥാസമയം ഭക്ഷണവും മറ്റും ഉറപ്പുവരുത്തുക, ശുചീകരണത്തിന് ജീവനക്കാരെ നിയോഗിക്കുക, മാലിന്യനീക്കം ഉറപ്പുവരുത്തുക എന്നിവയും ചുമതലകളിൽപ്പെടുന്നു.

കെട്ടിടവും ഭൗതിക സാഹചര്യങ്ങളും

വൈദ്യുതി, വെള്ളം, ഗതാഗതസൗകര്യം എന്നിവ ഉറപ്പാക്കിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള കെട്ടിടങ്ങൾ ആണ് ഉപയോഗപ്പെടുത്തേണ്ടത്. മതിയായ ടോയിലറ്റ് സൗകര്യങ്ങൾ ഉണ്ടാവണം. പരിമിതിയുള്ള സ്ഥലങ്ങളിൽ ടോയിലറ്റുകൾ നിർമ്മിക്കുന്നതിനോ താൽക്കാലികമായി സ്ഥാപിക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. വാർഡുകളിൽ ആവശ്യമായ കട്ടിലുകൾ, മെത്തകൾ, തലയിണ, കിടക്കവിരി, പുതപ്പ്, ഫാനുകൾ, ഭക്ഷണം കഴിക്കുന്നതിനും മറ്റും ആവശ്യമായ പാത്രങ്ങൾ, ജഗ്ഗുകൾ, വേസ്റ്റ് ബിന്നുകൾ, മൊബൈൽചാർജിങ്സൗകര്യം എന്നിവ ഏർപ്പെടുത്തി നൽകണം.

ശുചീകരണവും മാലിന്യസംസ്കരണ സംവിധാനവും

കൃത്യമായ ഇടവേളകളിൽ വാർഡുകളും ടോയിലറ്റുകളും വൃത്തിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും ശ്രദ്ധിക്കേണ്ട താണ്. ശുചീകരണത്തിനും മാലിന്യം നീക്കം ചെയ്യുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളണം. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കണം. ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം CFLTC കളുടെ ശുചീകരണവും മാലിന്യസംസ്കരണവും അണുനശീകരണവും നടത്തേണ്ടത്. ജൈവ, അജൈവ മാലിന്യങ്ങൾ, മെഡിക്കൽ മാലിന്യങ്ങൾ എന്നിവ പ്രത്യകം ശേഖരിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ CFLTC കളിൽ ഒരുക്കാൻ ശ്രദ്ധിക്കണം. ഇതിനായി തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം, ബയോ കമ്പോസ്റ്റ്, കുഴി കമ്പോസ്റ്റ്, എന്നിവ സ്ഥാപിക്കാവുന്നതാണ്. മെഡിക്കൽ മാലിന്യങ്ങൾലൈസൻസുള്ളസ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് നീക്കം ചെയ്യേണ്ടതാണ്.

വാങ്ങലും സമാഹരണവും

CFLTC കൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി സംഭാവനകൾ പണമായോ സാധനങ്ങളായോ കണ്ടെത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതാണ്. സ്പോൺസർഷിപ്പ് മുഖേന കമ്മ്യൂണിറ്റി കിച്ചൻ നടത്തിയതിന്റെ അനുഭവസമ്പത്ത് ഇതിനായി ഉപയോഗപ്പെടുത്താം. സംഭാവനയായി ലഭിക്കാത്ത സാധനസാമഗ്രികൾ മാത്രം നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങാവുന്നതാണ്. പണമായും അവശ്യസാധനങ്ങളായും ലഭിക്കുന്ന സംഭാവനകൾ സംബന്ധിച്ച് കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം. പണമായി ലഭിക്കുന്ന സംഭാവനകൾ മാനേജിംഗ് കമ്മിറ്റി അധ്യക്ഷൻ, നോഡൽ ഓഫീസർ എന്നിവരുടെ പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും മാനേജിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കേണ്ടതുമാണ്. CFLTC കൾ സ്ഥാപിക്കുന്നതിനും അതിന്റെ നടത്തിപ്പിനും ആവശ്യമായി വരുന്ന തുക DDMA ലഭ്യമാക്കുന്ന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. നിർമ്മാണപ്രവർത്തനങ്ങളോ മരാമത്ത് പണികളോ ആവശ്യമായി വരുന്ന പക്ഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടോ തനത് ഫണ്ടോ വിനിയോഗിച്ച് പദ്ധതികൾ രൂപീകരിച്ച് കൊണ്ടും ചെലവഴിക്കാവുന്നതാണ്.

കൃത്യമായ ഇടവേളകളിൽ വാർഡുകളും ടോയിലറ്റുകളും വൃത്തിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ശുചീകരണത്തിനും മാലിന്യം നീക്കം ചെയ്യുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളണം.

കൊവിഡ് മഹാമാരിക്കെതിരെ നാം പൊരുതിക്കൊണ്ടിരിക്കുകയാണ്. രോഗത്തെ പിടിച്ചുകെട്ടുകയാണ് നമ്മുടെ ലക്ഷ്യം. സർക്കാരിനും ആരോഗ്യ വകുപ്പിനുംഒപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. വ്യാപന നിരക്ക് കുറച്ചുകൊണ്ടു വരാനുള്ള സർക്കാർ നടപടികൾക്ക് കരുത്തേകാൻ പ്രളയകാലത്തും കൊവിഡ് ആദ്യ രണ്ടുഘട്ടങ്ങളിലും നല്കിയതു പോലെ പ്രാദേശിക സർക്കാരുകൾക്ക് കഴിയണം. ഈ മഹാമാരിയെ മൂന്നാം ഘട്ടത്തിലും നേരിടാൻ നാം തയ്യാറെടുക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൈകോർത്തുകൊണ്ട് ക്വാറന്റയിൻ സൗകര്യം ഏർപ്പെടുത്തിയതു പോലെ തന്നെ കൊവിഡ്ചികിത്സയുടെ കാര്യത്തിലും വികേന്ദ്രീകൃത സംവിധാനം സാധ്യമാക്കി ലോകത്തിനു മാതൃകയാവുകയാണ് നമ്മുടെ കൊച്ചു കേരളം.

ലേഖിക പഞ്ചായത്ത് ഡയറക്ടറാണ്

ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിന് പന്ത്രണ്ടിന പരിപാടി

■ ഡോ. ജോയ് ഇളമൺ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക വികസന ഭരണരംഗത്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ഊർജ്ജം പകരുന്നതിന് ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ പന്ത്രണ്ടിന പരിപാടിയ്ക്ക് രൂപം നൽകുകയുണ്ടായി. അതുപ്രകാരമുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ് പ്രാദേശിക സർക്കാരുകൾ.

ഇരുപത്തിയഞ്ച് വർഷം മുൻപാണ് ചരിത്ര പ്രധാനമായ പരീക്ഷണത്തിനു കേരളം സാക്ഷ്യം വഹിച്ചത്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റിക്കൊണ്ട് പ്രാദേശിക ആസൂത്രണത്തിൽ ഇന്ത്യയ്ക്കും ലോകത്തിനും ഒരു പുതു മാതൃക സൃഷ്ടിക്കുകയും ചെയ്തു. സംസ്ഥാന ബജറ്റിന്റെ ഏതാണ്ട് 35% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. സാമ്പത്തിക രംഗത്തെ വികേന്ദ്രീകരണത്തിൽ അതുവരെ സ്വപ്നം കാണാത്തതും അസാധ്യമെന്നും കരുതിയതുമായ മാറ്റത്തിന് നാന്ദി കുറിച്ച് വികസന പരിപാടികളുടെ ആസൂത്രണ-നിർവ്വഹണ അധികാരം താഴെ തട്ടിലേക്ക് എന്ന നിർണ്ണായകമായ കാൽവയ്പിനാണ് കേരളം സാക്ഷ്യം വഹിച്ചത്. പ്രാദേശിക ഭരണത്തിലും നാടിന്റെ വികസനത്തിലും ജനപങ്കാളിത്തം ഉറപ്പു വരുത്താനുള്ള സുപ്രധാനമായ നടപടി ആയിരുന്നു ജനകീയാസൂത്രണം. ലക്ഷ്യം സമ്പൂർണ്ണ ജനാധിപത്യം തന്നെ.

കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സംവിധാനം ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ച് ശക്തമായി. വികസന പ്രവർത്തനങ്ങളിലും ആസൂത്രണ - നിർവഹണത്തിലും ഭരണ രംഗത്തും സേവനങ്ങളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ഇന്ത്യക്കാകെ മാതൃകയായി. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള വിവിധ മിഷനുകൾ ലക്ഷ്യമിടുന്ന മാറ്റങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യപങ്കു വഹിച്ചു. ഈ കുതിപ്പിന് ഊർജ്ജം പകർന്നു കൊണ്ടാണ് ഈ വർഷത്തെ സംസ്ഥാന ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. വരും മാസങ്ങളിൽ ചുരുങ്ങിയ സമയം കൊണ്ട് പരമാവധി നേട്ടങ്ങൾ സൃഷ്ടിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് ഒരു രൂപരേ

ഖയായിരുന്നു അത്. അതിൻ പ്രകാരം പന്ത്രണ്ടിന പരിപാടിക്ക് നേതൃത്വം വഹിക്കുകയാണ് ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റു സംവിധാനങ്ങളും.

വിശപ്പുരഹിത കേരളം

ഏതൊരു ഘട്ടത്തിലും സംസ്ഥാനത്ത് ഒരാൾ പോലും പട്ടിണി കിടക്കരുത് എന്നായിരുന്നു മുഖ്യമന്ത്രി പിണറായി വിജയൻ മുൻപ് സൂചിപ്പിച്ചത്. അതിൻ പ്രകാരം ഓണത്തിനു മുമ്പ് കേരളത്തിൽ 1000 ഭക്ഷണശാലകൾ തുറക്കാനുള്ള ശ്രമങ്ങൾ പാതി വഴി കടന്നു കഴിഞ്ഞു. 25 രൂപയ്ക്ക് ഊണ്, ഇതിൽ 10% സൗജന്യ ഊണ് എന്ന രീതിയിൽ ആണ് അത്തരം ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുക. ഗ്രാമ പഞ്ചായത്തിൽ 1 വീതവും നഗരത്തിൽ 10 വാർഡിന് 1 വീതവും കണക്കിലുള്ള ആസൂത്രണമാണ് നടന്നു വരുന്നത്. കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ആണ് ഇവ സംഘടിപ്പിക്കുന്നത്. പാചകം, ഭക്ഷണ വിതരണം, ആവശ്യമായ ഉപകരണങ്ങളും സാമഗ്രികളും തുടങ്ങിയവയെല്ലാം അവർ കണ്ടെത്തും. സംസ്ഥാന സർക്കാർ സബ്സിഡി നിരക്കിൽ അരിയും പലവ്യഞ്ജനങ്ങളും നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാടക, കറന്റ്, വാട്ടർ ചാർജ്ജ്, റിവോൾവിംഗ് ഫണ്ട് തുടങ്ങിയവ ആവശ്യാനുസരണം ഏർപ്പെടുത്തും. അങ്ങനെ സംയോജനത്തിന്റെ മറ്റൊരു സാധ്യത തുറക്കുകയാണ് ജനകീയ ഹോട്ടലുകളിലൂടെ.

അയ്യായിരം വയോക്ലബ്ബുകൾ

മാറുന്ന കേരളത്തിൽ ഏറെ ശ്രദ്ധിക്കേണ്ടതാണ് കേരള ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധന. അതിനനുസൃതമായ ആസൂത്രണം അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം 5000 വയോക്ലബ്ബുകൾ ആരംഭിക്കുവാനുള്ള തീരുമാനം. വിശ്രമ-വിനോദ കേന്ദ്രമായി അവ മാറണം. ഗ്രാമപഞ്ചായത്തുകളിൽ 3 കേന്ദ്രങ്ങൾ വീതവും നഗരങ്ങളിൽ 10 വാർഡിന് 1 വീതവും എന്ന നിലയിൽ ഏർപ്പെടുത്തുന്നതിനുള്ള ശ്രമത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. പുതിയ കെട്ടിടങ്ങൾക്ക് പകരം നിലവിലുള്ള വായനശാലകൾ/വാടക വീട്ടുകൾ എന്നിവ ഉപയോഗിക്കുകയാണ്. കുടുംബശ്രീയുടെയും ആരോഗ്യ വിഭാഗത്തിന്റെയുമെല്ലാം സേവനങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടത്. നൂതനമായ

മാറുന്ന കേരളത്തിൽ ഏറെ ശ്രദ്ധിക്കേണ്ടതാണ് കേരള ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധന. അതിനനുസൃതമായ ആസൂത്രണം അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം 5000 വയോക്ലബ്ബുകൾ ആരംഭിക്കുവാനുള്ള തീരുമാനം.

നിരവധി ആശയങ്ങൾക്കാണ് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവിഷ്കാരം നൽകുന്നത്. വയോജന അയൽക്കൂട്ടങ്ങളുടെ ആസ്ഥാനം എന്നതിനൊപ്പം കുട്ടികളുടെ റെമഡിയൽ കോച്ചിംഗ് സെന്റർ, വയോജന സേവന കേന്ദ്രം എന്നീ നിലകളിലും അവ പ്രവർത്തിക്കും. ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള സർക്കാർ സേവനങ്ങൾ ഇത് വഴി ലഭ്യമാക്കാം. വയോജന സൗഹൃദ തദ്ദേശ ഭരണം എന്ന ആശയത്തിൽ ഊന്നി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു വയോജന സൗഹൃദനയം രൂപീകരിക്കുക മുതൽ സ്ഥിതിവിവരകണക്ക് ശേഖരിച്ച് അനുയോജ്യ വയോസൗഹൃദ കർമ്മപരിപാടിക്ക് രൂപം നൽകാം. കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, സൗഹൃദ മനോഭാവത്തിന് കൗൺസിലിംഗും ബോധവൽക്കരണവും തുടങ്ങി സാധ്യതകൾ ഏറെ.

ശുചിത്വ കേരളം

കഴിഞ്ഞ നാല് വർഷങ്ങളിൽ ഏറെ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചതാണ് ശുചിത്വ മേഖല. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്കു നിർണ്ണായകമായിരുന്നു. ഇനിയും മുന്നേറാനുണ്ട്. ഓണത്തിനു മുമ്പ് 500 ഗ്രാമപഞ്ചായത്തുകളും 50 നഗരങ്ങളും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുവാനുള്ള പരിപാടിക്കാണ് ലക്ഷ്യമിടുന്നത്. സമ്പൂർണ്ണ ശുചിത്വ പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കുക. മാലിന്യം സ്രോതസ്സിൽ വേർതിരിക്കണം. ജൈവമാലിന്യം വീട്ടിലോ സമീപത്തോ സംസ്കരിക്കണം. അജൈവമാലിന്യം ശേഖരിക്കാൻ എം.സി. എഫും റിസോഴ്സ് റിക്കവറി സെന്ററും സജ്ജമാക്കണം. കടകളിലെ മാലിന്യം സംസ്കരിക്കാനും ശേഖരിക്കാനും പ്രത്യേക സംവിധാനം ഒരുക്കണം. ഹരിതകർമ്മ സേന ശക്തിപ്പെടുത്തിയും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുവെന്നു ഉറപ്പുവരുത്തിയും ആണ് മുന്നോട്ടു പോവുക. വൃത്തിയുള്ള നിരത്തുകളും പൊതു ഓഫീസുകളിലും സ്ഥാപനങ്ങളിലും ശുചിത്വം നിഷ്കർഷിച്ചും പുതിയൊരു ശുചിത്വ സംസ്കാരത്തിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകുക. ആവശ്യമുള്ള സ്ഥലങ്ങളിൽ കേന്ദ്രീകൃത സെപ്റ്റേജ് പ്ലാന്റ് സർക്കാർ നിർമ്മിക്കും. കുറഞ്ഞത് ഒരേക്കർ സ്ഥലവും ജനസമ്മിതിയും ഉറപ്പുവരുത്തിയാൽ 5 കോടി രൂപ പ്രത്യേക വികസന ഗ്രാന്റ് ആയി നൽകും.

12,000 പൊതു ടോയിലറ്റുകൾ

പൊതുസ്ഥലങ്ങളിലെ ടോയിലറ്റുകളുടെ അഭാവം കേരളത്തിൽ വിമർശനം ക്ഷണിച്ചു വരുത്താറുണ്ട്. ഇതിനൊരു മാറ്റം വരുത്തിക്കൊണ്ട് 12,000 പൊതു ടോയിലറ്റുകളാണ് ഈ വർഷം സംസ്ഥാനത്തുണ്ടാവുക. പ്രധാന പാതയോരത്തുള്ള പൊതുസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും പൊതുസ്ഥലങ്ങളിലെ ടോയിലറ്റ് ബ്ലോക്കുകൾ ഏറ്റെടുത്ത് ഭംഗിയായി നടത്തിയും ഈ ദൗർബല്യം പരിഹരിക്കും. വെറും ടോയിലറ്റ് എന്നതിനുപരി ടേക്ക്-എ-ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ എന്ന രീതിയിലും ഇവയെ സജ്ജമാക്കും. വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻ വെൻഡിംഗ് എന്നീ സംവിധാനങ്ങൾ വേണം.

എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒന്ന് വീതവും നഗരസഭകൾ രണ്ടും കോർപ്പറേഷനുകളിൽ അഞ്ചു വീതവും എന്നതാണ് ലക്ഷ്യമിടുന്നത്. ഇതിനായി സിഎസ്.ആർ- എംപി /എംഎൽഎ ഫണ്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ക്ലീനിംഗിനും പരിചരണത്തിനും കുടുംബശ്രീ നിയോഗിക്കുന്ന അംഗങ്ങളാവും. പെട്രോൾ പമ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 10,000 പൊതു ടോയിലറ്റുകൾ കൂടി ചേർന്നതാണ് പദ്ധതി.

തോടുകളുടെ ശുചീകരണം

ശുചിത്വത്തിലെന്നതു പോലെ നിരവധി പുത്തൻ മാതൃകകൾ സൃഷ്ടിച്ച മേഖലയാണ് ഇത്. മീനച്ചിലാർ - കോട്ടൂരാർ - മീന്തറയാർ, കിള്ളിയാർ, കാനാമ്പുഴയാർ, വരട്ടാർ-കുട്ടംപേരൂർ, കോലറയാർ എന്നിങ്ങനെ ജനകീയ കൂട്ടായ്മയുടെ വിജയഗാഥകൾ. ഈ വർഷം 50,000 കി.മീ. തോടുകൾ ശുചീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള ഓരങ്ങളുടെ സംരക്ഷണവും മത്സ്യകൃഷിയുമെല്ലാം ഇതിൽ ഉൾപ്പെടുത്താം. തൊഴിലുറപ്പ് പദ്ധതി, മൈനർ ഇറിഗേഷൻ, മണ്ണ്-ജലസംരക്ഷണ പരിപാടികൾ എന്നിവയെല്ലാം സംയോജിപ്പിക്കാനാവണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തിലാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ഒരുകോടി ഫലവൃക്ഷ തൈകൾ

കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോള താപനത്തിന്റെയും കാലഘട്ടത്തിൽ മറ്റൊരു മാതൃകാപരമായ പരിപാടിക്ക് കേരളം തുടക്കം കുറിക്കുകയാണ്. പ്രതിവർഷം ഒരുകോടി ഫലവൃക്ഷ തൈകൾ നട്ടു പരിപാലിച്ചു കൊണ്ടാണ് തുടക്കം. പൊതുസ്ഥലങ്ങളിൽ പരമാവധി പച്ചത്തുരുത്തുകൾ രൂപപ്പെടും. വാർഡ് ഒന്നിന് 75 തെങ്ങിൻ തൈകൾ നടുന്നതിലൂടെ നാളികേര രംഗത്ത് നഷ്ടപ്പെട്ട പ്രതാപം തിരിച്ചു പിടിക്കുകയും ആവാം.

ജൈവ പച്ചക്കറി

കൃഷിവകുപ്പിന്റെ 'ജീവനി' പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കുക. ഒപ്പം കുടുംബശ്രീയുടെ നേതൃത്വത്തിൽ 20,000 ഹെക്ടർ എങ്കിലും ജൈവ പച്ചക്കറികൃഷി നടപ്പാക്കാനാണ് പ്ലാൻ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് പ്രോജക്ടുകൾ ഇതിനായി ചിട്ടപ്പെടുത്താം. കുടുംബശ്രീ/സ്വയംസഹായ സംഘങ്ങൾ/ കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് മുൻഗണന നൽകി കൃഷിഭവൻ വഴി ഏകോപിപ്പിച്ചാണ് പരിപാടി. ഇതിനകം പ്രഖ്യാപിച്ച സുഭിക്ഷകേരളം പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കാം.

ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം

പ്രാദേശിക സാമ്പത്തിക വികസനത്തിൽ തൊഴിൽ സംരംഭങ്ങൾ പ്രധാന പങ്കാണ് വഹിക്കുന്നത്. കൊവിടാനന്തരമുള്ള ലോകത്ത് ഇതിനു കൂടുതൽ പ്രാധാന്യമാണുള്ളത്. സംസ്ഥാനത്ത് പ്രാദേശിക തലത്തിൽ 5,000 പുതിയ തൊഴിൽ സംരംഭങ്ങളാണ് ലക്ഷ്യമിടുന്നത്. പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങൾ, സാങ്കേതിക-സേവന ഗ്രൂപ്പുകൾ, കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ചെറുകിട വ്യവസായങ്ങൾ, സഹകരണ സംരംഭങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ, ഇറച്ചിക്കോഴി യൂണിറ്റുകൾ തുടങ്ങി നിരവധി ഇടപെടലുകളാണ് ആലോചിക്കുന്നത്. ഇതിനാവശ്യമായ സാങ്കേതിക സഹായം സംസ്ഥാന സർക്കാരിന്റെ സ്കിൽ പദ്ധതികൾ, പ്രദേശത്തെ സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭ്യമാക്കണം. യുവ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് ഇന്റേൺഷിപ്പ് എന്നതും ഇതിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

ഈ രംഗത്ത് ഇതിനകം നേടിയ നേട്ടങ്ങളെ അരക്കിട്ടുറപ്പിച്ചു പുതിയ തലത്തിലേക്ക് നീങ്ങാനുള്ള പരിപാടികളാണ് പ്രാദേശിക തലത്തിൽ ആലോചിക്കേണ്ടത്. സ്കൂളുകളിൽ വലിയ മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നത്. ഓണത്തിനു മുമ്പ് ക്ലാസ്സുകളിൽ

പന്ത്രണ്ടിന പരിപാടികളുടെ പുരോഗതി മുഖ്യമന്ത്രി വിലയിരുത്തി

ജനുവരി ഒന്നിന് പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടികളുടെ പുരോഗതി വിലയിരുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ഒരു കോടി വൃക്ഷത്തൈ നടുന്ന കാര്യത്തിൽ ആദ്യഘട്ടം വിജയിച്ചു. അതിന്റെ പരിപാലനത്തിൽ തദ്ദേശസ്ഥാപനങ്ങൾ ജാഗ്രത പുലർത്താൻ നിർദേശം നൽകി. പ്രദേശത്തെ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ ഇപ്പോൾ തന്നെ ഇതിൽ സജീവമായി ഭാഗഭാക്കാണ്. ബ്ലോക്ക് തലത്തിൽ നഴ്സറികൾ ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കും. കൃഷിവകുപ്പിലേതു പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ ചെടികൾ ഉൽപാദിപ്പിക്കാൻ കഴിയണം. അങ്ങനെ വന്നാൽ നാം വിതരണം ചെയ്യുന്ന ചെടികളുടെ എണ്ണം വർദ്ധിപ്പിക്കാനാകും.

റെയിൻ ഷെൽട്ടറുകളുടെ നിർമ്മാണം ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാനാകും. ആയിരം ഷെൽട്ടറുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടത്. പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങാൻ നിശ്ചയിച്ചിരുന്ന ഇത് നല്ല രീതിയിൽ വിജയമാവുകയാണ്. അതിൽ 285 എണ്ണം പൂർത്തിയായി. 354 എണ്ണം ആഗസ്റ്റ് 15നുള്ളിലും 361 എണ്ണം ആഗസ്റ്റ് 31നകവും പൂർത്തികരിക്കും. നമ്മുടെ നാടിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതാണ് റെയിൻ ഷെൽട്ടറുകൾ. വിദേശ രാജ്യങ്ങളിൽ ഗ്രീൻ ഹൗസാണ് ഉള്ളത്. നമുക്ക് ഇത് മതിയാകും. നല്ല മാറ്റം കാർഷിക രംഗത്ത് ഉണ്ടാക്കാൻ ഇതു വഴി സാധിക്കും.

ആഗസ്റ്റ് മാസത്തോടെ റോഡ് അറ്റകുറ്റജോലികൾ തുടങ്ങും. രണ്ടുഘട്ടങ്ങളിലായാണ് ഇത് നടപ്പാക്കുക. ഒന്നാം ഘട്ടത്തിൽ 2011 റോഡുകളുടെയും രണ്ടാം ഘട്ടത്തിൽ 2118 റോഡുകളുടെയുമാണ് അറ്റകുറ്റപണികൾ പൂർത്തീകരിക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്.

മത്സ്യകൃഷി ചെയ്യാൻ പൊതുകുളങ്ങൾ പാട്ടത്തിന് നൽകാൻ നടപടികളായി. ആഗസ്റ്റ് മാസത്തോടെ നടപടി പൂർത്തികരിക്കും. ഇതിനാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ എല്ലായിടത്തും എത്തിക്കാൻ നടപടി സ്വീകരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യം മോണിറ്റർ ചെയ്യണം. ഗതാഗത വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും യോജിച്ച് കെഎസ്ആർടിസി ടോയ്‌ലറ്റുകൾ നവീകരിക്കും.

സാമൂഹിക സന്നദ്ധസേനയിൽ 3.55 ലക്ഷം വോളന്റിയർമാരാണ് രജിസ്റ്റർ ചെയ്തത്. ഇതിൽ ഗണ്യമായ വിഭാഗം സജീവമായി നിലവിൽ രംഗത്തുണ്ട്. യൂത്ത് ലീഡർഷിപ്പ് അക്കാദമി ആഗസ്റ്റിൽ പ്രവർത്തനം ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അക്കവും അക്ഷരവും ഉറയ്ക്കാത്തവരെ നിർണ്ണയിച്ച് റെമഡിയൽ വിദ്യഭ്യാസ പദ്ധതി തയ്യാറാകണം. പിടിഎ യോഗങ്ങൾ വിളിച്ചു ചേർത്ത് ഇത് തയ്യാറാക്കണം. അക്ഷര മഹോത്സവവും കളിക്കൂട്ടവും എല്ലാം ഇതിന്റെ ഭാഗമാകാം. പുതിയ സാഹചര്യത്തിൽ നൂതനമായ രീതിയിൽ ഇവ ആവിഷ്ക്കരിക്കാം.

സാന്ത്വന ചികിത്സയും പരിചരണവും

നമ്മുടെ സംസ്ഥാനം നേരിടുന്ന പുത്തൻ വെല്ലുവിളികളിൽ ഒന്നാണ് ദീർഘസ്ഥായി രോഗങ്ങൾ. സ്വാഭാവികമായും സാന്ത്വന ചികിത്സയും പരിചരണവും ആവശ്യമായ പ്രശ്നമാണിത്. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒരു പാലിയേറ്റീവ് സംവിധാനം ഉറപ്പുവരുത്തണം എന്നാണു ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലും ചുമതലയിലും ഏകോപനത്തിലുമാണ് ഇത് നടപ്പിലാക്കേണ്ടത്. ഗൃഹപരിചരണത്തിൽ ഊന്നൽ നൽകണം. പാലിയേറ്റീവ് സംഘടനകളെ കൂടി ഉൾപ്പെടുത്തി വേണം പരിപാടി നടപ്പിലാക്കാൻ.

പട്ടികവിഭാഗങ്ങളുടെ ഉന്നമനം

ഇനിയും ഏറെ മുന്നേറേണ്ട മേഖലയാണിത്. തദ്ദേശ തലത്തിൽ അവലോകനം നടത്തി പ്രത്യേക പരിപാടികൾ ആവിഷ്കരിക്കണം. കോളനി/ഊര് സന്ദർശനവും വികസന വിടവ് കണ്ടെത്തലും നടത്തിക്കണം. ആരംഭിച്ചിട്ടുള്ള കോളനി/സങ്കേത നവീകരണ പദ്ധതികളുടെ പൂർത്തീകരണം ഈ വർഷം തന്നെയെന്ന് ഉറപ്പുവരുത്തണം. നിർമ്മാണം ആരംഭിച്ച വീട്ടുകളും പഠനമുറികളും പൂർത്തീകരിക്കണം. എസ്.സി./എസ്.ടി. പ്രതിഭകൾക്ക് പിന്തുണ നൽകുക എന്നത് നിർബന്ധ പ്രോജക്ട് എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണക്കാക്കണം.

നമ്മൾ നമുക്കായി

ദുരന്ത നിവാരണ രംഗത്ത് മറ്റുള്ള സംസ്ഥാനങ്ങൾക്ക് മാതൃകയായതാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ദുരന്ത നിവാരണ പദ്ധതി. കൊവിഡ് കാലത്ത് അതേറെ പ്രയോജനം ചെയ്തു. പുതിയ സാഹചര്യത്തിലും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി മെച്ചപ്പെടുത്തണം. വാർഡ് തിരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്കും മുൻകരുതലുകൾക്കും സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. എമർജൻസി റെസ്പോൺസ് ടീം, സാമൂഹ്യ സന്നദ്ധ സേന എന്നിവ രൂപീകരിച്ച് പരിശീലനം നൽകി ശക്തിപ്പെടുത്തണം.

ഈ പരിപാടികളുടെയെല്ലാം മുഖ്യ നിർവ്വഹണ ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും ഏകോപനം ഉറപ്പുവരുത്തണം.

ഓരോ പരിപാടിക്കും മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിച്ചു വേണം മുന്നോട്ടു നീങ്ങാൻ. ജില്ലാ ആസൂത്രണ സമിതികൾ ഇതിനായി ജില്ലാ തലത്തിൽ നേതൃത്വം നൽകണം.

ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിൽ നവകേരള നിർമ്മാണത്തിനു നിർണ്ണായകമായ പങ്കാണ് പന്ത്രണ്ടിന പരിപാടിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നത്. □

ദുരന്ത നിവാരണ രംഗത്ത് മറ്റുള്ള സംസ്ഥാനങ്ങൾക്ക് മാതൃകയായതാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ദുരന്ത നിവാരണ പദ്ധതി. കൊവിഡ് കാലത്ത് അതേറെ പ്രയോജനം ചെയ്തു.

ജീവന്റെ വിലയുള്ള ജാഗ്രത മുദ്രാവാക്യവുമായി ബ്രേക്ക് ദി ചെയിൻ മൂന്നാംഘട്ടത്തിലേക്ക്

'ജീവന്റെ വിലയുള്ള ജാഗ്രത' എന്ന മുദ്രാവാക്യം ഉയർത്തി ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ മൂന്നാംഘട്ടത്തിലേക്ക് കടക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

കോറോണ വൈറസ് രോഗികളിൽ 60 ശതമാനത്തോളം പേരും രോഗലക്ഷണമില്ലാത്തവരാണ്. അതിനാൽ കൊവിഡ് വ്യാപനത്തിന്റെ ഈ ഘട്ടത്തിൽ ബ്രേക്ക് ദി ചെയിൻ ക്യാമ്പയിനിന്റെ ഭാഗമായി 'ആരിൽ നിന്നും രോഗം പകരാം' എന്ന ഒരു പ്രധാന ജാഗ്രത നിർദ്ദേശം കൂടി പൊതുജനങ്ങൾക്ക് നൽകുകയാണ്.

നമ്മൾ ഓരോരുത്തരും ദിവസവും സമ്പർക്കം പുലർത്തുന്ന മാർക്കറ്റുകൾ, തൊഴിൽ ഇടങ്ങൾ, വാഹനങ്ങൾ, ആശുപത്രികൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽനിന്ന് ആരിൽ നിന്നും ആർക്കും രോഗം പകരാനിടയുണ്ട്. അതുകൊണ്ട് ഒരാളിൽ നിന്നും മിനിമം രണ്ടു മീറ്റർ അകലം പാലിച്ചുകൊണ്ട് സ്വയം സുരക്ഷിത വലയം തീർക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

ഇടപഴകുന്ന എല്ലാ സ്ഥലങ്ങളിലും ചുറ്റും രണ്ട് മീറ്റർ അകലം ഉറപ്പുവരുത്തണം. ഈ സുരക്ഷിത വലയത്തിനുള്ളിൽ നിന്നു കൊണ്ട് മാസ്ക് ധരിച്ചും സോപ്പ്, സാനിറ്റൈസർ എന്നിവ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കിയും വൈറസ് വ്യാപനത്തിന്റെ കണ്ണി പൊട്ടിക്കുന്നത് ശക്തമാക്കണം. ആൾക്കൂട്ടം ഒരു കാരണവശാലും അനുവദിക്കരുത്.

രോഗവ്യാപനത്തിന്റെ ഈ ഘട്ടത്തിൽ ലോകത്തിലെ പ്രധാന രാജ്യങ്ങളിലും ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും വലിയ തോതിൽ മരണങ്ങൾ ഉണ്ടാവുകയാണ്. ഈ ഘട്ടത്തിലും നമുക്ക് മരണനിരക്ക് വളരെ കുറച്ചു നിർത്താൻ കഴിയുന്നത് നമ്മൾ പുലർത്തുന്ന ജാഗ്രത കൊണ്ടാണ്. ഈ ജാഗ്രതയ്ക്ക് നമ്മുടെ ജീവന്റെ വിലയുണ്ട്. അതുകൊണ്ട് ഈ മുദ്രാവാക്യം എല്ലാവരും ഏറ്റെടുത്തു കൊണ്ട് നമുക്ക് കൊവിഡ് 19ന് എതിരായ പ്രതിരോധം ശക്തമായി തുടരാമെന്ന് അദ്ദേഹം പറഞ്ഞു.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പും വികേന്ദ്രീകൃത ജില്ലാഘടനയും

■ **ഡോ. സി.പി. വിനോദ്**

ഭരണഘടനയുടെ 11,12 പട്ടികകളോട് നീതി പുലർത്താൻ കഴിയും വണ്ണം ക്ലാർക്കുമാരായാലും സെക്രട്ടറിമാരായാലും തദ്ദേശസ്വയംഭരണ സ്ഥാപന ജീവനക്കാരെന്ന നിലയിൽ വികസന-സേവന-സന്നദ്ധ പ്രവർത്തനങ്ങൾ നടത്താനും സഹായിക്കാനും ശേഷിയുള്ളവരായി മാറണം എന്നതാണ് പുതിയ സംവിധാനത്തിന്റെ കേന്ദ്ര ആശയം.

ചരിത്രപരമായ 73, 74 ഭരണഘടനാ ഭേദഗതികളെ സാക്ഷാത്ക്കരിക്കുന്നതിന് കേരളത്തിൽ ആവിഷ്കരിച്ച ജനകീയാസൂത്രണപദ്ധതി 25 വർഷങ്ങൾ പൂർത്തിയായ സാഹചര്യത്തിലാണ് രാജ്യത്തിന്റെ അധികാരവികേന്ദ്രീകരണ ചരിത്രത്തിൽതന്നെ ഒരു പ്രധാന നടപടിയായി ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പും പൊതു സർവ്വീസും കേരളത്തിൽ യാഥാർത്ഥ്യമാകുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെയും അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെയും പ്രവർത്തനങ്ങളുടെ തുടർഫലമായി 2008 ൽ എടുത്ത ഒരു തീരുമാനം കൂടിയാണ് ഇത്രയും വർഷങ്ങൾക്കിപ്പുറം സാക്ഷാത്ക്കരിക്കപ്പെടുന്നത്.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും സാധ്യമാക്കുന്ന പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് ഉതകും വിധം സംസ്ഥാന സർക്കാരുകൾ അധികാരം കൈമാറിക്കൊണ്ട് സ്വയംഭരണത്തിനുള്ള സ്ഥാപനങ്ങളാക്കി പഞ്ചായത്തുകളെയും നഗരസഭകളെയും മാറ്റുക എന്നതാണ് ഭരണഘടനാപരമായ ലക്ഷ്യം. 11, 12 പട്ടികകളിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചുമതലകളും ഈ ചുമതലകൾ നിറവേറ്റാനാവശ്യമായ ജീവനക്കാരും ഫണ്ടും കൈമാറുക എന്നതാണ് അധികാര കൈമാറ്റം എന്നതിന്റെ വിവക്ഷ. അധികാരം എത്രത്തോളം എങ്ങനെയൊക്കെ വിട്ടുകൊടുക്കണം എന്ന കാര്യം സംസ്ഥാനപരിധിയിലുമാണ്.

അനുച്ഛേദം 243 ജി യുടെ അന്തസത്തയ്ക്ക് അനുസരിച്ചു തന്നെയാണ് പട്ടികപ്പെടുത്തിയ വിഷയങ്ങൾ പ്രാദേശികമായി നിർവ്വഹിക്കുന്നതിനുള്ള എല്ലാവിധ വ്യവസ്ഥകളും കേരള പഞ്ചായത്ത്‌രാജ്- മുനിസിപ്പാലിറ്റി നിയമങ്ങളിലും ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തിന് ഒട്ടാകെയോ ജില്ലയ്ക്കു മാത്രമായോ തദ്ദേശസ്വയംഭരണ ജീവനക്കാർക്കായുള്ള സർവ്വീസ് ഉണ്ടാക്കാം എന്ന് പഞ്ചായത്ത് നിയമത്തിലെ സെക്ഷൻ 179(3)ൽ ചേർത്തി

രിക്കുന്നതിന്റെ അടിസ്ഥാനവും ഇതുതന്നെയാണ്. ദേശീയതലത്തിൽ ഇന്ത്യയുടെ വികേന്ദ്രീകരണ അനുഭവത്തെക്കുറിച്ചും വരേണ്ടുന്ന മാറ്റങ്ങളെക്കുറിച്ചും മണിശങ്കർ അയ്യർ കമ്മീഷൻ 2013ൽ പുറത്തിറക്കിയ ബൃഹത്തായ റിപ്പോർട്ടും കൂടാതെ ഇതേ കാലയളവിൽ കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം കേരളമടക്കം അഞ്ചു സംസ്ഥാനങ്ങളെ താരതമ്യം ചെയ്തു നടത്തിയ പഠനവും വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ അനുയോജ്യമായ ഒരു കേഡർ വിഭാവനം ചെയ്യുന്നു.

കേരളത്തിലെ മാറ്റം

നിശ്ചിത സമയത്തിനുള്ളിൽ അന്തിമപ്പെടുത്തി പ്രസിദ്ധീകരിക്കേണ്ടുന്ന കരട് ചട്ടങ്ങൾക്ക് വിധേയമായി ചുമതലാപരമായ ഏകോപനം സാധ്യമാക്കുന്ന വിധം പ്രിൻസിപ്പൽ ഡയറക്ടറേറ്റിനകത്ത് വ്യത്യസ്ത വിംഗുകൾ രൂപീകരിച്ച് ഒരു ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ ജില്ലാ ഏകീകൃത വകുപ്പിനുള്ള ജില്ലാ കാര്യാലയം സജ്ജമാക്കുന്നതിനുള്ള ഉത്തരവാണ് ഗവണ്മെന്റ് പുറപ്പെടുവിച്ചിരിക്കുന്നത്. സർക്കാർ തീരുമാനത്തിലെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലയ്ക്കകത്ത് ഒരു ഏകോപിത സംവിധാനവും അതിന്റെ കാര്യാലയവും വരുന്നു എന്നത്. നിലവിൽ വ്യത്യസ്ത വകുപ്പുകളിലായി വേർതിരിഞ്ഞിരിക്കുന്ന പ്ലാനിംഗ് വിദഗ്ധരും എൻജിനീയർമാരുമടക്കം വ്യത്യസ്ത ശേഷിയുള്ളവരെ ഏകോപിപ്പിക്കുകയും ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ സഹായങ്ങൾ എത്തിക്കാനും കഴിയും വിധം പ്രവർത്തനങ്ങൾ കൂട്ടായ ആലോചനയിലൂടെ ആവിഷ്കരിക്കാൻ കഴിയുന്ന ഒരു ഉദ്യോഗസ്ഥ സംവിധാനമാണ് ഇതിലൂടെ രൂപപ്പെടുക. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടും മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും ഉണ്ടാകുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥതല മുൻകൈ പ്രവർത്തനങ്ങൾ ഒരു ടീം എന്ന നിലയിൽ നടത്തുന്നതിന് ജില്ലാ കാര്യാലയത്തിന് കഴിയുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല നേതൃത്വത്തിന്റെ സഹായത്തോടെ ഭരണപരമായ പ്രശ്നങ്ങൾ പരമാവധി ജില്ലയിൽ തന്നെ പരിഹരിക്കാൻ കഴിയും വിധം ജില്ലാ ഓഫീസുകൾക്ക് പ്രാധാന്യം കൈവരുന്ന രീതിയിൽ ഉദ്യോഗസ്ഥ സംവിധാനം വികേന്ദ്രീകരിക്കപ്പെടുന്ന പ്രക്രിയയാണ് വകുപ്പുകളുടെ ഏകീകരണത്തിലൂടെ സംഭവിക്കുന്നത്. ഭരണഘടനാ സംവിധാനങ്ങളായ പഞ്ചായത്തിരാജ് –നഗരപാലികാ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരടങ്ങുന്ന എല്ലാ ഉദ്യോഗസ്ഥരും അതതു സ്ഥാപനങ്ങളുടെ ജീവനക്കാരെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട സംവിധാനങ്ങൾക്ക് വിധേയരാണ്. ഇതേ കാരണംകൊണ്ട് തന്നെ ഏകോപനത്തിനും (coordination) സജ്ജമാക്കലിനും (facilitation) ഉപരിയായി അമിതാധികാര പ്രയോഗങ്ങൾക്കുള്ള യാതൊരു സാധ്യതകളും നിലനില്ക്കുകയുമില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും കളക്ടർ സെക്രട്ടറിയുമായ ആസൂത്രണ സമിതിയോട് പദ്ധതി അനുബന്ധ കാര്യങ്ങളിൽ ജില്ലാകാര്യാലയം സ്വാഭാവികമായും വിധേയപ്പെട്ടിരിക്കുകയും ചെയ്യും.

എന്തു കൊണ്ട് ജില്ല?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ജില്ലയാണ് ഏകോപനം പ്രായോഗവല്കരിക്കപ്പെടുന്ന ഉയർന്ന തലം. വികസന ആസൂത്രണ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനുള്ള അധികാരങ്ങളും ചുമതലകളും കൈമാറുന്നത് സംബന്ധിച്ച് ഭരണഘടനയുടെ അനുച്ഛേദം 243 ജിയും 243 ഡബ്ല്യുവിനോടൊപ്പം ചേർത്തു വായിക്കേണ്ട 243 ഇസെഡ് (ഡി) ജില്ലയെ ഏകോപിപ്പിച്ച് ആസൂത്രണം സാധ്യമാക്കുന്നതിനുള്ള കമ്മിറ്റിയെ വ്യവസ്ഥ ചെയ്യുന്നു. ഇതു വ്യവസ്ഥ ചെയ്തിരിക്കുന്നതാകട്ടെ മുനിസിപ്പാലിറ്റികളെ കുറിച്ചുള്ള അധ്യായത്തിലുമാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ആസൂത്രണ പ്രക്രിയയെ വിവക്ഷിക്കുകയും ജില്ലാടിസ്ഥാനത്തിൽ ഇതിനെ ഏകോപിപ്പിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ ചുമതലപ്പെടുത്തുകയുമാണ് ഭരണഘടന ഭേദഗതിമൂലം ചെയ്തിരിക്കുന്നത്.

> ദുരന്ത, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അത്യാവശ്യഘട്ടങ്ങളിൽ സാങ്കേതികവും അല്ലാത്തതുമായ ഉദ്യോഗസ്ഥരെ ഒരു ജില്ലയ്ക്കകത്ത് ആവശ്യാനുസരണം വിന്യസിക്കുന്നതിന് ഏകീകൃത ജില്ലാ എൽ.എസ്.ജി.ഡി സംവിധാനത്തിന് സാധ്യമാവും.

ജില്ലയിലെ തദ്ദേശസ്വയംഭരണ സംവിധാനത്തിൽ വരാവുന്ന ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെ?

ത്രിതല പഞ്ചായത്തുകളിലെയും നഗരപാലികാ സ്ഥാപനങ്ങളുടെയും ദൈനംദിന ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉടൻ പരിഹാരങ്ങൾ കണ്ടെത്തുന്നതിന് ആസൂത്രണ സമിതിയുടെ രാഷ്ട്രീയ നേതൃത്വത്തെയടക്കം സമീപിച്ചു കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതിനുള്ള സുശക്തമായ സംവിധാനമാകും നിലവിൽ വ്യത്യസ്ത വകുപ്പുകളായി വേർതിരിഞ്ഞു കഴിയുന്ന ഉദ്യോഗസ്ഥർ കൂടിച്ചേരുന്നതിലൂടെ നടക്കുന്നത്. ഇതു സാദ്ധ്യമാക്കുന്നതിനുള്ള വകുപ്പു പരിപാലന (Management) പ്രാപ്തിയിലേക്കാണ് ജില്ലാ മേധാവി ഉയരുക. പ്രശ്നപരിഹാരങ്ങളിൽ ഉദ്യോഗസ്ഥരെ ഇടപെടുത്തുന്നതിനുള്ള രാഷ്ട്രീയ മുൻകൈ ആസൂത്രണ സമിതി അധ്യക്ഷനിലൂടെ എടുക്കാൻ ജനപ്രതിനിധികൾക്കും കഴിയും. അധികാര ഘടനയിൽ ഉണ്ടാകുന്ന ഇത്തരമൊരു സന്തുലിതാവസ്ഥ പ്രാദേശികഭരണ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് പുതിയ ഊർജ്ജം തീർച്ചയായും നല്കും.

ജില്ലാതലത്തിലുള്ള ആസൂത്രണ പ്രക്രിയ നിലവിലുള്ളതുപോലെ നടക്കുമ്പോൾ തന്നെ ഇതു നിർവ്വഹണ തലങ്ങളിൽ ആസൂത്രണം ചെയ്തതുപോലെ തന്നെ നടക്കുന്നു എന്ന പരിശോധന നടത്താൻ ജില്ലാ കാര്യാലയത്തിന്റെ സഹായത്തോടെ ആസൂത്രണ സമിതിയ്ക്കു കഴിയുന്നു. ഇതുവഴി താഴെപറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും ഏകോപനവും കൂടുതൽ കാര്യക്ഷമമാകുന്നു. സംസ്ഥാന–കേന്ദ്ര ഫണ്ടുകൾ ഉപയോഗിക്കപ്പെടേണ്ടത് ഒരേ പഞ്ചായത്തിലും പഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്കുകളിലുമാണെങ്കിലും ഉപയോഗിക്കപ്പെടുന്ന പണം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള കൂട്ടായ ആലോചനകളും പ്ലാനിങ്ങും ബ്ലോക്ക് അടി

സ്ഥാനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ നിലവിൽ നടക്കുന്നില്ല. പലപ്പോഴും സംയോജിതമായും മുൻകൂട്ടിയുള്ള ആലോചനയുടെയും അടിസ്ഥാനത്തിൽ പ്രവൃത്തികൾ തീരുമാനിക്കപ്പെടുകയാണെങ്കിൽ കൂടുതൽ മെച്ചപ്പെട്ട ഫലം കിട്ടുമെന്നത് ഒരു സാധാരണ യുക്തി മാത്രമാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ സംയോജിതാടിസ്ഥാനത്തിലുള്ള വലിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു. പുഴ വീണ്ടെടുക്കൽ, ഗ്രൂപ്പ് ഫാമിംഗ്, മാലിന്യ സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉദാഹരണമാണ്.
- ആസൂത്രണ പ്രവർത്തനങ്ങളിൽ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ സംയുക്തമായ പിന്തുണ ഉറപ്പവരുത്താൻ കഴിയുന്നു. ജില്ലാ ആസൂത്രണ സമിതിയിലേക്കു പോകുന്നതിനു മുന്നോടിയായി കൂട്ടായ ചർച്ചകളിലൂടെ പദ്ധതികളുടെ സാങ്കേതിക മേന്മയും സമയക്രമവുമടക്കമുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തതയും വരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നു.
- പദ്ധതി നടത്തിപ്പും അവലോകനവും കൂടുതൽ കാര്യക്ഷമമായി നടത്തിക്കുന്നതിനുള്ള സാഹചര്യം ലഭ്യമാകുന്നു. മേഖലാടിസ്ഥാനത്തിൽ തുറന്ന ചർച്ചകൾ നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ആസൂത്രണ സമിതിയ്ക്ക് വേണ്ടി ചെയ്യാൻ കഴിയുന്നു. ഇതു സുതാര്യത ഉറപ്പു വരുത്താൻ സഹായകമാവുകയും ചെയ്യും.
- ദുരന്ത, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അത്യാവശ്യഘട്ടങ്ങളിൽ സാങ്കേതികവും അല്ലാത്തതുമായ ഉദ്യോഗസ്ഥരെ ഒരു ജില്ലയ്ക്കകത്ത് ആവശ്യാനുസരണം വിന്യസിക്കുന്നതിന് ഏകീകൃത ജില്ലാ എൽ.എസ്.ജി.ഡി സംവിധാനത്തിന് സാധ്യമാവും. ഇത്തരം സാഹചര്യങ്ങളിൽ മറ്റു സന്നദ്ധ പ്രവർത്തകരും വിദഗ്ധരുമടങ്ങുന്ന മറ്റുതരത്തിലുള്ള മനുഷ്യവിഭവശേഷി സംഘടിപ്പിച്ചു കൊടുക്കുന്നതിനും ജില്ലാ കാര്യാലയത്തിനു കഴിയുന്നു.
- ബ്ലോക്ക് പഞ്ചായത്തുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും ഇടയിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം ഉദ്യോഗസ്ഥർ ഒറ്റ വകുപ്പിലാകുന്നതോടെ ഉണ്ടാകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കൂട്ടായ ശ്രദ്ധ പതിപ്പിക്കാൻ ഇതു സഹായിക്കുന്നു.
- നഗരഗ്രാമങ്ങൾക്കിടയിലുള്ള മാലിന്യനിർമ്മാർജ്ജന പ്രശ്നങ്ങൾ യോജിച്ചു പരിഹരിക്കുന്നതിനും സാമ്പത്തിക സഹകരണത്തിലൂന്നിയുള്ള വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള സാധ്യതകൾ വളരുന്നു.
- പരിസ്ഥിതി സൗഹൃദപരമായ വികസന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനും ശാസ്ത്രീയമായി ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വിദഗ്ദരുടെ സേവനം പഞ്ചായത്തുകൾ വരെ ലഭ്യമാക്കാൻ കഴിയുന്ന സാഹചര്യവും ഉണ്ടാകുന്നു. കൂടാതെ ഓരോ പഞ്ചായത്തിലടക്കം ദീർഘകാല പ്ലാനുകൾ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനു കഴിയുന്നു. ഇതുകൂടാതെ പ്ലാനിംഗ് വിഭാഗത്തിന്റെ വൈദഗ്ധ്യം ഉപയോഗിച്ച തന്നെ വ്യത്യസ്ത മേഖലകളിൽ പ്രശ്നാധിഷ്ഠിതമായി പ്രത്യേക പ്ലാനുകളും തയ്യാറാക്കാൻ കഴിയുന്നു. ഉദാഹരണത്തിനു കൃഷിയിലും പൊതുജനാരോഗ്യരംഗത്തും മാലിന്യനിർമ്മാർജ്ജനത്തിലുമെല്ലാം ഇത്തരം പ്ലാനുകൾ അതാതിടങ്ങളുടെ പ്രത്യേകതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സാധ്യമാകുന്നു.

ജില്ലാടിസ്ഥാനത്തിലുള്ള മനുഷ്യവിഭവശേഷി വിന്യാസം

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ ഒറ്റ ഓഫീസിന് കീഴിൽ വരുന്നതോടെ ഇവരുടെ പ്രവർത്തന മികവ് ഉയർത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിന് ജില്ല എന്ന തലം സഹായകമാകുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി പദവിക്കും അതിനു മുകളിലേക്കും ഉയരുന്നതിനുള്ള സാധ്യതയാണ് ക്ലറിക്കൽ തസ്തികയിൽ പ്രവേശിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ഏകീകരണത്തോടെ കൈവരുന്നത്.

> പരിസ്ഥിതി സൗഹൃദപരമായ വികസന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനും ശാസ്ത്രീയമായി ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വിദഗ്ദരുടെ സേവനം പഞ്ചായത്തുകൾ വരെ ലഭ്യമാക്കാൻ കഴിയുന്ന സാഹചര്യവും ഉണ്ടാകുന്നു.

ഭരണഘടനയുടെ 11,12 പട്ടികകളോട് നീതി പുലർത്താൻ കഴിയും വണ്ണം ക്ലാർക്കുമാരായാലും സെക്രട്ടറിമാരായാലും തദ്ദേശസ്വയംഭരണ സ്ഥാപന ജീവനക്കാരെന്ന നിലയിൽ വികസന-സേവന-സന്നദ്ധ പ്രവർത്തനങ്ങൾ നടത്താനും സഹായിക്കാനും ശേഷിയുള്ളവരായി മാറണം എന്നതാണ് പുതിയ സംവിധാനത്തിന്റെ കേന്ദ്ര ആശയം. ഇതിനാവശ്യമായ വിധം ജില്ലയിലെ ഓരോ സ്ഥാപനത്തിലെയും ജീവനക്കാരെ സന്നദ്ധമാക്കുന്നതിനുള്ള വളരെ പ്രധാനപ്പെട്ട നേതൃചുമതലയും ജില്ലാ കാര്യാലയത്തിനു വഹിക്കാനാവും. ഉദാഹരണത്തിന് ഒരു പഞ്ചായത്തിന് ആവശ്യമായ ഗ്രാമസഭാ സംഘാടനവും വിഭവസമാഹരണവും വികസന നടത്തിപ്പും അടക്കം വ്യത്യസ്ത സ്വഭാവമുള്ള ജോലികൾ നിർവ്വഹിക്കാൻ പര്യാപ്തമാക്കി മാറ്റുന്നതിന്റെ മേൽനോട്ടവും ജില്ലാ കാര്യാലയത്തിനു നിർവ്വഹിക്കാനാവും. ഏകീകൃത സർവീസിൽ പ്രവേശിക്കുന്നവരെ സാമ്പ്രദായിക അർത്ഥത്തിലുള്ള ക്ലറിക്കൽജോലി ചെയ്യുന്നവരായി കാണാതെ എൽ എസ് ജി ഡി അസിസ്റ്റന്റുമാരെന്ന നിലയിൽ എല്ലാ ജോലികളും ചെയ്യാൻ പ്രാപ്തിയുള്ളവരാക്കുകയും ഇവർ മികച്ച സെക്രട്ടറിമാരായി മുകളിലേക്ക് ഉയർന്നു പോകുന്നതിനുള്ള പിന്തുണ സംസ്ഥാന ഓഫീസിലെ മനുഷ്യവിഭവശേഷി വികസന വിംഗിലൂടെ ഏകോപിപ്പിച്ചു കൊണ്ട് കിലയുമായി ചേർന്ന് സമഗ്ര പരിശീലനം നല്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും ജില്ലാ കാര്യാലയത്തിനു കഴിയുന്നതാണ്. കൂടാതെ നേരത്തെ സൂചിപ്പിച്ചതുപോലെ വ്യത്യസ്ത വിഷയങ്ങളിൽ ആവശ്യമായി വരുന്ന സാങ്കേതിക വൈദഗ്ധ്യം പഞ്ചായത്തുകളിലടക്കം വ്യത്യസ്തവഴികളിൽ സംഘടിപ്പിക്കുന്നതിനുള്ള ചുമതലയും എടുക്കാവുന്നതാണ്. ഇത്തരത്തിൽ ജനകേന്ദ്രീകൃതമായവിധം ഭരണ നിർവ്വഹണ സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള അവസരമാണ് ഏകീകൃത വകുപ്പു രൂപീകരണവുമായി ബന്ധപ്പെട്ട മാറ്റങ്ങളിലൂടെ കൈവരുന്നത്. □

ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാനാണ്.

കൊവിഡിനൊപ്പം പ്രളയത്തെയും മുന്നിൽ കാണണം : മന്ത്രി എ.സി. മൊയ്തീൻ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തി വരുന്ന കൊവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കൊപ്പം വരുംനാളുകളിൽ പ്രളയത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള മുന്നൊരുക്കങ്ങളും നടത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. കില സംഘടിപ്പിച്ച വീഡിയോ കോൺഫറൻസിൽ തദ്ദേശഭരണസ്ഥാപന പ്രതിനിധികളുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യവകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചറും യോഗത്തിൽ സന്നിഹിതയായിരുന്നു.

കേരളത്തിൽ കൊവിഡ് സമ്പർക്കരോഗികളുടെ എണ്ണം അപകടകരമാം വിധം കൂടിവരികയാണ്. കൂടുതൽ ശ്രദ്ധയും ജാഗ്രതയും നേരത്തെ നടത്തിയപോലുള്ള കർശനമായ നടപടികളും നിലപാടുകളും സ്വീകരിച്ചു കൊണ്ട് രോഗവ്യാപനം തടയാൻ നമുക്ക് കഴിയണം. അതിനാവശ്യമായ തയ്യാറെടുപ്പുകളാവണം നാം നടത്തേണ്ടത്. തദ്ദേശസ്ഥാപനതലത്തിൽ 100 പേരെയെങ്കിലും ചികിത്സിക്കാനാകുന്ന തരത്തിൽ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ പ്രവർത്തനം തുടങ്ങാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. താഴെ തട്ടിലുള്ള മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ നമുക്ക് കൊവിഡിനെ നിയന്ത്രിക്കാനാകൂ. ഗ്രാമ-നഗര വ്യത്യാസമില്ലാതെ എല്ലാ സ്ഥലങ്ങളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഇ.ആർ.ടി.കൾ, ആർ.ആർ.ടി.കൾ/വാർഡുതല സമിതികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തന ങ്ങൾക്ക് ഇവരെ ഉപയോഗപ്പെടുത്താവുന്നതാണ്. അവർക്കുള്ള പരിശീലനപരിപാടി കിലയും ആരോഗ്യവകുപ്പും ചേർന്ന് നടത്തുന്നതാണ്. കക്ഷിരാഷ്ട്രീയത്തിന് അതീതമായി അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതെ ഒന്നിച്ചുപോകുന്നതാണ് കേരളത്തിന്റെ വിജയമെന്നും മന്ത്രി പറഞ്ഞു. □

പ്രാധാന്യം കൊടുക്കേണ്ടത് കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്ക്

– മന്ത്രി കെ. കെ. ശൈലജ ടീച്ചർ

കൊവിഡ്-19 രോഗവ്യാപനം മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിച്ച സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ CFLTC കൾ സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് പ്രാധാന്യം നൽകണമെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു. CFLTC കൾക്കായി കെട്ടിടം കണ്ടെത്തുകയും അവിടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. കിടക്കകൾ, അനുബന്ധ സൗകര്യങ്ങൾ, ഫാൻ, ഭക്ഷണം, ഇവർക്ക് ആവശ്യത്തിനുള്ള ശൗചാലയങ്ങൾ എന്നിവയും പരിശോധനയ്ക്കായുള്ള പ്രത്യേക മുറി എന്നിവയും സജ്ജമാക്കണം. ഈ സെന്ററുകളിലേക്ക് ആവശ്യത്തിന് ആരോഗ്യപ്രവർത്തകരും സന്നദ്ധപ്രവർത്തകരും വേണം ഇവർക്ക് താമസിക്കുന്നതിനും ക്വാറന്റൈനിൽ കഴിയുന്നതിനുമായി പ്രത്യേക സൗകര്യവുമൊരുക്കണം. മറ്റൊരു പ്രധാന ഘടകമായ കൊവിഡ് കെയർ സെന്ററുകൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചുവരുന്നു. മൂന്നാമത്തേത് കൊവിഡ് സ്പെഷ്യലൈസ്ഡ് ആശുപത്രികൾ സജ്ജീകരിക്കുക എന്നതാണ്. അതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

നമ്മൾ കാണിച്ച ജാഗ്രത കൊണ്ട് സമ്പർക്കരോഗികളുടെ എണ്ണം ഒന്നാംഘട്ടത്തിൽ നമുക്ക് പിടിച്ച് നിർത്താനായി. ഒരാൾക്ക് രോഗം വന്നാൽ അത് മറ്റുള്ളവരിലേക്ക് പകരാതിരിക്കാനാണ് നമ്മൾ ശ്രമിക്കേണ്ടത്. കേന്ദ്രസർക്കാർ ലോക്ക്ഡൗൺ നീക്കിയശേഷം രാജ്യത്തിന്റെ പല ഭാഗത്ത് നിന്നുള്ളവരും വിദേശരാജ്യങ്ങളിൽ നിന്നുള്ളവരും കേരളത്തിലേക്ക് വരാൻ തുടങ്ങി. എല്ലാ അതിർത്തി പ്രദേശങ്ങളിലും നമ്മൾ കർശനമായ നിരീക്ഷണപ്രർത്തനങ്ങൾ നടത്തി. എങ്കിലും തീരദേശ മേഖലയിൽ ഉൾപ്പെടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലായി കൊവിഡ് രോഗികളുടെ ക്ലസ്റ്ററുകൾ രൂപപ്പെട്ടു. അപ്പോൾതന്നെ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പോലീസും ചേർന്ന് ക്ലസ്റ്റർ മാനേജ്മെന്റ് ആക്ഷൻപ്ലാൻ രൂപീകരിച്ചു. ക്ലസ്റ്ററുകൾ പൂർണമായി അടച്ച് എല്ലാവരെയും ടെസ്റ്റ് ചെയ്യുകയും പോസിറ്റീവ് ആകുന്നവരെ ആശുപത്രിയിലേക്കും അല്ലാത്തവരെ ഹോം ക്വാറന്റൈനിലും പോകാൻ നിർദേശിച്ചു. ചില സ്ഥലങ്ങളിൽ രോഗം നിയന്ത്രണ വിധേയമായപ്പോൾ പൂന്തുറ പോലുള്ള സ്ഥലങ്ങളിൽ അത് സമൂഹവ്യാപനത്തിൽ എത്തുകയുണ്ടായി. ക്ലസ്റ്റർ നിയന്ത്രണമാണ് ഇനി നമ്മുടെ ലക്ഷ്യം. കേരളത്തിലെ ജനസംഖ്യയും വയോജനങ്ങളുടെ എണ്ണവും പരിഗണിച്ചാൽ കൊവിഡ് മരണനിരക്ക് 0.3%ൽ നിർത്താൻ നമുക്ക് കഴിഞ്ഞത് എല്ലാവരുടെയും ഒന്നിച്ചുള്ള ഇടപെടൽകൊണ്ടാണ്. ഈ പ്രവർത്തനങ്ങൾ ഇനിയും തുടരണമെന്നും മന്ത്രി പറഞ്ഞു.

CFLTC കളിലെ സ്റ്റാഫ് പാറ്റേണിനെ കുറിച്ച് ഒരു ചാർട്ട് തയ്യാറാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. അതിൽ എത്ര ആളുകൾ ഉണ്ടാകണം, സ്റ്റാഫുകളുടെ റൊട്ടേഷൻ, വിശ്രമം എന്നിവ സംബന്ധിച്ച ചാർട്ട് തയ്യാറാകുന്നുണ്ട്. ആരോഗ്യപ്രവർത്തകരുടെ എണ്ണത്തിലുള്ള കുറവ് കണക്കിലെടുത്ത് താൽക്കാലിക നിയമനങ്ങൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുവാൻ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പും അനുമതി നല്കിയിട്ടുണ്ട്. കൊവിഡ് പരിശോധനാഫലം കൂടുതൽ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കും. മാലിന്യനിർമ്മാർജ്ജനം പ്രധാന പ്രശ്നമാണ്. അതിനാൽ CFLTC ക്ക് സമീപം ഇൻസിനറേറ്റർ സ്ഥാപിച്ച് മാലിന്യങ്ങൾ അപ്പപ്പോൾ തന്നെ കത്തിച്ച് കളയുന്നതിനും കുഴികമ്പോസ്റ്റ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനുമാണ് തീരുമാനിച്ചിരിക്കുന്നത്. കൊവിഡിനെതിരെയുള്ള യുദ്ധത്തിനെന്നപോലെ തന്നെ പകർച്ചവ്യാധികൾക്ക് എതിരെയും നല്ല ശ്രദ്ധ ആവശ്യമാണെന്നും ആരോഗ്യമന്ത്രി യോഗത്തിൽ വിശദമാക്കി.

കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഓരോ ജില്ലയുടെയും ചുമതല ഓരോ മന്ത്രിമാർക്ക് നല്കിയിട്ടുണ്ട്. അടിയന്തര പ്രാധാന്യമർഹിക്കുന്ന തീരുമാനങ്ങൾ അവർക്ക് കൈക്കൊള്ളാം. കൂടാതെ ദുരന്ത നിവാരണ നിയമമനുസരിച്ച് ജില്ലാ കളക്ടർക്കും അധികാരമുണ്ട്. ഇവർക്ക് പുറമെ ഓരോ ജില്ലയിലേക്കും ഒന്നോ രണ്ടോ ഐ.എ.എസ്. ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ മാലിന്യസംസ്കരണത്തിന് ഒരു ഏജൻസിയെ നിയമിക്കുക പ്രായോഗികമല്ല. അതാത് പ്രദേശത്തുതന്നെ പ്രത്യേക സ്ഥലങ്ങൾ കണ്ടെത്തി ഇൻസിനറേറ്റർ സ്ഥാപിച്ച് കത്തിച്ച് കളയുക തന്നെ വേണം. കൊവിഡ്കാലത്ത് കമ്മ്യൂണിറ്റി കിച്ചൻ, ക്വാറന്റൈൻ സെന്ററുകൾ ഇവയുടെ നടത്തിപ്പ്, ശുചീകരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ളതെന്നും വീഡിയോ കോൺഫറൺസിൽ മന്ത്രി പറഞ്ഞു. ആവശ്യമെങ്കിൽ മറ്റ വകുപ്പുകളെയും ഉദ്യോഗസ്ഥരെയും സഹകരിപ്പിക്കുന്നതിനും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സഹകരണം കൂടി ഇത്തരം പ്രവർത്തന ങ്ങളിൽ ഉറപ്പാക്കാനും ശ്രമിക്കണം. അനാവശ്യമായ അവധികൾ ഒഴിവാക്കി എല്ലാ സർക്കാർ ജീവനക്കാരും ഈ പ്രവർത്തനങ്ങ ളിൽ പങ്കെടുക്കുകതന്നെ വേണമെന്നും അദ്ദേഹം അറിയിച്ചു.

തദ്ദേശഭരണ സ്ഥാപന അധ്യക്ഷന്മാർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്മാർ, ജില്ലാ ആശുപത്രി സൂപ്രണ്ടുമാർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ആരോഗ്യ വിഭാഗം ജീവനക്കാർ/പ്രവർത്തകർ, മറ്റു ഉദ്യോഗസ്ഥർ, കുടുംബശ്രീ, ആശാ പ്രവർത്തകർ, സന്നദ്ധസേനാംഗങ്ങൾ എന്നിവർ അതത് തദ്ദേശഭരണ സ്ഥാപനം ഏർപ്പെടുത്തിയിരുന്ന സംവിധാനത്തിലൂടെ വീഡിയോ കോൺഫറൺസിൽ പങ്കെടുത്തു. ക്വാറന്റൈനിൽ കഴിഞ്ഞവരുടെ പ്രതിനിധിയായി പ്രീത മണ്ണഴി അനുഭവങ്ങൾ പങ്കുവെച്ചു. കിലയുടെ ഫേസ്ബുക്ക് പേജിലും യൂട്യൂബിലും യോഗം ലൈവ് ആയി കാണുന്നതിനു ക്രമീകരണം ചെയ്തിരുന്നു □

വിവരങ്ങൾക്ക് കടപ്പാട്: കില

തദ്ദേശഭരണ സ്ഥാപനങ്ങൾ ഐഎസ്ഒ നിലവാരത്തിലേക്ക്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 6 ജില്ലാ പഞ്ചായത്തുകളും ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടി. വകുപ്പുതല ഓഫീസുകളിൽ പഞ്ചായത്ത് ഡയറക്ടറേറ്റും 6 ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും ഐ എസ് ഒ നേട്ടകയുണ്ടായി.

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണനിലവാരമുള്ള സേവനം ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്ന കാര്യത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. 939 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 6 ജില്ലാ പഞ്ചായത്തുകളും 4 നഗരസഭകളും 2 കോർപ്പറേഷനുകളും ISO സർട്ടിഫിക്കേഷൻ നേടിക്കൊണ്ടാണ് ഈ നേട്ടം കൈവരിച്ചിരിക്കുന്നത്. വകുപ്പുതല ഓഫീസുകളിൽ പഞ്ചായത്ത് ഡയറക്ടറേറ്റും 6 ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും ഗ്രാമവികസന വകുപ്പിന്റെ 2 ജില്ലാ ഓഫീസുകളും ISO അംഗീകാരം നേടി. സംസ്ഥാനത്ത് ആദ്യമായാണ് ഒരു വകുപ്പിന്റെ ഡയറക്ടറേറ്റ് ISO നേടുന്നത്. കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ISO നിലവാരത്തിലേക്ക് ഉയർത്തണമെന്ന 2016 ൽ അധികാരത്തിലേറിയ സർക്കാരിന്റെ പ്രഖ്യാപിത നയം ഇതോടെ ലക്ഷ്യത്തോടടുക്കുകയാണ്.

കിലയെയാണ് ISO സർട്ടിഫിക്കേഷനു വേണ്ടിയുള്ള കൺസൾട്ടൻസി ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുള്ളത്. കിലയുടെ നേതൃത്വത്തിൽ വിവിധ ഘട്ടങ്ങളിലായി മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നല്കുകയും ISO സർട്ടിഫിക്കേഷൻ നേടുന്നതിനായുള്ള സാങ്കേതിക സഹായം ഉറപ്പാക്കുകയും ചെയ്തു. ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും എകോപിതമായുള്ള പ്രവർത്തനം കൊണ്ടാണ് ഗ്രാമ, ബ്ലോക്ക് പഞ്ചാ

യത്തുകൾക്ക് ലോകത്തിനു തന്നെ മാതൃകയായ ഈ നേട്ടം കൈവരിക്കാനായത്.

സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകളും സേവനം നല്കുന്ന കാര്യത്തിലും ഓഫീസ് മാനേജ്മെന്റിലും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നിരിക്കുന്നു. ഇതിനായി ചിട്ടയായ പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിയത്. അവശേഷിക്കുന്ന രണ്ടു പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സേവന പ്രദാനത്തിന്റെ കാര്യത്തിലും രേഖകൾ സൂക്ഷിക്കുന്ന കാര്യത്തിലും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ ഇന്ന് മാതൃകയാണ്. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകൾക്ക് നിശ്ചയിച്ച സമയപരിധിക്കകം സേവനം നല്കൽ ഉറപ്പുവരുത്തുന്നു എന്നതാണ് പ്രത്യേകത. അപേക്ഷകന് ഓഫീസിനുള്ളിലേക്ക് പ്രവേശിക്കേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. ഇത് ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിക്കുന്നതിനും അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കുന്നതിനും സഹായകമാവുന്നു. ISO യുടെ ഭാഗമായി റെക്കോർഡ് റൂമുകൾ തയ്യാറായതോടെ വേഗത്തിൽ ഫയലുകൾ കണ്ടെത്താൻ കഴിയുന്ന തരത്തിലേക്ക് ഓഫീസുകൾ മാറിയിട്ടുണ്ട്.

ഇ-ഗവേണൻസ് നടപ്പാക്കിയും ആവശ്യമായ സോഫ്റ്റ് വെയറുകൾ സ്ഥാപിച്ചും പരമാവധി വേഗത്തിൽ സേവനം ലഭ്യമാക്കാൻ കഴിയുന്ന തരത്തിലേക്ക് എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളെയും ജനസൗഹൃദമാക്കി മാറ്റിയിരിക്കുന്നു. ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനും സേവനങ്ങൾ വിരൽത്തുമ്പിലൂടെ ലഭ്യമാക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഇന്ന് ഗ്രാമപഞ്ചായത്ത് ഓഫീസുകളിലുണ്ട്. നികുതി, ഫീസുകൾ തുടങ്ങിയവ ഓൺലൈൻ പേയ്മെന്റ് നടത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. ഇപ്പോൾ ഉപയോഗിച്ചുവരുന്ന വ്യത്യസ്ത ആപ്ലിക്കേഷനുകൾ ഏകീകരിച്ചു ഒറ്റ ലോഗിനിലൂടെ പഞ്ചായത്തുകളിൽ ആവശ്യമായി വരുന്ന മുഴുവൻ പ്രവർത്തനങ്ങളും ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള ERP (Enterprise Resource Plan) സോഫ്റ്റ്‌വെയർ വികസിപ്പിച്ചു കഴിഞ്ഞു. ഇതിനെ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിവരങ്ങൾ കൈമാറുന്ന ILGMS (Integrated Local Governance Management System) സംവിധാനവുമായി ബന്ധിപ്പിച്ചു. ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ ഈ സംവിധാനം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്നതോടെ ഓഫീസിൽ നേരിട്ട് ഹാജരാകാതെ അപേക്ഷകൾ സമർപ്പിക്കുന്നതിനും സേവനങ്ങൾ ഓൺലൈനിൽ ലഭിക്കുന്നതിനുമുള്ള സൗകര്യം ജനങ്ങൾക്ക് ലഭ്യമാകുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ യോഗനടപടിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിന് സകർമ്മ വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ സിസ്റ്റം ഇന്ന് നിലവിലുണ്ട്. പഞ്ചായത്ത് സമിതികൾ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ ഈ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് അറിയാനും കഴിയുന്നു. കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും നികുതി നിർണയത്തിനും സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും പെൻഷൻ വിതരണത്തിനും വെബ് അധിഷ്ഠിത സംവിധാനം, പ്ലാൻ മോണിറ്ററിംഗിന് സുലേഖ തുടങ്ങി സർവമേഖലയിലും കഴിഞ്ഞ നാലു വർഷം കൊണ്ട് തദ്ദേശഭരണ രംഗം വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനസൗഹൃദമായി മാറി.

എല്ലാ തദ്ദേശ സ്ഥാപന ഓഫീസുകളും ISO നേടുന്നതിന്റെ ഭാഗമായി നവീകരിച്ചു. ആധുനിക സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സജ്ജീകരിച്ചു. ടോക്കൺ സിസ്റ്റം, ഫയലുകളുടെ നിലവിലെ അവസ്ഥ മനസിലാക്കുന്നതിന് ടച്ച് സ്ക്രീൻ സംവിധാനം എന്നിവ ഏർപ്പെടുത്തി. ആവശ്യമായ ഫോറങ്ങളും മറ്റും ഫ്രണ്ട് ഓഫീസിൽ ലഭ്യമാക്കി. സേവനങ്ങൾക്കായി എത്തിച്ചേരുന്ന ജനങ്ങളെ സഹായിക്കുന്നതിന് ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. ഭിന്നശേഷി സൗഹൃദമാക്കുന്നതിന് റാമ്പുകൾ നിർമ്മിച്ചു. പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു. ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനവും സമയക്രമവും സംബന്ധിച്ച വിവരം, ജീവനക്കാരുടെ ഹാജർ വിവരം എന്നിവ പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിച്ചു. കുടിവെള്ളം, ടോയിലറ്റ് സൗകര്യം ഇവ ഉറപ്പാക്കി. മുലയൂട്ടുന്നതിനായി ഫീഡിംഗ് റൂമുകൾ ഒരുക്കി. ആധുനിക സൗകര്യങ്ങളുള്ള സ്വീകരണ മുറികൾ ഫ്രണ്ട് ഓഫീസിന് അനുബന്ധമായി സ്ഥാപിച്ചു. ടെലിവിഷൻ മ്യൂസിക് സിസ്റ്റം തുടങ്ങിയ വിനോദോപാധികൾ ഉൾപ്പെടെ ഈ സ്വീകരണമുറികളിൽ ലഭ്യമാണ്.

ഓഫീസിനുള്ളിൽ ഇരിപ്പിടങ്ങൾ ഭംഗിയായി ക്രമീകരിച്ചു. ജീവനക്കാരുടെ പേരുവിവരം, സെക്ഷൻ എന്നിവ എഴുതിയ ബോർഡുകൾ സ്ഥാപിച്ചു. എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും സ്ഥാപിച്ചുകൊണ്ട് സേവനങ്ങൾ വേഗത്തിൽ നൽകുവാനുള്ള സാഹചര്യം സൃഷ്ടിച്ചു. ഭംഗിയായി ക്രമത്തിൽ ഫയലുകൾ അടുക്കി വച്ച് റെക്കോർഡ് റൂമുകൾ സ്ഥാപിച്ചു. ISO യുടെ ഭാഗമായി ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (Total Quality Management) തത്വങ്ങൾ നടപ്പാക്കി. ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമായി ജീവനക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ക്വാളിറ്റി സർക്കിൾ എല്ലാ സ്ഥാപനങ്ങളിലും രൂപീകരിച്ചു. ISO സർട്ടിഫിക്കേഷൻ നേടുന്നതിലൂടെ ജനസംതൃപ്തി ഉറപ്പുവരുത്തുന്ന രീതിയിൽ ജനസൗഹൃദ തദ്ദേശഭരണ സ്ഥാപനം എന്ന തലത്തിലേക്ക് തദ്ദേശ സ്ഥാപനങ്ങളെ എത്തിക്കുക എന്ന സർക്കാർ ലക്ഷ്യമാണ് പൂർണതയിലേക്ക് എത്തുന്നത്. അവശേഷിക്കുന്ന സ്ഥാപനങ്ങൾ ISO സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള തീവ്രശ്രമത്തിലാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ഈ സ്ഥാപനങ്ങൾ കൂടി ISO നേടുന്നതോടെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തുന്ന ആദ്യ സംസ്ഥാനമായി കേരളം മാറും. □

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ യോഗനടപടിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനും സകർമ വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ സിസ്റ്റം ഇന്ന് നിലവിലുണ്ട്. പഞ്ചായത്ത് സമിതികൾ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ ഈ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് അറിയാനും കഴിയുന്നു.

പഞ്ചായത്ത് ഡയറക്ടറേറ്റിന് ISO അംഗീകാരം

പഞ്ചായത്ത് ഡയറക്ടറേറ്റിൽ ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്സിന്റെ അദ്ധ്യക്ഷതയിൽ നടന്ന അവലോകനയോഗം.

പഞ്ചായത്ത് ഡയറക്ടറേറ്റ് 2020 ജൂൺ 17 ന് ISO സർട്ടിഫിക്കേഷൻ നേടി. സംസ്ഥാനത്ത് ഈ അംഗീകാരം നേടുന്ന ആദ്യ ഡയറക്ടറേറ്റ് എന്ന ഖ്യാതി ഇനി പഞ്ചായത്ത് ഡയറക്ടറേറ്റിന്. വകുപ്പിന് കീഴിൽ വരുന്ന 939 ഗ്രാമപഞ്ചായത്തുകളും 6 ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും ISO നേടിയിരുന്നു.

പഞ്ചായത്ത് ഡയറക്ടറേറ്റിനെ ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നിരവധി മുന്നൊരുക്ക പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത്. സേവന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും ജനകേന്ദ്രീകൃതമാക്കുന്നതിനുമായി ചോദ്യാവലി തയ്യാറാക്കി നൽകി സമൂഹ സർവേ നടത്തി. സർവേയുടെ അടിസ്ഥാനത്തിൽ പൗരാവകാശ രേഖ പുതുക്കി. പുതിയ ക്വാളിറ്റി മാനുവൽ തയ്യാറാക്കി ഗുണമേന്മനയം രൂപീകരിച്ചു. എല്ലാ സെക്ഷനുകളിലും ക്വാളിറ്റി സർക്കിൾ ചേർന്ന് അവലോകനം നടത്തി. മുഴുവൻ ജീവനക്കാർക്കും ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകി.

ഓഫീസ് കെട്ടിടം മോടി പിടിപ്പിച്ചു. ഇലക്ട്രിഫിക്കേഷൻ പുതുക്കി ഇലക്ട്രിക്ക് ഉപകരണങ്ങളും മറ്റും മാറ്റി സ്ഥാപിച്ചു. ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തി. ക്യാബിൻ സംവിധാനം ഏർപ്പെടുത്തുകയും ജീവനക്കാർക്ക് സൗകര്യപ്രദമായി ജോലി ചെയ്യുന്നതിനായി വർക്ക് സ്റ്റേഷനുകൾ സ്ഥാപിക്കുകയും ചെയ്തു. എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി. ഓഫീസിലുണ്ടായിരുന്ന മുഴുവൻ ഫയലുകളും ഡിജിറ്റലൈസ് ചെയ്തു. ഫയലുകളും തപാലുകളും സ്കാൻ ചെയ്യുന്നതിനായി ഹൈസ്പീഡ് സ്കാനറുകൾ സ്ഥാപിച്ചു. ഇപ്പോൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലാണ് ഓഫീസിലെ മുഴുവൻ ഫയലുകളും കൈകാര്യം ചെയ്തുവരുന്നത്. പേപ്പർ രഹിത ഓഫീസ് എന്ന ആശയം ഡയറക്ടറേറ്റിൽ നടപ്പാക്കി.

റെക്കോർഡ് റൂമുകൾ ആധുനികവൽക്കരിച്ചു. തീർപ്പാക്കിയ ഫയലുകൾ തരംതിരിച്ച് മൂന്ന് മിനിറ്റിനുള്ളിൽ കണ്ടെത്താൻ കഴിയുന്ന തരത്തിൽ ലോകോത്തര നിലവാരത്തിൽ സൂക്ഷിച്ചുവരുന്നു. പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും വീഡിയോ കോൺഫറൻസിനും മറ്റുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു മിനി കോൺഫറൻസ് ഹാൾ സജ്ജീകരിച്ചു.

വനിതാ ജീവനക്കാർക്കും വനിതാ സന്ദർശകർക്കുമായി ലേഡീസ് ടോയിലറ്റ്, വിസിറ്റിംഗ് റൂം എന്നിവ സ്ഥാപിച്ചു. മാത്രമല്ല വനിതകൾക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി വുമൺ എംപവർമെൻറ് കമ്മിറ്റി രൂപീകരിച്ച് ഓഫീസ് വനിതാ സൗഹൃദമാക്കി. കുടിവെള്ള സൗകര്യം ഏർപ്പെടുത്തി. ഭിന്നശേഷിക്കാർക്കായി റാമ്പ് നിർമ്മിക്കുകയും വീൽചെയർ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. ഓഫീസിലും സെക്ഷനുകളിലും ഹാജർ ബോർഡുകൾ, നെയിം ബോർഡുകൾ, നോട്ടീസ് ബോർഡുകൾ തുടങ്ങിയവ സ്ഥാപിച്ചു. ഓഫീസിലും പരിസരത്തും അലങ്കാര ചെടികൾ, പച്ചക്കറികൾ എന്നിവ നട്ടു പരിപാലിച്ചു വരുന്നു.

പെൻഡിംഗ് ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് 10,867 ഫയലുകൾ തീർപ്പാക്കി. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായി കാലാവധി കഴിഞ്ഞ് റെക്കോർഡ് റൂമിൽ സൂക്ഷിച്ചിരുന്ന ഒരു ലക്ഷത്തിലധികം ഫയലുകൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കി നശിപ്പിച്ചു. ഓഫീസിലെ മുഴുവൻ ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനമാണ് വളരെ കുറഞ്ഞ സമയം കൊണ്ട് പഞ്ചായത്ത് ഡയറക്ടറേറ്റിന് ISO സർട്ടിഫിക്കേഷൻ നേടുന്നതിന് സഹായകമായത്. പഞ്ചായത്ത് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്., കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത് കുമാർ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

പ്രാദേശിക സർക്കാരും വികേന്ദ്രീകൃതാസൂത്രണവും

സാമ്പത്തിക അവലോകന റിപ്പോർട്ട് 2019

■ ഹുസൈൻ എം. മിന്നത്ത്

ജനപങ്കാളിത്തത്തോടെയുള്ള പ്രാദേശിക ആസൂത്രണം വഴി സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ പ്രാദേശിക സർക്കാരുകൾ വഹിക്കുന്ന പങ്കിനെ അടിവരയിട്ട് പറയുന്ന തരത്തിലുള്ള ഒട്ടനവധി പ്രവർത്തനങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

2018-19ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് 2020 ഫെബ്രുവരി6 ന് ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിയമസഭയിൽ വയ്ക്കുകയുണ്ടായി. ഒട്ടനവധി പ്രതിസന്ധികൾക്കിടയിലും പോയവർഷം സംസ്ഥാനത്തിന് 7.5 ശതമാനം വളർച്ച നേടാൻ സാധിച്ചു എന്നതാണ് ഏറെ ശ്രദ്ധേയമായ വസ്തുത. ജനപങ്കാളിത്തത്തോടെയുള്ള പ്രാദേശിക ആസൂത്രണം വഴി സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ പ്രാദേശിക സർക്കാരുകൾ വഹിക്കുന്ന പങ്കിനെ അടിവരയിട്ട് പറയുന്ന തരത്തിലുള്ള ഒട്ടനവധി പ്രവർത്തനങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 2018ന് പിന്നാലെ 2019ലും പ്രളയം സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലൊടിച്ചപ്പോൾ പ്രളയവും മണ്ണിടിച്ചിലും മൂലമുണ്ടായ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളും പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ വഹിച്ച നേതൃത്വപരമായ ഇടപെടലുകൾ പ്രളയദുരന്തത്തെ അതിജീവിക്കുന്നതിൽ സമാനതകളില്ലാത്ത മാതൃകതന്നെയായിരുന്നു ലോകത്തിന് കാണിച്ചുകൊടുത്തത്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതികളിൽ മതിയായ പ്രാധാന്യം നല്കുകയും പദ്ധതി രൂപീകരണത്തിനായി പ്രത്യേകമായി ഒരു വർക്കിംഗ് ഗ്രൂപ്പിന് തന്നെ സർക്കാർ രൂപം നൽകുകയും ചെയ്യുകയുണ്ടായി.

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഒരു സംയോജിത സമീപനം കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത മുന്നിൽക്കണ്ടുകൊണ്ട് ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ജില്ലാ പദ്ധതികൾ (District Plan) എല്ലാ ജില്ലകളിലും രൂപീകരിച്ചു എന്നത് 2018-19 ലെ ചരിത്രനേട്ടമായി തന്നെയാണ് കണക്കാക്കുന്നത്. ബഹുതല ആസൂത്രണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ തലത്തിലുള്ള തദ്ദേശസ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും വിഭവങ്ങളുടെയും സംയോജനം ഉറപ്പാക്കുന്ന ജില്ലാ പദ്ധതികൾ എല്ലാ ജില്ലകളിലും രൂപീകൃതമായിട്ടുണ്ട്. ജില്ലാ പദ്ധതികളിലെ പദ്ധതി നിർദ്ദേശങ്ങൾക്ക് മൂർത്തിമത്ഭാവം നല്കാനുള്ള തയ്യാറെടുപ്പിലാണ് ജില്ലാ ആസൂത്രണ സമിതികൾ.

ആരോഗ്യം, വയോജന പരിപാലനം, വിദ്യാസമ്പന്നർക്കിടയിലെ തൊഴിലില്ലായ്മ തുടങ്ങിയവയുമായി ബന്ധപ്പെട്ട് വികസനത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾക്ക് (Second generation issues) പരിഹാരം കാണാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളും നൂതന പദ്ധതികൾ ഏറ്റെടുക്കുന്നതിനായി പ്രത്യേകമായി ഒരു ജാലകം തുറന്നുകൊടുത്തതും ഉപഭോക്തൃസംസ്ഥാനമായ കേരളത്തെ ഉല്പാദന സംസ്ഥാനമാക്കി മാറ്റുന്നതിനായി പ്രാദേശിക സർക്കാരുകൾ നടത്തിയ ചില നിർണ്ണായക കാൽവയ്പുകളും എടുത്തുപറയേണ്ടതുതന്നെയാണ്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി 2018-19ൽ സമയബന്ധിതമായി പദ്ധതി രൂപീകരണം നടത്തുകവഴി നിർവഹണത്തിന് കൂടുതൽ സമയം കണ്ടെത്താനും വികസനത്തിന്റെ പുതിയ തലങ്ങളിലേക്ക് പ്രാദേശിക പദ്ധതികളെ എത്തിക്കുന്നതിനും സാധിക്കുകയുണ്ടായി. 2018 -19 വാർഷിക പദ്ധതികൾ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളും 2018 മാർച്ചിൽത്തന്നെ രൂപീകരിച്ച് ആസൂത്രണ സമിതി അംഗീകാരം നേടിയെടുക്കുകയും 2018 ഏപ്രിൽ 1 മുതൽ നിർവഹണം ആരംഭിക്കുകയും ചെയ്യുകയു

ണ്ടായി. പദ്ധതി നിർവഹണ ചരിത്രത്തിൽത ന്നെ തദ്ദേശസ്ഥാപനങ്ങൾക്ക് നിർവഹണ ത്തിന് പൂർണ്ണമായ ഒരു വർഷം തന്നെ ലഭിക്കുകയും ഇതുമൂലം പദ്ധതി വിഹിതത്തി ന്റെ 84.74 ശതമാനം തുകയും വിനിയോഗി ക്കുവാൻ സാധിക്കുകയുമുണ്ടായി.

പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കു ന്ന പദ്ധതികളുടെ അറിവുള്ളടക്കവും സാങ്കേ തികമികവും മെച്ചപ്പെടുത്തുന്നതിനായി വികസന, ഗവേഷണ സ്ഥാപനങ്ങളിലെയും വിവിധ മേഖലയിലെയും വിദഗ്ധരെയും ഉദ്യോ ഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കാനാവശ്യമായ നടപടികൾക്ക് തുടക്കമിടുകയും 2019 സെപ്റ്റംബറിൽ ഇത് സാധ്യമാകുകയും ചെയ്തിട്ടുണ്ട്. നിലവിലെ ഭരണസമിതിയുടെ കാലഘട്ടത്തിൽ ഏറ്റെ ടുത്തിട്ടുള്ള വിവിധ പദ്ധതികളുടെയും പരിപാ ടികളുടെയും ധനകാര്യ നേട്ടങ്ങൾക്കപ്പുറം ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിപുലമായ ഒരു സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്ന തിനായി ഡീസെൻട്രലൈസേഷൻ റൗണ്ട് എന്ന പേരിൽ ഒരു വിവര ശേഖരണ പ്രവ ർത്തനത്തിന് ഈ കാലഘട്ടത്തിൽ തുടക്ക മിടുകയുണ്ടായതായി റിപ്പോർട്ടിൽ പ്രതിപാ ദിക്കുന്നു.

ജില്ലാ ദുരന്തനിവാരണ പദ്ധതി

മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയും സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കേണ്ട തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടു കയുണ്ടായി. തദ്ദേശ സ്ഥാപന പ്രദേശങ്ങ ളുടെ നിലവിലെ സ്ഥിതി, അപകട സാധ്യത കൾ, ദുരന്തം വേഗത്തിൽ ബാധിക്കാൻ സാധ്യതയുള്ളവരുടെ വിവരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ വിഭവശേഷി, ദുരന്ത പ്രതി കരണരേഖ, ദുരന്തലഘൂകരണം, അതിജീവന

> സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഒരു സംയോജിത സമീപനം കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത മുന്നിൽക്കണ്ടുകൊണ്ട് ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ജില്ലാ പദ്ധതികൾ എല്ലാ ജില്ലകളിലും രൂപീകരിച്ചു എന്നത് 2018-19 ലെ ചരിത്രനേട്ടമായി തന്നെയാണ് കണക്കാക്കുന്നത്.

തയ്യാറെടുപ്പുകൾ എന്നിവ ഉൾപ്പെടുത്തി ദുരന്ത നിവാരണ പദ്ധതി (DM Plan) രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കു കയുണ്ടായി. ദുരന്ത നിവാരണ പദ്ധതികളിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമാവുകയാണ്. ദുരന്തനിവാരണ ത്തിൽ സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന മറ്റൊരു മാതൃക തന്നെയായിരിക്കും ഇത്.

പ്രളയബാധിത തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം

2018ൽ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച തദ്ദേശ സ്ഥാപനങ്ങൾക്കായി 250 കോടി രൂപ 2019-20 ൽ പ്രത്യേക ധനസ ഹായമായി നല്കുകയുണ്ടായി. ഇത്തരം തദ്ദേ ശസ്വയംഭരണ സ്ഥപനങ്ങളെ കണ്ടെത്തു ന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ നിയമിക്കുകയും കമ്മിറ്റി ശുപാർശ അനുസ രിച്ച് 37.5 കോടി രൂപ മണ്ണിടിച്ചിൽ മൂലം നാശനഷ്ടം സംഭവിച്ച തദ്ദേശസ്ഥാപനങ്ങ ൾക്കും 212.50 കോടി രൂപ പ്രളയബാധിത തദ്ദേശസ്ഥാപനങ്ങൾക്കും നല്കുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തെ 240 ഗ്രാമപ ഞ്ചായത്തുകൾക്കും 33 മുനിസിപ്പാലിറ്റിക ൾക്കും 3 കോർപ്പറേഷനും യഥാക്രമം 169.04 കോടി, 35.85 കോടി, 7.61 കോടി രൂപ വീതം നല്കുകയും പ്രസ്തുത തുക വിനിയോഗിക്കു മ്പോൾ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് അവ സൃഷ്ടിക്കുന്നതിനും പൊതു ആസ്തിക ളുടെ പുനഃസ്ഥാപനത്തിനും മുൻഗണന നല്കാൻ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

മിഷൻ അന്ത്യോദയ സർവ്വേ

സംസ്ഥാന വികസന മാതൃക പിന്തുട ർന്ന് ജനകീയ പങ്കാളിത്തത്തോടെ വികസനം സാധ്യമാക്കുന്നതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഗ്രാമപഞ്ചാ യത്ത് വികസന പദ്ധതി (GPDP)ക്ക് രൂപം നല്കുകയുണ്ടായി. ഇതിന്റെ മുന്നോടിയായി വികസന വിടവുകൾ കണ്ടെത്തുന്നതിനായി മിഷൻ അന്ത്യോദയ സർവ്വേ രാജ്യവ്യാപക മായി നടത്താൻ തീരുമാനിച്ചിരുന്നു. അടിസ്ഥാന സൗകര്യം, മാനവ വികസനം, സാമ്പത്തിക പ്രവർത്തനം എന്നീ സൂചിക കളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു കളെ റാങ്ക് ചെയ്യുകയായിരുന്നു സർവ്വെയുടെ പ്രാഥമിക ഉദ്ദേശ്യം. 2018-19 ൽ കേരള ത്തിലെ 941 ഗ്രാമപഞ്ചായത്തുകളിൽ 930 ലും മിഷൻ അന്ത്യോദയ സർവ്വേ നടത്തുകയു ണ്ടായി. ദേശീയതലത്തിൽ 2,47,910 ഗ്രാമപ ഞ്ചായ ത്തുകളിലും സർവ്വേ നടത്തുകയു ണ്ടായി. സർവ്വേയുടെ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തിന്റെ ശരാശരി സ്കോർ 72 ഉം ദേശീയതലത്തിൽ ഒന്നാം സ്ഥാനത്തുമാണ്. കേരളത്തിന് പിന്നിലായി ഗുജറാത്ത്, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാ നങ്ങൾ യഥാക്രമം 64,61,60 എന്നീ സ്കോർ നേടി രണ്ടും മൂന്നും നാലും സ്ഥാനത്തു നില്ക്കുന്നു.

തദ്ദേശസ്ഥാപനങ്ങളുടെ ഐ.എസ്.ഒ നിലവാരം

ഗുണമേന്മയുള്ള സേവനം ജനങ്ങൾക്ക് സമയബന്ധിതമായി നല്കുന്നത് വഴി ജനസൗഹൃദ സ്ഥാപനങ്ങളായി സംസ്ഥാ നത്തെ തദ്ദേശ സ്ഥാപനങ്ങൾ മാറുന്നതി നുള്ള തെളിവായി അന്താരാഷ്ട്ര സർട്ടിഫി ക്കേഷൻ ഐ.എസ്.ഒ. 9001:2015 നേടിയെ ടുക്കാൻ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായ ത്തുകളിൽ 861 ഗ്രാമപഞ്ചായത്തുകൾക്കും മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും (152) 2019 ൽ സാധിക്കുകയുണ്ടായി. നിലവിൽ 939 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

2018-19 വാർഷിക പദ്ധതി ധനവിനിയോഗം

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാപഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ ഉൾപ്പെടെ 1200 തദ്ദേശ സ്ഥാപനങ്ങളുടെ കഴിഞ്ഞ വാർഷിക പദ്ധതി ധനവിനിയോഗ നില റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 5-ാം ധനകാര്യ കമ്മീഷന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അനുസരിച്ച് 2018-19 ൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ 24ശതമാനം അഥവാ 7000 കോടി രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി വകയിരുത്തിയിരുന്നത്. ഇതിൽ 3777.58 കോടി രൂപ പൊതു വിഭാഗത്തിലും (സാധാരണ വിഹിതം) 1738.1 കോടി രൂപ ധനകാര്യ കമ്മീഷൻ അവാർഡായും 1289.26 കോടി രൂപ പട്ടിക ജാതി ഉപപദ്ധതിയും 193.60 കോടിരൂപ പട്ടികവർഗ്ഗ ഉപപദ്ധതിയിലുമായിരുന്നു വകയിരുത്തിയത്.

മേൽ പ്രതിപാദിച്ചിട്ടുള്ള വികസനഫണ്ടിന് പുറമെ തദ്ദേശസ്ഥാപനങ്ങൾക്ക് തനത് ഫണ്ട്, മെയിന്റിനൻസ് ഗ്രാന്റ്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ തുടങ്ങിയ വിവിധ സ്രോതസുകളിൽ നിന്നും ഫണ്ട് ലഭിക്കുകയുണ്ടായി. എല്ലാ ധനസ്രോതസ്സുകളും കണക്കിലെടുത്താൽ 2018-19 ൽ തദ്ദേശ സ്ഥാപനങ്ങളുടെ ആകെ പദ്ധതി വിഹിതം 19613.05 കോടി രൂപയായിരുന്നു.

2018-19 ലെ വികസന ഫണ്ട് ചെലവഴിക്കൽ

2018-19 ൽ വികസന ഫണ്ടായി (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) ബഡ്ജറ്റിൽ വകയിരുത്തിയ 7000 കോടി രൂപയിൽ 6721.90 കോടി രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തത്. ഇതിൽ 5696.34 കോടി രൂപ (84.74%) ചെലവാക്കുകയുണ്ടായി. ചെലവിന്റെ വിശദാംശങ്ങൾ താഴെ (ശതമാനത്തിൽ) കൊടുക്കുന്നു.

കോർപ്പറേഷൻ ഒഴികെ എല്ലാ തലങ്ങളിലെ തദ്ദേശസ്ഥാപനത്തിലെയും ചെലവ് 80 ശതമാനത്തിന് മുകളിലാണെന്ന് കാണാം. എസ്.സി.പി, ടി.എസ്.പി ഫണ്ടിന്റെ വിനിയോഗത്തിലും ഗ്രാമ തദ്ദേശ സ്ഥാപനങ്ങളെ വച്ചുനോക്കുമ്പോൾ നഗര തദ്ദേശ സ്ഥാപനങ്ങൾ പിന്നിലാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങൾ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നിങ്ങനെ മൂന്ന് മേഖലകളിലാണ് ഫണ്ട് വകയിരുത്തുന്നത്. 2018-19 ൽ ആകെ ചെലവിന്റെ 13ശതമാനവും ഉല്പാദന മേഖലയിലും 63 ശതമാനം സേവന മേഖലയിലും 24 ശതമാനം പശ്ചാത്തല മേഖലയിലും ഏറ്റെടുത്ത പദ്ധതികൾക്കാണ് ചെലവിട്ടിരിക്കുന്നതെന്നും കാണാം. ട്രഷറിയിലെ പെന്റിംഗ് ബില്ലുകൾ കൂടി കണക്കാക്കുമ്പോൾ ചെലവ് 90 ശതമാനത്തിനുമുകളിൽ എത്തും. ഇത് സർവ്വകാല റെക്കോർഡ് ആണ്.

ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഇക്കാലഘട്ടത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിലും പ്രകൃതി സംരക്ഷണത്തിനും തൊഴിൽ സൃഷ്ടിക്കുന്നതിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും എല്ലാം തന്നെ വികേന്ദ്രീകൃതാസൂത്രണവും പ്രാദേശിക സർക്കാരുകളും നിർണ്ണായക പങ്ക് തന്നെയാണ് വഹിച്ചിരിക്കുന്നത്.

പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതി

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയിൽ പ്രത്യേക വിഭാഗങ്ങൾക്ക് നല്കുന്ന പരിഗണനയാണ് വികേന്ദ്രീകൃതാസൂത്രണത്തിന്റെ എടുത്തുപറയേണ്ട പ്രത്യേകത. തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്കും 5% തുക ഭിന്നശേഷിക്കാർക്കും കുട്ടികൾക്കായും 5% തുക വൃദ്ധർക്കും പാലിയേറ്റീവ് പരിചരണത്തിനും നിർബന്ധമായും വകയിരുത്താൻ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ദുർബലവിഭാഗക്കാരുടെ വികസനത്തിനും സാമൂഹ്യസുരക്ഷിതത്വത്തിനും ആവശ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലും നടപ്പിലാക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ കൊടുക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് സാമ്പത്തിക അവലോകന റിപ്പോർട്ട് വിരൽചൂണ്ടുന്നത്.

ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഇക്കാലഘട്ടത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിലും പ്രകൃതി സംരക്ഷണത്തിനും തൊഴിൽ സൃഷ്ടിക്കുന്നതിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും എല്ലാം തന്നെ വികേന്ദ്രീകൃതാസൂത്രണവും പ്രാദേശിക സർക്കാരുകളും നിർണ്ണായക പങ്ക് തന്നെയാണ് വഹിച്ചിരിക്കുന്നത്. വികസനത്തിന്റെ അടുത്ത ഘട്ടത്തിലും പ്രാദേശിക സർക്കാരുകൾക്ക് ഇനിയും ഏറെ ചെയ്യാനുണ്ടെന്ന കാഴ്ചപ്പാട് തന്നെയാണ് റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്നത്.

തദ്ദേശ സ്ഥാപനം	പൊതുവിഭാഗം (%)	എസ്.സി.പി (പട്ടികജാതി)(%)	ടി.എസ്.പി (പട്ടികവർഗ്ഗം)(%)	ആകെ(%)
ഗ്രാമപഞ്ചായത്ത്	89.52	85.56	83.72	88.56
ബ്ലോക്ക് പഞ്ചായത്ത്	89.93	88.54	85.58	89.53
ജില്ലാ പഞ്ചായത്ത്	82.83	70.38	103.12	80.64
മുനിസിപ്പാലിറ്റി	82.26	79.99	65.10	81.69
കോർപ്പറേഷൻ	68.52	86.20	21.02	70.32
ആകെ	85.16	83.00	85.09	84.74

ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ അസിസ്റ്റന്റ് ഡയറക്ടറാണ്.
Mob: 9447036253
e-mail : hussainknpy@gmail.com

വാർത്തകൾ വിശേഷങ്ങൾ

തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകരിച്ചു

- തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവീസ്, എന്നിവയെ ഏകോപിപ്പിച്ച പൊതു സർവീസ് രൂപീകരിച്ചു കൊണ്ട് ഉത്തരവായി. (സ.ഉ.(കൈ) നം. 106/2020/ ത സ്വ ഭ വ, തിയതി 17.07.2020)

CFLTC – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

- കൊവിഡ് 19 വ്യാപനത്തെ നേരിടുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യവകുപ്പും ചേർന്ന് തയ്യാറാക്കുന്ന ജനകീയ ആരോഗ്യ പരിപാലന കേന്ദ്രങ്ങളായ CFLTC കളുടെ രൂപീകരണവും നടത്തിപ്പും സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (സ.ഉ. (സാധാ) നം. 1364/2020/ ത സ്വ ഭ വ, തിയതി 16.07.2020)

ലൈഫ് – പുതുക്കിയ പട്ടിക – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

- ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യഘട്ട ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഭവന രഹിതർക്കും ഭൂരഹിതർക്കും അപേക്ഷ സമർപ്പിക്കാൻ അവസരം നല്കി. പുതിയ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (സ. ഉ.(എം എസ്) നം. 112/2020/ ത സ്വ ഭ വ, തിയതി 27.07.2020)

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി– ഭരണാനുമതിയായി

- മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിൽ ഭരണാനുമതി നല്കിയ 43 പ്രവൃത്തികളിൽ ഭേദഗതി വരുത്തിക്കൊണ്ടും മൂന്നാം ഘട്ടത്തിൽ 881 പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയും ഉത്തരവായി. (സ.ഉ.(കൈ) നം. 114/2020/ ത സ്വ ഭ വ, തിയതി 29.07.2020)

ഷീലോഡ്ജുകൾ – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

- സ്ത്രീസുരക്ഷ മുൻനിർത്തി സജ്ജീകരിക്കുന്ന ഷീലോഡ്ജുകളുടെ രൂപകല്പനയും ഭൗതിക സാഹചര്യങ്ങളും ദൈനംദിന പ്രവർത്തനങ്ങളും നടത്തിപ്പും പരിപാലനവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (സ.ഉ.(കൈ) നം. 111/2020/ ത സ്വ ഭ വ, തിയതി 24.07.2020)

കൊവിഡ് പ്രതിരോധം – അടിയന്തിര പ്രോജക്ടുകൾക്ക് അനുമതി

- കൊവിഡ് പ്രതിരോധത്തിന്റെ മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നല്കി ഉത്തരവായി. (സ.ഉ .(കൈ) നം. 1382/2020/ ത സ്വ ഭ വ, തിയതി 21.07.2020)

CFLTC – കിടക്കകൾ വാങ്ങുന്നതിന് അനുമതി

- CFLTC-കൾക്ക് ആവശ്യമായ എണ്ണം കിടക്കകൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവായി. (സ.ഉ.(സാ). നം. 2373/2020/പൊ.ഭ.വ തീയതി 27.7.2020)

കൊവിഡ്–19 – സെക്രട്ടറിമാരുടെ പേരിൽ STSB അക്കൗണ്ട്

- കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സംഭാവനകളും സംസ്ഥാന/ജില്ലാ ദുരന്തനിവാരണ ഫണ്ടും സ്വീകരിക്കുന്നതിന് മാത്രമായി തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടെ പേരിൽ പലിശരഹിത STSB അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവായി. (സ.ഉ.(കൈ).നം. 80/2020/ധന തീയതി 28.7.2020)

ലോക്ക് ഡൌൺ കാലയളവ് – കരാർ ജീവനക്കാരുടെ വേതനം

- കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ചിരുന്ന വിവിധ ലോക്ക് ഡൌൺ കാലയളവുകളിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസ വേതന/കരാർ ജീവനക്കാർക്ക് പ്രസ്തുത ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കാവുന്നതാണ്. (സ.ഉ.(അച്ചടി).നം. 99/2020/ധന തീയതി 30.07.2020)

പാഴ്‌വസ്തുക്കളുടെ വിപണനം

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ചു സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരള കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (സർക്കുലർ നം. ഡിസി 1/282/2020/ത സ്വ ഭ വ, തിയതി .29.07.2020)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

സുഭിക്ഷകേരളത്തിലേക്ക്

■ സിന്ധു വി.പി., വിഷ്ണു എസ്.പി.

കേരളത്തിൽ തരിശായി കിടക്കുന്ന മുഴവൻ കൃഷിഭൂമിയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷിയിറക്കുന്നതിനും അതിലൂടെ സംസ്ഥാനത്തെ പരമാവധി ഭക്ഷ്യസ്വയംപര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയും മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ച 'സുഭിക്ഷകേരളം' പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ നെഞ്ചേറ്റി തുടങ്ങിയ കാഴ്ചയാണ് സംസ്ഥാനത്തുടനീളം ഇന്നുള്ളത്.

ഒരു കോടിയുടെ പദ്ധതിയുമായി കോതമംഗലം ബ്ലോക്ക്

കൊവിഡ് പശ്ചാത്തലത്തിൽ അതിർത്തി സംസ്ഥാനങ്ങളിൽ ഉണ്ടായേക്കാവുന്ന ഭക്ഷ്യക്ഷാമം മുന്നിൽകണ്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സുഭിക്ഷകേരളം. തദ്ദേശസ്വയംഭരണവകുപ്പിന്റെയും കൃഷിവകുപ്പിന്റെയും നേതൃത്വത്തിൽ മറ്റു വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത്. ഈ അവസരത്തിൽ എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് വേറിട്ട മാതൃകയിലൂടെ സുഭിക്ഷകേരളത്തിനായി അണിചേരുകയാണ്.

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഈ പദ്ധതിക്കായി ഒരു കോടിരൂപയാണ് വകയിരുത്തിയിരിക്കുന്നത്. തരിശുകൃഷിയിലൂടെ 200 ടൺ നെല്ല്, 1100 ടൺ പച്ചക്കറികൾ, 800 ടൺ കിഴങ്ങുവർഗ്ഗങ്ങൾ, 150 ടൺ പയറുവർഗ്ഗങ്ങൾ, 250 ടൺ പഴങ്ങൾ, 50 ടൺ ചെറുധാന്യങ്ങൾ എന്നിവയുടെ അധിക ഉത്പാദനമാണ് ബ്ലോക്കിൽ പ്രതീക്ഷിക്കുന്നതെന്നാണ് പ്രസിഡന്റ് റഷീദ സലീം അറിയിച്ചിട്ടുള്ളത്. ഇതിനായി 300 ഹെക്ടർ തരിശുനിലമാണ് ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയിട്ടുണ്ട്. പ്രദേശത്തെ യുവാക്കളുടെയും കർഷകരുടെയും പ്രവാസികളുടെയും കർഷക കൂട്ടായ്മ ഇതിനായി രൂപീകരിച്ചു കഴിഞ്ഞു. കുട്ടമ്പുഴ ആദിവാസി മേഖല ഈ ബ്ലോക്കിന്റെ പരിധിയിൽപ്പെടുന്ന സ്ഥലമാണ്. ആദിവാസി വിഭാഗക്കാരുടെ ഭക്ഷണമായ ചാമ, ചോളം, പഞ്ഞപ്പുല്ല് എന്നിവയും ഇവിടെ കൃഷി ആരംഭിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽ പച്ചക്കറി, നെല്ല്, കുരുമുളക് എന്നിവയും പ്രത്യേകമായി തരിശുനിലങ്ങളിൽ കൃഷി ആരംഭിച്ചു. 15 ലക്ഷം രൂപയാണ് ആദിവാസി മേഖലയിലെ കൃഷിയ്ക്കായി മാറ്റിവച്ചത്.

ബ്ലോക്കിന്റെ പരിധിയിലെ എല്ലാ പഞ്ചായത്തുകളിലും തന്നെ ഇതോടനുബന്ധിച്ച് കൃഷിവ്യാപനത്തിനായി പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ട്. പലയിടങ്ങളിലും കൃഷി ഇതിനകംതന്നെ ആരംഭിച്ചു കഴിഞ്ഞു. സ്വയം സഹായസംഘങ്ങൾ, ഗ്രൂപ്പുകൾ എന്നിവർക്കാണ് ധനസഹായം നല്കുന്നത്. ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈകൾ, കൂലി ചെലവ് സബ്സിഡി, 75% സബ്സിഡിയിൽ ജൈവ കീടനാശിനികൾ എന്നിവ ലഭ്യമാക്കുന്നതിന് 32.20 ലക്ഷം രൂപയാണ് പദ്ധതിയിൽ നിന്നും ചെലവഴിക്കുന്നത്. പച്ചക്കറി ഗ്രാന്റ് തൈകളുടെ വിതരണത്തിനു മാത്രമായി 3.90 ലക്ഷം രൂപയുടെ പദ്ധതിയുമുണ്ട്. കൂടാതെ 10 ലക്ഷം രൂപ ഇടവിളകൃഷിക്കായി മാറ്റിവച്ചിട്ടുണ്ട്. ബ്ലോക്കുതലത്തിൽ ഒരു സംഭരണ-വിതരണ കേന്ദ്രം ആരംഭിക്കുന്നതിന് 7.80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

താലൂക്കിലെ 11 പഞ്ചായത്തുകളിൽ നിന്നായി 60 ലക്ഷം രൂപയാണ് സമഗ്ര പദ്ധതിക്കായി സ്വരൂപിച്ചിട്ടുള്ളത്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ വി.പി.സിന്ധു, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, പഞ്ചായത്തു തലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികൾ എന്നിവർക്കാണ് പദ്ധതിയുടെ മേൽനോട്ടം. സഹകരണമേഖല പൂർണ്ണ സഹായത്തോടെ സുഭിക്ഷ കേരളം പദ്ധതിയ്ക്ക് തുണയായി ബ്ലോക്കിനൊപ്പമുണ്ട്. വരാപ്പെട്ടി സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇതിനകം തന്നെ 10 വർഷമായി തരിശുകിടന്നിരുന്ന ഒന്നര ഏക്കർ പാടശേഖരത്ത് കൃഷി ആരംഭിച്ചു. ഭൂവുടമകളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കൃഷിച്ചെലവ് പൂർണ്ണമായി ബാങ്ക് ഏറ്റെടുക്കുകയായിരുന്നു. വിളവെടുക്കുമ്പോൾ കൃഷിക്കാർക്ക് സെന്റടിസ്ഥാനത്തിൽ നെല്ലോ, നെല്ല് വേണ്ടാത്തവർക്ക് പണമോ നല്കുവാനാണ് ബാങ്ക് തീരുമാനം. ശ്രീ ആന്റണി ജോൺ എം.എൽ.എ. ആയിരുന്നു കൃഷിയുടെ ഉദ്ഘാടനം നടത്തിയത്. ഇതുപോലെ തന്നെ കുത്തുകുഴി സഹകരണബാങ്ക് തരിശായി കിടന്ന 25 ഏക്കർ പാടത്തും 2.5 ഏക്കർ കരയിലും നെൽകൃഷി ആരംഭിച്ചു.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപനത്തിന് ബ്ലോക്കിന്റെ നേതൃത്വത്തിൽ ആരംഭിച്ച മറ്റൊരു പദ്ധതിയാണ് ഹരിതഭവനം പദ്ധതി. ഗ്രാമ പഞ്ചായത്തിൽ തുടക്കമിട്ട പദ്ധതി മറ്റുഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കർഷക കൂട്ടായ്മകളും ഇതിന് നേതൃത്വം നല്കുന്നുണ്ട്.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപനത്തിന് ബ്ലോക്കിന്റെ നേതൃത്വത്തിൽ ആരംഭിച്ച മറ്റൊരു പദ്ധതിയാണ് ഹരിതഭവനം പദ്ധതി. ഗ്രാമപഞ്ചായത്തിൽ തുടക്കമിട്ട പദ്ധതി മറ്റുഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കർഷക കൂട്ടായ്മകളും ഇതിന് നേതൃത്വം നല്കുന്നുണ്ട്. ഹരിതഭവനം പദ്ധതിയുടെ ഭാഗമായി മികച്ച അടുക്കളത്തോട്ടവും മികച്ച മട്ടുപ്പാവ് കൃഷിയും നടത്തുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങളും ഏർപ്പെടുത്തിയിരിക്കുകയാണ്. സുഭിക്ഷകേരളം പദ്ധതി ആരംഭിച്ച് 2 മാസക്കാലമെത്തുമ്പോൾ വ്യത്യസ്തങ്ങളായ മാതൃകയുമായി ബഹുദൂരം മുന്നേറുകയാണ് കോതമംഗലം ബ്ലോക്ക്.

വിഷപച്ചക്കറികൾക്ക് തിരുവനന്തപുരം നഗരസഭയുടെ ലോക്ക്

കൊവിഡ് കാലത്ത് മാനസിക ഉല്ലാസത്തോടൊപ്പം ജൈവകൃഷിയും എന്ന ആശയവുമായി മുന്നോട്ടുപോവുകയാണ് തിരുവനന്തപുരം നഗരസഭ. സുഭിക്ഷകേരളം പദ്ധതിയുടെ ആഹ്വാനം ഏറ്റെടുത്ത് ഭക്ഷ്യോല്പാദനത്തിൽ നഗരസഭയെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനുള്ള തീവ്രയജ്ഞമാണ് മേയർ ബി. ശ്രീകുമാറിന്റെ നേതൃത്വത്തിലുള്ള ടീം നടത്തുന്നത്. വീട്ടിലെ കൃഷി ഭക്ഷ്യസുരക്ഷയ്ക്ക് എന്ന മുദ്രാവാക്യവുമായാണ് എല്ലാ വീടുകളിലും പച്ചക്കറി കൃഷി ഒരുക്കുന്നതിന് നഗരസഭ വിത്തും വളവും നല്കിയത്. കുടപ്പനക്കുന്ന് കൃഷിഭവന്റെ സഹകരണത്തോടെ 100 വാർഡുകളിലായി 20000 കിറ്റുകളാണ് നഗരസഭ വിതരണം ചെയ്തത്. വിത്തുകളും തൈകളും ജൈവവളക്കൂട്ടുമടങ്ങിയ കിറ്റിനോടൊപ്പം കൃഷിപാഠം പഠിപ്പിക്കുന്നതിനായി ഞാറ്റുവേല കലണ്ടറും കാർഷിക നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. അട്ടക്കുളങ്ങര സെൻട്രൽ സ്കൂളിലെ അന്തേവാസികളുടെ സേവനം പ്രയോജനപ്പെടുത്തിയാണ് വിത്തും വളവും വിതരണത്തിനായി തയ്യാറാക്കിയത്. നഗരസഭയുടെ ഈ ഉദ്യമത്തിൽ രാഷ്ട്രീയ-സാമൂഹിക-മാധ്യമ രംഗത്തെ

പ്രമുഖരും പിന്തുണയുമായി ഒപ്പമുണ്ട്. പദ്ധതിയുടെ ഉദ്ഘാടനം ധനകാര്യമന്ത്രി ഡോ. തോമസ് ഐസക്കാണ് നിർവഹിച്ചത്. നഗരപ്രദേശത്തെ ജൈവകൃഷിക്ക് ഈ ഉദ്യമം പുതിയ ഊർജ്ജം പകരുമെന്നും കുറഞ്ഞ ചെലവിൽ കൂടുതൽ ഉത്പാദനം എന്ന ആശയം ലക്ഷ്യത്തിൽ എത്തിക്കാൻ കഴിയുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ജൈവവള നിർമ്മാണത്തിനായി നഗരസഭ പ്രത്യേക പദ്ധതി തന്നെ ആവിഷ്കരിച്ചിരുന്നു. നഗരപ്രദേശത്തെ വീടുകളിൽ നിന്നും ശേഖരിച്ച അടുക്കള മാലിന്യവും നാടൻ പശുവിൻ ചാണകവും കൂട്ടിച്ചേർത്താണ് ജൈവവളക്കൂട്ട് ഉണ്ടാക്കി വിതരണം നടത്തിയത്.

കൃഷിയ്ക്കുവേണ്ട പ്രോത്സാഹനം മാത്രമല്ല, സ്വന്തമായി കൃഷി നടത്തിക്കൊണ്ടും നഗരസഭ മാതൃകയായിരിക്കുകയാണ്. നഗരസഭയ്ക്കൊപ്പം സ്വസ്തി ഫൗണ്ടേഷൻ, ചേമ്പർ ഓഫ് കോമേഴ്സ് തിരുവനന്തപുരം, അസോസിയേഷൻ ഓഫ് അഗ്രികൾച്ചർ ഓഫീസേഴ്സ് കേരള, പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ നർമ്മദാ ഷോപ്പിംഗ് കോംപ്ലക്സ്, ബീ ഹബ് തുടങ്ങിയവയും ചേർന്നാണ് നഗരത്തിലെ തരിശുനിലങ്ങൾ കണ്ടെത്തി കൃഷി ആരംഭിച്ചിരിക്കുന്നത്. കുറവൻകോ ണം, വട്ടിയൂർക്കാവ്, അട്ടക്കുളങ്ങര എന്നീ ഭാഗങ്ങളിൽ നഗരസഭ തരിശുഭൂമികൾ കണ്ടെത്തുകയും കിഴങ്ങുവർഗ്ഗവിളകൾ, പച്ചക്കറി എന്നിവയുടെ കൃഷി ആരംഭിച്ചിരിക്കുകയുമാണ്.

> ഉത് പാദനം മാത്രമല്ല, വിപണി ഇടപെടലും ശക്തമാക്കിയിരിക്കുകയാണ് നഗരസഭ. അധികമായി ഉത് പന്നങ്ങൾ ഉണ്ടാകുമ്പോൾ കർഷകർ നേരിടുന്ന മറ്റൊരു പ്രതിസന്ധിയാണ് ഉല്പന്നങ്ങൾക്കുവേണ്ട വിപണികളുടെ അഭാവം. ഇതിനു പരിഹാരം കണ്ടെത്തുവാൻ ഇടപെടലുകൾ സഗരസഭ നടത്തുകയുണ്ടായി.

ഉത്പാദനം മാത്രമല്ല, വിപണി ഇടപെടലും ശക്തമാക്കിയിരിക്കുകയാണ് നഗരസഭ. അധികമായി ഉത്പന്നങ്ങൾ ഉണ്ടാകുമ്പോൾ കർഷകർ നേരിടുന്ന മറ്റൊരു പ്രതിസന്ധിയാണ് ഉല്പന്നങ്ങൾക്കുവേണ്ട വിപണികളുടെ അഭാവം. ഇതിനു പരിഹാരം കണ്ടെത്തുവാൻ ഇടപെടലുകൾ സഗരസഭ നടത്തുകയുണ്ടായി. നഗരസഭയുടെ നേതൃത്വത്തിൽ മറ്റു ഏജൻസികളുടെ സഹകരണത്തോടെ നഗരത്തിലെ വിവിധ ഭാഗങ്ങളിലായി ഇരുപതിലധികം കർഷകവിപണികൾ കഴിഞ്ഞ 2 മാസക്കാലയളവിൽ സംഘടിപ്പിക്കുകയുണ്ടായി. പ്രാദേശിക കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങളാണ് ഈ വിപണിയിൽ വിറ്റഴിക്കപ്പെട്ടത്. നാടൻ വിഭവങ്ങളായ ചക്ക, മാങ്ങ, വാഴപ്പഴം, നാടൻ പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ തുടങ്ങിയവ കർഷകർ തന്നെ ചന്തയിൽ എത്തിച്ച് വിറ്റഴിച്ചു വരികയാണ്. ഇതിനുവേണ്ട സൗകര്യം സജ്ജമാക്കിക്കൊടുക്കുക എന്നതായിരുന്നു നഗരസഭയുടെ പങ്ക്.

ഇത്തരത്തിൽ കഴിഞ്ഞ 2 മാസക്കാലയളവിൽ ഉത്പാദനം മുതൽ വിപണനം വരെയുള്ള മേഖലകളിൽ ശക്തമായ ഇടപെടലുകൾ നടത്തി സുഭിക്ഷകേരളം എന്ന സംയോജിത ഭക്ഷ്യസുരക്ഷാപദ്ധതിയ്ക്ക് മികച്ച തുടക്കം കുറിച്ചിരിക്കുകയാണ് തിരുവനന്തപുരം നഗരസഭ. □

ലേഖകർ: സിന്ധു വി പി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ കോതമംഗലം ബ്ലോക്ക്
വിഷ്ണു എസ് പി, കൃഷി ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം.

മഴയുടെ നാട്ടറിവുകൾ

■ വി.കെ. ശ്രീധരൻ

മണ്ണിനെ രജസ്വലയാക്കി, ചെടികളിൽ വസന്തം തീർത്ത്, ജീവജാലങ്ങൾക്ക് ഹർഷോന്മാദമായി മഴക്കാലം. മഴയുടെ രാഗമാലിക തീർക്കുന്ന ഇടവപ്പാതിയും തുലാവർഷവും കേരളത്തിന്റെ സ്വന്തം. മൺസൂണിന്റെ സഹായമില്ലാതെ പ്രാദേശിക പ്രഭാവങ്ങളായി പെയ്യുന്ന ഇടമഴ.

മഴ പ്രകൃതിയുടെ വരദാനവും നിറചൈതന്യവും. ഉർവ്വരതയുടെ പ്രതീകം. പുതുസസ്യങ്ങൾ നാമ്പിടുന്നത് ഇക്കാലത്ത്. കർക്കിടകത്തിൽ ഉർവ്വരതയുടെ ദേവതയായ കനിയന് വയ്ക്കുന്ന ചടങ്ങ് വടക്കേ ഇന്ത്യയിലുണ്ട്. മഴ കൊണ്ടുവരുന്നത് നൊട്ടനാണെന്ന് തൃശ്ശൂർ ജില്ലയിലെ തോളൂർ ദേശത്തുകാർ വിശ്വസിക്കുന്നു. മഴ പെയ്യിക്കുവാൻ ആന്ധ്രയിൽ തവള കല്യാണവും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തമിഴ്നാട്ടിലും സ്ത്രീകളുടെ അനുഷ്ഠാന നൃത്തമായ കൊപ്പിയാളവും (ആളുകൾ ചെയ്തുകൂട്ടിയ പാപം കഴുകികളയാനായി കൊടുംപാപികളുടെ കോലമുണ്ടാക്കി കെട്ടി വലിക്കുന്ന ചടങ്ങ്) നിലവിലുണ്ട്. വിത്തിടുന്ന ദിവസം മഴയ്ക്കായി മാരിയമ്മയ്ക്ക് ബലി നൽകുന്ന ഏർപ്പാട് അട്ടപ്പാടിയിൽ നിലനിൽക്കുന്നു. മഴയെ ബന്ധിച്ച് നിർത്താൻ ഗോത്രസമൂഹങ്ങൾക്കാകും. ഇരിങ്ങാലക്കട കൂടൽമാണിക്യ ക്ഷേത്രത്തിലെ ഭരതസ്വാമിക്ക് താമരമാല നേരുന്നത് മഴ മാറ്റിവയ്ക്കാൻ.

മണ്ണിനെ രജസ്വലയാക്കി, ചെടികളിൽ വസന്തം തീർത്ത്, ജീവജാലങ്ങൾക്ക് ഹർഷോന്മാദമായി മഴക്കാലം. മഴയുടെ രാഗമാലിക തീർക്കുന്ന ഇടവപ്പാതിയും തുലാവർഷവും കേരളത്തിന്റെ സ്വന്തം. മൺസൂണിന്റെ സഹായമില്ലാതെ പ്രാദേശിക പ്രഭാവങ്ങളായി പെയ്യുന്ന ഇടമഴ. കാലവർഷം കന്നി പതിനഞ്ചുവരെയും തുലാവർഷം തുലാം പത്തു -പതിനഞ്ചുവരെയും ഉണ്ടാകാറുണ്ട്. ജീവൻ തുടിക്കുന്ന, പൊലിയുന്ന പെരുമഴക്കാലം. ചാറ്റൽ മഴ, പെരുമഴ, കള്ളമഴ, ഇടമഴ, നൂലു മഴ, തിരുവാതിരയിലെ തിരുമുറിയാമഴ എന്നിങ്ങനെ വർഷ ഋതുവിലെ വൈവിധ്യങ്ങൾ. മഴയും വെയിലും ഒന്നിച്ചുവന്നാൽ കുഞ്ഞിക്കുറുക്കന്റെ കല്യാണം. ഓർമ്മയുടെ ഋതുചര്യകളിൽ തെളിയുന്നത് മാരിവില്ലുകൾ. മഴക്കളികൾ, പാട്ടുകൾ, വള്ളംകളി, കരകാണാതെ നീണ്ടുകിടക്കുന്ന ജലശേഖരങ്ങൾ, പ്രകൃതിയിലെ പ്രണയഗീതങ്ങൾ. മേഘച്ചില്ലകളിൽ മഴയുടെ ഊഞ്ഞാലിട്ടപ്പോഴും മഴവെള്ളത്തിൽ കടലാസുവഞ്ചിയൊഴുക്കുകയും മീൻപിടിക്കാനും ചൂണ്ടയിടാനും നടന്നപ്പോഴും മഴപ്പേടിയും പനിബാധയുമുണ്ടായിരുന്നില്ല. കുളത്തിലും തോടുകളിലും മുങ്ങാംകുഴിയിട്ട് കളിക്കുമ്പോൾ, നീന്തൽ മത്സരത്തിലേർപ്പെട്ടുമ്പോൾ, മതിവരുവോളം നീരാടുമ്പോൾ, വിലക്കുകളും ഉണ്ടായിരുന്നില്ല. മണ്ണും മഞ്ഞും മഴയും വെയിലുമൊക്കെയായി കൂട്ടുകൂടിയപ്പോൾ കൈവന്നത് ദീർഘനാളത്തെ രോഗപ്രതിരോധം.

മഴയുടെ ദിശാസൂചികകൾ

മഴയുടെ ദിശാസൂചികകൾ വർഷമാപിനിയിലേതു പോലെ അടയാളപ്പെടുത്തിയ കാരണവർകുലം. ആകാശത്തിന്റെ വടക്കുകിഴക്ക് മൂലയിൽ കാർമേഘം കണ്ടാൽ മഴ സുനിശ്ചിതം. കുയിൽ രാത്രികാലങ്ങളിൽ തുടർച്ചയായി കരയുന്നത്, തവളയുടെയും വേഴാമ്പലിന്റെയും കരച്ചിൽ, കുളക്കോഴിയുടെ ശബ്ദം എന്നിവ മഴ പെയ്യിക്കുന്നതിന്. കള്ളിച്ചെടിയും പുഷ്ക്കരമൂലവും മുതലമൂക്കൻ ചെടിയും പൂക്കുന്നത് മഴയുടെ സൂചന. മഴനൂല് പ്രത്യക്ഷപ്പെട്ടാൽ പുതുമഴ ആരംഭിക്കുകയായി. കൊന്ന പൂക്കുന്നത് കടുത്തവേനലിന്റെ സൂചന. അതുകഴിഞ്ഞ് മഴയുണ്ടാകുമെന്ന പ്രതീക്ഷ. വിഷു കഴിഞ്ഞാൽ വേനലില്ല. തുലാമാസത്തിലെ അമാവാസിയാണ് സൂചന. തുലാപത്ത് കഴിഞ്ഞാൽ പിലാപൊത്തിലും കഴിയാമെന്നാണ്. ആലിന്റെ താങ്ങുവേരുകൾ മുറിക്കുമ്പോൾ വെള്ളം കണ്ടാൽ മഴക്കാലം ആസന്നമായി. ചന്ദ്രന്റെ പ്രഭാവ

ലയം അടുക്കുന്നതും അകലുന്നതും മഴയുടെ വരവും പോക്കും കുറിക്കുന്നു. പാമ്പ് വൃക്ഷശിഖരത്തിലേക്ക് കയറിയാൽ മഴ ഉണ്ടാകുമെന്നാണ്. ഉറുമ്പുകൾ മുട്ടകളുമായി പോകുന്നത് മഴ അടുക്കുമ്പോൾ. തോരാന പെരുന്നാളിന് ആന ഒലിച്ചുപോകുന്ന രീതിയിൽ അതിവർഷമുണ്ടാകുമെന്നാണ് വെപ്പ്. മണ്ണിൽനിന്ന് ഉയർന്ന് പൊങ്ങുന്നത് കറുത്ത ഈയ്യാംപാറ്റകളാണെങ്കിൽ മഴ തുടരുമെന്നും വെളുത്ത പാറ്റകളാണെങ്കിൽ മഴ നിലയ്ക്കുമെന്നുമാണ് വിശ്വാസം. തുമ്പികൾ താഴ്ന്ന പറക്കുന്നത് വർഷാഗമനവും ഉയരത്തിൽ പറക്കുന്നത് മഴ അകലുന്നതും സൂചിപ്പിക്കുന്നു. മഴയെ നിർണ്ണയിക്കുന്നത് കാറ്റിന്റെ ഗതി. ഇതിനെ കാറ്റ് പേർച്ച എന്ന് പറയുന്നു. തുലാം മാസം ആദ്യം കാറ്റ് വീശിയാൽ മേടം ആദ്യം മഴപെയ്യും. കാറ്റുണ്ടാകുന്നത് ചിത്തിര ഞാറ്റുവേലയിലാണെങ്കിൽ അശ്വതി ഞാറ്റുവേലയിൽ മഴ തുടങ്ങുമെന്നാണ് നിഗമനം. മകരം ഇരുപത്തിയെട്ടിന് (ഇരുപത്തിയെട്ടുച്ചാൽ) ഉമ്മറവാതിലിൽ തൂക്കിയിടുന്ന തുണി കാറ്റനുസരിച്ച് നേരെ നിന്നാൽ ഇടവപ്പാതി ഇടവം പതിനഞ്ചിന്. ചെരിയുന്നതനുസരിച്ച് നേരത്തേയോ വൈകിയോ ആകും. വൈക്കോൽ തുറുവിന്റെ മുകളിലും തുണി കെട്ടാറുണ്ട്. ഇതാണ് കുടം പകർച്ച. വിഷുഫലം അനുസരിച്ച് വിഷു (മേടം ഒന്ന്) ശനിയാഴ്ചയാണെങ്കിൽ ഏറ്റവും നല്ലതായ ഒരു പറവർഷം. ഞായർ, ചൊവ്വ ദിവസങ്ങളിലായാൽ കൃഷിക്ക് ഗുണമുള്ള രണ്ടുപറ വർഷം. സമൃദ്ധിയില്ലാത്ത മൂന്നുപറ വർഷം ഉണ്ടാകുന്നത് വിഷു തിങ്കൾ, ബുധൻ ആഴ്ചകളിൽ വന്നാലാണ്. ഏറ്റവും മോശവും ദാരിദ്ര്യമുണ്ടാക്കുന്നതുമായ നാലുപറ വർഷം പ്രവചിക്കപ്പെടുന്നത് വിഷു വ്യാഴം, വെള്ളി ദിവസങ്ങളിലാകുമ്പോൾ. അറുപത് യോജന വീതിയും നൂറ് യോജന നീളവുമുള്ള ഒരു സ്ഥലത്ത് പെയ്യുന്ന മഴയുടെ അളവാണ് പറ. ഒരു യോജന എന്നാൽ പത്ത് മൈൽ. വയനാട്ടിലെ ആദിവാസികളുടെ വിശ്വാസമനുസരിച്ച് പുലച്ചികായയിൽ ഒന്ന്, രണ്ട്, മൂന്ന് വിത്തുകളുണ്ടെങ്കിൽ യഥാക്രമം ഒരു പറ, രണ്ടുപറ, മൂന്നുപറ എന്നിങ്ങനെയായിരിക്കും. വർഷപാതം. സൂക്ഷ്മ നിരീക്ഷണത്തിൽ ആർജ്ജിച്ച കാലാവസ്ഥാ പ്രവചനത്തിന്റെ നാട്ടറിവുകൾക്ക് ഋതുഭേദങ്ങളിൽ മങ്ങലേറ്റിട്ടുണ്ട്.

മഴയും ഞാറ്റുവേലയും

കൃഷിക്ക് ഏറ്റവും യോജിച്ച സമയം കണ്ടെത്തുന്നതിന് കാലാവസ്ഥാ പഠനം നടത്തിയതിന്റെ ഉത്തമ നിദർശനമാണ് ഞാറ്റുവേല സങ്കല്പം. ഒരു വർഷത്തിൽ ലഭിക്കുന്ന മൊത്തം മഴയെ സൂര്യന്റെ നക്ഷത്രസ്ഥിതിയ്ക്കനുസരിച്ച് 27 ഞാറ്റുവേലകളായി തിരിച്ചിരിക്കുന്നു. കാർത്തിക, മകയിരം, പുണർതം മുതലായ ഞാറ്റുവേലകൾ രണ്ടു രാശികളിലായിരിക്കും. ഞാറ്റുവേല പകൽ പിറക്കുന്നത് ശുഭകരമല്ലെന്ന് വിശ്വാസം.

> വിഷു ശനിയാഴ്ചയാണെങ്കിൽ ഏറ്റവും നല്ലതായ ഒരു പറവർഷം. ഞായർ, ചൊവ്വ ദിവസങ്ങളിലായാൽ കൃഷിക്ക് ഗുണമുള്ള രണ്ടുപറ വർഷം. സമൃദ്ധിയില്ലാത്ത മൂന്നുപറ വർഷം ഉണ്ടാകുന്നത് വിഷു തിങ്കൾ, ബുധൻ ആഴ്ചകളിൽ വന്നാലാണ്. ഏറ്റവും മോശവും ദാരിദ്ര്യമുണ്ടാക്കുന്നതുമായ നാലുപറ വർഷം പ്രവചിക്കപ്പെടുന്നത് വിഷു വ്യാഴം, വെള്ളി ദിവസങ്ങളിലാകുമ്പോഴാണ്.

മഴയുടെ തീവ്രതയും വിതരണവും വിവരിക്കുന്ന ചൊല്ലുകൾ അസംഖ്യം. ചോതി വർഷിച്ചാൽ ചോറ്റിന് പഞ്ഞമില്ല, അത്തം ഇരുണ്ടാൽ ഓണം വെളുക്കും, അന്തിക്ക് വരുന്ന മഴ നീളും അതിരാവിലെ പെയ്യുന്ന മഴ വേഗം മാറും, ചെമ്മാനം കണ്ടാൽ അമ്മാനം മഴയില്ല, പടിഞ്ഞാറൻ ചക്രവാളത്തിലാണ് മാരിവില്ലെങ്കിൽ മഴ തുടരും.

പുണർതത്തിൽ പുകഞ്ഞ മഴയാണ്. പൂയം ഞാറ്റുവേലയിൽ പുല്ലും പൂവണിയും. കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല്. മകരമഴ മലയാളം മുടിക്കുന്നത്. മകരകൊയ്ത്ത് കഴിഞ്ഞാൽ നെല്ലിന് ഉത്തമമായ മഞ്ഞുള്ള കാലമാണ് മകരം. കേരളത്തിൽ വേനൽക്കാല ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന മാവുകളിലും പ്ലാവുകളിലും കായ് വിരിയുന്ന സമയത്ത് മഴപെയ്താൽ വിളനാശമുണ്ടാകുമെന്ന് ദൂരക്കാഴ്ച. 101 വെയിലും 101 മഴയുമുള്ള തിരുവാതിര ഞാറ്റുവേലയിൽ അമൃത് വർഷിക്കുമെന്ന് വിശ്വാസം. അത്തവർഷം അതിശക്തം. മകീരത്തിൽ മഴ മതി മറയും. അശ്വതി, ഭരണി ഞാറ്റുവേലകളിൽ ഇടയ്ക്കിടെയാണ് മഴ പെയ്യുക.

ഞാറ്റുവേല കൃഷിമുഹൂർത്തവും കുറിക്കുന്നു. ഭരണിയിൽ ഇട്ട വിത്തും ഭരണിയിലിട്ട നെല്ലിക്കയും കേമം. മൂപ്പ് കൂടിയ മുണ്ടകൻ വിത്തുകൾക്ക് ആദ്യ ഞാറ്റുവേലകൾ ഉത്തമം. ചോതി കഴിഞ്ഞാൽ ചോദ്യമില്ലെന്നാണ്. മഴയില്ലാത്തതിനാൽ പിന്നെ കൃഷിയിറക്കരുതെന്നർത്ഥം. രേവതി, അശ്വതി, ഭരണി, കാർത്തിക എന്നിവ ഒന്നാം വിളയ്ക്കും ആയില്യം, മകം എന്നീ ഞാറ്റുവേലകൾ രണ്ടാം വിളയ്ക്കും നല്ലതാണെന്ന് സാമാന്യമതം. മേടം തെറ്റിയാൽ മോടൻ തെറ്റി. പുണർതത്തിൽ പറിച്ചുനടുന്നവർ ഗുണഹീനൻ എന്ന് കൃഷിഗീത. ഞാറ്റുവേല പകർച്ചയ്ക്ക് വിത്ത് വിതയ്ക്കരുത്. വിരിപ്പ് നട്ടുണങ്ങണം. മുണ്ടകൻ നട്ടുമുങ്ങണം എന്നാണ് ചൊല്ല്. മുച്ചിങ്ങ (അതായത് ചിങ്ങത്തിൽ ആദ്യത്തെ മൂന്ന് ദിവസം) മഴപെയ്താൽ മച്ചിങ്ങൽ നെല്ല് ഉണ്ടാകില്ല. ചാമയ്ക്ക് അശ്വതി, പഴവർഗ്ഗങ്ങൾക്ക് രോഹിണി, എള്ളിന് മകം, തെങ്ങിനും അമരയ്ക്കും തിരുവാതിര എന്നീ ഞാറ്റുവേലകൾ അനുയോജ്യം. പയർവർഗ്ഗങ്ങൾക്ക് മറ്റു സമയങ്ങളിൽ കിളി, അണ്ണാൻ ശല്യം കൂടുതലായിരിക്കും. കമ്പുകളും ഫലവൃക്ഷങ്ങളുടെ വിത്തുകളും നടാൻ അത്യുത്തമം തിരുവാതിര. ഇടവിളകളായ എള്ളിനും മുതിരയ്ക്കും നേരിയ മഴയേ വേണ്ടൂ. മുതിരയ്ക്ക് മൂന്ന് മഴയെന്ന് ചൊല്ല്. എന്നാൽ അമരതടത്തിൽ തവള കരയണമെന്നും ഓതിക്കൊടുത്തു. മത്തയും കുമ്പളവും നടുന്നതും ഇടമഴ കിട്ടുന്ന കുംഭം, മീനം മാസങ്ങളിലെ ഭരണി നാളുകളിൽ. അത്തം ഞാറ്റുവേലയിൽ അകലെ കൊണ്ടു വടിച്ചു നട്ടാൽ മതി. കാർഷിക സമൃദ്ധിയുടെ സാധന പാഠങ്ങൾ നെയ്തെടുത്ത പഴയ തലമുറ വിള വർദ്ധനവിനായി ഞാറ്റുവേല കൂടാതെ അനുകൂലമായ നാളുകളും മുഹൂർത്തങ്ങളും കണ്ടെത്തി. എന്നാൽ വിത്തുകൾ കൈമോശം വന്ന കർഷകന് കാലാവസ്ഥാ വ്യതിയാനത്തിൽ ഞാറ്റുവേലകൾ കൂടി ക്രമം തെറ്റിയത് കനത്ത പ്രഹരമായി. മഴ കലണ്ടറും വെള്ളത്തിന്റെ ബഡ്ജറ്റും തയ്യാറാക്കി കാലദേശങ്ങൾക്കനുസൃതമായി കൃഷിചെയ്തിരുന്നവർക്ക് കണക്കു പിഴച്ചു. അതുകൊണ്ട് പുതിയ വിത്ത്, വളം, കീടനാശിനി, യന്ത്രസംവിധാനങ്ങൾ, ജലസേചനം എന്നിവയിലേക്ക് തിരിയേണ്ടിവരികയും കൃഷി ചെലവ് വർദ്ധിക്കുകയും ചെയ്തു. പ്രാദേശിക ജ്ഞാന ശേഖരങ്ങളിൽ നിന്നും പ്രായോഗികവും ഗുണപ്രദവുമായ വശങ്ങൾ നമുക്ക് സ്വാംശീകരിക്കേണ്ടതുണ്ട്.

തിരുവനന്തപുരം

■ ഡോ. വിളക്കുടി രാജേന്ദ്രൻ

അതിപുരാതനമായ ക്ഷേത്രനഗരമാണ് തിരുവനന്തപുരം. തമിഴ് വൈഷ്ണവ ഭക്തനായ നമ്മാഴ്‌വാരുടെ തിരുവായ്മൊഴികളിലാണ് (9-ാം നൂറ്റാണ്ട്) ഈ സ്ഥലത്തെപ്പറ്റിയുള്ള ആദ്യപരാമർശം. അനന്തപുരം എന്നാണ് പ്രയോഗം. പിൽക്കാലത്ത് ഇത് തിരുവനന്തപുരമായി. സംസ്കൃതത്തിലെ ശ്രീ എന്ന ശബ്ദത്തിന്റെ തദ്ഭവമാണ് തിരു. ക്ഷേത്രങ്ങളുമായി ചേർന്ന മിക്ക സ്ഥലനാമങ്ങളിലും ശ്രീയോ തിരുവോ വിശേഷണപദമായി കാണും. (ഉദാ:- തിരുവല്ലം, തിരുനാവായ) അങ്ങനെ ശ്രീ അനന്തപുരം എന്ന സംസ്കൃതനാമം മലയാളത്തിൽ തിരുവനന്തപുരമായി. ശ്രീപത്മനാഭസ്വാമിക്ഷേത്ര ത്തിലെ പ്രതിഷ്ഠാമൂർത്തിയായ മഹാവിഷ്ണുവിന്റെ പേരിലാണ് നഗരം അറിയപ്പെടുന്നത്.

കുറച്ചുകാലം മുമ്പുവരെ തിരുവാനന്തപുരം എന്നും പേരുണ്ടായിരുന്നു. ആനന്ദൻ മഹാവിഷ്ണുവാണല്ലോ. ജൈനഭിക്ഷുവായിരുന്ന ആനന്ദതീർഥങ്കരന്റെ പേരാണ് ആനന്ദപുരവും പിന്നീട് അനന്തപുരവുമായതെന്ന അഭിപ്രായവുമുണ്ട്. തിരുവനന്താപുരവും പ്രയോഗത്തിലിരുന്നു എന്നതിന് 'തിരുവനന്താപരും തങ്കുമാനന്ദനനെ' (ലീലാതിലകം - പാട്ടിന്റെ ഉദാഹരണ ശ്ലോകം) എന്ന സ്തുതി തെളിവാണ്. സ്യാനന്ദൂരം (അടുത്തുചെല്ലുമ്പോൾ ആനന്ദം ഉളവാക്കുന്നത്) എന്നും പ്രയോഗമുണ്ടായിരുന്നു. തിരുവനന്തപുരത്തിന്റെ സംസ്കൃതീകൃതരൂപമാണിത്.

ഇംഗ്ലീഷ് ഉച്ചാരണത്തിനു വഴങ്ങുന്ന മട്ടിൽ Trivandrum എന്ന് എഴുതിയിരുന്നത് ഇപ്പോൾ Thiruvananthapuram എന്ന് മാറ്റിയിട്ടുണ്ട്. തിരുവനന്തപുരം ഉൾപ്പെടെയുള്ള ആറു ജില്ലകളുടെയും പതിനേഴ് താലൂക്കുകളുടെയും പേര് മാനകീകരിച്ചുള്ള സർക്കാർ ഉത്തരവുണ്ടായിട്ട് ഇപ്പോൾ 30 വർഷം കഴിയുന്നു. (1990 ഫെബ്രുവരി 7ലെ ജി.ഒ (പി) നമ്പർ 133/90/ആർ.ഡി). 12-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്നു കരുതുന്ന സ്യാനന്ദൂരപുരാണസമുച്ചയത്തിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്ര ചരിത്രം വിവരിക്കുന്നു. അതിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള 12 തീർത്ഥങ്ങളും ഈ നഗരപരിസരത്തിൽ ഇപ്പോഴും കാണാം.

17-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രസിദ്ധമായ ഇവിടത്തെ ക്ഷേത്രത്തിന്റെ പേരു കൊണ്ടുമാത്രം അറിയപ്പെട്ടിരുന്നു. കുഗ്രാമമായിരുന്നു തിരുവനന്തപുരം എന്ന് സർദാർ കെ.എം. പണിക്കർ രേഖപ്പെടുത്തിയിട്ടുണ്ട് (കേരള സ്വാതന്ത്ര്യസമരം). ആദ്യകാലത്ത് ക്ഷേത്രത്തെയും പരിസരപ്രദേശത്തെയും മാത്രം കുറിച്ചിരുന്ന പേര് പിൽക്കാലത്ത് വിസ്തൃതമായ ഒരു പ്രദേശത്തിന്റെ മുഴുവൻ പേരായി. ഒരു കാലത്ത് തിരുവനന്തപുരം നഗരം എന്നു പറഞ്ഞാൽ കോട്ടയ്ക്കകവും ചുറ്റുവട്ടവും മാത്രമായിരുന്നു. ദിവാൻ കച്ചേരിയും രായസംപിള്ളമാരും കാര്യവിചാരങ്ങളുമെല്ലാം അവിടെയായിരുന്നു.

കൊല്ലമായിരുന്നു തിരുവിതാംകൂറിന്റെ പഴയ തലസ്ഥാനം. 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ, ധർമരാജാവിന്റെ കാലത്ത് ആസ്ഥാനം തിരുവനന്തപുരത്തേക്കു മാറ്റാൻ ശ്രമങ്ങൾ തുടങ്ങിയിരുന്നു. സ്വാതിതിരുനാളിന്റെ കാലത്ത് 1834-ൽ തലസ്ഥാനമാറ്റം പൂർണ്ണമായി. കൊല്ലത്തിനു പുറമെ ഇന്ന് തമിഴ്നാട്ടിലുള്ള തിരുവിതാംകൂർ രാജാക്കന്മാരുടെ ആസ്ഥാനനഗരിയായിരുന്നു. കൽക്കുളത്തിന്റെ പേര് പത്മനാഭപുരം എന്നു മാറ്റിയത് മാർത്താണ്ഡവർമ്മയാണ്.

ഏഴു കുന്നുകളുടെ നഗരമാണ് തിരുവനന്തപുരം. കനകകുന്ന്, ഒബ്സർവേറ്ററി ഹിൽ, ബാർട്ടൺ ഹിൽ, രാജ്ഭവൻ കുന്ന്, കവടിയാർകുന്ന്, കോട്ടൺഹിൽ, തിരുമല എന്നിവയാണ് ഈ കുന്നുകൾ. □

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ–8

ഓണക്കിനാവായി പുന്നെല്ലു തിളയ്ക്കുന്ന ചെമ്പുകുട്ടകം

■ മുരളീധരൻ തഴക്കര

നെല്ലും നെല്ലുപുഴുക്കും കുട്ടകവും തമ്മിൽ വലിയ ആത്മബന്ധമുണ്ട്. നെല്പാടങ്ങൾ ഹരിതസമൃദ്ധിയും ഒപ്പം സമ്പൽസമൃദ്ധിയും ചുരത്തിയ ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. അക്കാലത്ത് ഒരു ഗൃഹോപകരണം എന്ന നിലയിൽ കുട്ടകത്തിന് പ്രാധാന്യം ഏറെയുണ്ടായിരുന്നു.

ഓണത്തിന്റെ പൂവിളികളുമായി ചിങ്ങമാസമെത്തുമ്പോൾ പുന്നെല്ലു പുഴുങ്ങിയെടുക്കുന്ന 'ചെമ്പുകുട്ടകം' ഓർമ്മയിൽ ഓടിയെത്തും. ഓണം ഓർമ്മകളുടെ ഉത്സവമാണല്ലോ. ഓണത്തിന്റെ വരവ് കൊയ്ത്തും മെതിയും അതിന്റെ ആഹ്ലാദവും ചേർന്നതായിരുന്നു. മുറ്റത്ത് മൂന്നു കല്ലുകൾ കൂട്ടി വലിയ അടുപ്പുണ്ടാക്കി അതിൽ ഈയം പൂശി തേച്ചുമിനുക്കിവെച്ചിരിക്കുന്ന ചെമ്പുകുട്ടകം നിറയെ നെല്ലുപുഴുങ്ങുന്നതോടെയാണ് ഓണത്തിന്റെ ഒരുക്കം തുടങ്ങുന്നത്.

ചൂട്ടും തണ്ടങ്ങും കരിയിലയും വിറകുമുട്ടികളും അടുപ്പിൽവെച്ച് തീ കത്തിച്ചും നെല്ലിന്റെ വേവ് നോക്കിയും കാത്തിരിക്കുന്ന വീട്ടമ്മമാർ. നന്നായി വെന്ത് നെല്ലിന്റെ മോടം പൊട്ടുന്ന സമയമാകുമ്പോൾ ഇരുവശത്തും നിന്ന് കുട്ടകത്തിന്റെ കാതുകളിൽ പിടിച്ച് ചരിച്ച് വെള്ളം മുഴുവൻ വാർത്തുകളഞ്ഞു പുഴുക്കനെല്ലു കുട്ടയിലാക്കി ചിക്കുപായയിൽ നിരത്തുന്നു. ഇത് ഇന്നും മനസ്സിൽ ബാക്കി നിൽക്കുന്ന അമ്മമനസ്സിന്റെ നന്മയാണ്. ഇന്നിപ്പോൾ ചെമ്പുകുട്ടകവും പുന്നെല്ലും മുറ്റത്തെ അടുപ്പുമെല്ലാം കാലത്തിന്റെ നിലവറയിലെ നിറം മങ്ങിയ ഓർമ്മച്ചിത്രങ്ങളായി.

പക്ഷെ കുട്ടകം തീർത്തും അപ്രത്യക്ഷമായ കാഴ്ചയല്ല - വളരെ പരിമിതമായി അങ്ങിങ്ങ് ഇപ്പോഴും ഉപയോഗത്തിലുണ്ടെന്ന് വേണമെങ്കിൽ പറയാം. വലിയ വായ്‌വട്ടവും ആഴവുമുള്ള ഈ ചെമ്പുപാത്രത്തിന്റെ ഇരുവശങ്ങളിലായി വലിയ കാതുകളുണ്ട്. കൂട്ടതലായി അരി വെയ്ക്കേണ്ടിവരുമ്പോഴും, നെല്ലുപുഴുങ്ങാനും പ്രസവരക്ഷയ്ക്കായി വേതുവെള്ളം തിളപ്പിച്ചിടാനും കല്യാണത്തി

...എന്ന് വായനക്കാർ

കേരളം സ്വയം പര്യാപ്തമാകട്ടെ

ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ച് 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് സംഘടനകളും വ്യക്തികളും ഏറ്റെടുക്കുകയാണ്. പഞ്ചായത്ത്‌രാജ് മാസികയുടെ ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിച്ച മന്ത്രിമാരായ എ.സി. മൊയ്തീൻ, ജെ. മെഴ്സിക്കുട്ടി അമ്മ, വി.എസ്. സുനിൽകുമാർ, കെ.രാജു എന്നിവരുടെ ലേഖനങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നത് കാർഷികോൽപന്നങ്ങളുടെയും മത്സ്യം, മുട്ട, പാൽ എന്നിവയുടെയും ഉൽപ്പാദനത്തിൽ നമ്മുടെ സംസ്ഥാനത്തിന് ഒരു പരിധിവരെയെങ്കിലും സ്വയംപര്യാപ്തമാകാൻ കഴിയും എന്നു തന്നെയാണ്. ഒരു വർഷംകൊണ്ട് 3860 കോടി രൂപ ചെലവഴിച്ച് 25,000 ഹെക്ടർ തരിശുനിലത്തിൽ കൃഷിയിറക്കുമെന്ന സർക്കാർ പ്രഖ്യാപനം ഈ മേഖലയെ ശക്തിപ്പെടുത്തും. കൊവിഡ് അടച്ചിടൽ മൂലം തകർന്ന കാർഷിക മേഖലയെയും വിപണിയെയും ഉത്തേജിപ്പിക്കാൻ ഈ തീരുമാനത്തിന് കഴിയുമെന്ന് തന്നെ നമുക്ക് കരുതാം. കൊവിഡ് രോഗത്തെ ചെറുക്കുന്നതിന് നാം കൂട്ടായി പ്രയത്നിച്ചതു പോലെ സുഭിക്ഷ കേരളം പദ്ധതി വിജയിപ്പിക്കുന്നതിനും കൂട്ടായ ഒരു യജ്ഞം നടത്താം. പാംപ്ലാനിയിൽ ലിമ ബിജുവിന്റെയും ആനക്കരയിലെ ശശീന്ദ്രന്റെയും കൃഷിയിടങ്ങളെ പരിചയപ്പെടുത്തിയത് ഈ അവസരത്തിൽ ഉചിതമായി. കർഷകർക്ക് പ്രചോദനമാകുന്ന രീതിയിൽ മാസിക പ്രസിദ്ധീകരിച്ചതിന് അണിയറ പ്രവർത്തകർ അഭിനന്ദനമർഹിക്കുന്നു.

കെ. കെ. ശങ്കരൻകുട്ടി, തൃശ്ശൂർ

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

നും മറ്റ് വിശേഷങ്ങൾക്കും വീടുകളിൽത്തന്നെ സദ്യയൊരുക്കിയിരുന്നപ്പോൾ അല്പം ദൂരത്തുനിന്നും വെള്ളം ചുമന്നുകൊണ്ടുവരാനും, സദ്യ കഴിഞ്ഞ് കൈ കഴുകുവാനായി വെള്ളം നിറച്ചുവെയ്ക്കാനും തുടങ്ങി വളരെയേറെ ഉപയോഗങ്ങളുള്ള വിവിധോദ്ദേശ വീട്ടുപാത്രമായിരുന്നു കുട്ടകം. വെള്ളം നിറച്ച കുട്ടകത്തിന്റെ കാതുകളിലൂടെ ഉലക്ക കടത്തി ദേഹണ്ണക്കാരിൽ രണ്ടുപേർ ചേർന്ന് തോളിൽ താങ്ങിയാണ് വീടുകളിൽ സദ്യ ഒരുക്കാൻ വെള്ളം ചുമന്നിരുന്നത്. പഴയ തറവാടുകളിൽ കൊച്ചുകുട്ടകം, വലിയകുട്ടകം, ഇടത്തരം കുട്ടകം എന്നിങ്ങനെ വിവിധ വലിപ്പത്തിലുള്ള ഒന്നിലധികം കുട്ടകങ്ങൾ ഉണ്ടായിരുന്നു. ചെമ്പുകുട്ടകങ്ങളുടെ ഈ ശേഖരം പഴയ തറവാടുകളുടെ മഹിമയുടെയും പ്രൗഢിയുടെയും നേരടയാളം കൂടിയായിരുന്നു.

നെല്ലും നെല്ലുപുഴുക്കും കുട്ടകവും തമ്മിൽ വലിയ ആത്മബന്ധമുണ്ട്. നെല്പാടങ്ങൾ ഹരിതസമൃദ്ധിയും ഒപ്പം സമ്പൽസമൃദ്ധിയും ചുരത്തിയ ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. അക്കാലത്ത് ഒരു ഗൃഹോപകരണം എന്ന നിലയിൽ കുട്ടകത്തിന് പ്രാധാന്യം ഏറെയുണ്ടായിരുന്നു. മാസത്തിൽ ഒന്നും രണ്ടും പ്രാവശ്യം നെല്ല് പുഴുങ്ങി കുത്തുക എന്നത് അത്യന്താപേക്ഷിതമായിരുന്നു. അതിന് "കുട്ടകം" കൂടിയേ തീരൂ. പുരാണേതിഹാസങ്ങളിലെല്ലാം 'കടാഹം' എന്നാണ് കുട്ടകത്തെ പറയുക. ഈ പ്രപഞ്ചത്തെയാകെ നാം 'അണ്ഡകടാഹം' എന്നാണ് വിശേഷിപ്പിക്കുക. നമുക്ക് വേണ്ടത്രയറിയാത്ത അനന്തശൂന്യതയെ 'കുട്ടകത്തിന്റെ വായ് പോലെ' എന്നാണ് പഴമക്കാർ സങ്കല്പിച്ചത്.

കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളിൽ 'കുട്ടകം' പലപ്പോഴും പരാമർശിക്കപ്പെടുന്നുണ്ട്. മകനെക്കുറിച്ചുള്ള ഒരു അമ്മയുടെ വ്യഥയും വേവലാതിയും പറയുമ്പോൾ പ്രിയപ്പെട്ട കവി ബാലചന്ദ്രൻ ചുള്ളിക്കാട് 'അമ്മയുള്ളിൽ ചെമ്പുകുട്ടകത്തിലെ പുന്നെല്ല് തിളയ്ക്കുമ്പോൾ' എന്നാണെഴുതിയത്. നിറഞ്ഞിരിക്കുമ്പോഴും മനസ്സുരുകുന്ന വേദന - അത് സൂചിപ്പിക്കാൻ ഇതിലും ശക്തമായൊരു ബിംബം മറ്റെന്താണുള്ളത്? ചില പ്രദേശങ്ങളിൽ കുട്ടകത്തെ 'കുട്ടുവം' എന്നും പറയാറുണ്ട്. പല വലുപ്പത്തിലുള്ള പ്ലാസ്റ്റിക് ബക്കറ്റുകളും അലൂമിനിയം ചരുവങ്ങളും സാർവ്വത്രികമായതോടെ വെള്ളം സംഭരിച്ചുവയ്ക്കുവാൻ കുട്ടകത്തിന്റെ ആവശ്യം ഇല്ലാതായി. മാത്രമല്ല, ചെമ്പുകുട്ടകങ്ങൾക്ക് പകരം പിൽക്കാലത്ത് സങ്കരലോഹ നിർമ്മിതമായ കുട്ടകങ്ങളും സർവ്വസാധാരണമായി. ഇന്നിതാ ഉപയോഗിച്ചില്ലെങ്കിലും കാഴ്ചവസ്തുവായി പഴയ കുടുംബങ്ങളിൽ ഇപ്പോഴും കുട്ടകമുണ്ട്. പുതിയ വീടിന്റെ സ്റ്റോർ മുറിയുടെ മൂലയിൽ സ്ഥലംമെനക്കെടുത്തുന്നു എന്ന പഴി കേട്ട് ക്ലാവ് പിടിച്ച് കരിപ്രതലത്തോടെ നഷ്ടപ്രതാപങ്ങൾ അയവിറക്കി മോക്ഷം കാത്തു കഴിയുന്നു!

നെല്ലുപുഴുങ്ങിക്കുത്തുന്നതിനെക്കുറിച്ചും കുട്ടകത്തിൽ നെല്ല് പുഴുങ്ങുന്നതിനെക്കുറിച്ചും ചിക്കുപായയിൽ നിരത്തി ഉണക്കുന്നതിനെക്കുറിച്ചും അത് മില്ലിൽ കൊണ്ടുപോയി കുത്തി അരിയാക്കുന്നതിനെക്കുറിച്ചുമൊക്കെപ്പറഞ്ഞാൽ പുതിയ തലമുറയിൽ എത്രപേർക്ക് മനസ്സിലാകും? ആകവേ ശീതീകരിച്ച സൂപ്പർമാർക്കറ്റുകളിൽ നിന്ന് ഒരു വ്യാവസായിക ഉല്പന്നം കണക്കെ കുട്ടിച്ചാക്കിൽ നിറച്ചുവരുന്ന വിവിധ ബ്രാൻഡുകളിലുള്ള അരിയെക്കുറിച്ചു മാത്രമേ ഇപ്പോൾ നമുക്കറിയൂ.

ചിങ്ങമാസത്തിൽ ഓണക്കാലത്ത് ഓർക്കാൻ ഏറ്റവും അനുയോജ്യമായ ഗൃഹോപകരണം എന്ന നിലയിലാണ് 'ചെമ്പുകുട്ടകം' മനസ്സിലെത്തിയത്. പടിയിറങ്ങിപ്പോയ ചില ഭൂതകാല നന്മകൾ എന്നെങ്കിലും മടങ്ങിവരുമെന്ന സ്വപ്നമാണല്ലോ മലയാളിക്ക് ഓണം. ഓണവുമായി ഏറെ പാരസ്പര്യമുള്ള ഒരു ഗ്രാമനന്മ എന്ന നിലയിൽ 'കുട്ടകം' ഒരു കൗതുകകാഴ്ചയായെങ്കിലും അവശേഷിക്കട്ടെ! □

ചിങ്ങമാസത്തിൽ ഓണക്കാലത്ത് ഓർക്കാൻ ഏറ്റവും അനുയോജ്യമായ ഗൃഹോപകരണം എന്ന നിലയിലാണ് 'ചെമ്പുകുട്ടകം' മനസ്സിലെത്തിയത്. പടിയിറങ്ങിപ്പോയ ചില ഭൂതകാല നന്മകൾ എന്നെങ്കിലും മടങ്ങിവരുമെന്ന സ്വപ്നമാണല്ലോ മലയാളിക്ക് ഓണം. ഓണവുമായി ഏറെ പാരസ്പര്യമുള്ള ഒരു ഗ്രാമനന്മ എന്ന നിലയിൽ 'കുട്ടകം' ഒരു കൗതുകകാഴ്ചയായെങ്കിലും അവശേഷിക്കട്ടെ!

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) July 2020
Annual Subscription ₹120, Published on 20 July 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20



Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS